# ബജറ്റ് പ്രസംഗം

## 2014 - 2015

**ശ്രീമതി ഭദ്ര ബി.**

**ഡെപ്യൂട്ടി മേയർ**

**2014 ഫെബ്രുവരി 17**

**കൊച്ചി നഗരസഭ**

# ഉള്ളടക്കം


| | | പേജ് നമ്പർ |
|---|---|---|
| 1. | ആമുഖം | 7 |
| 2. | 2013-2014 ലെ പുതുക്കിയ ബജറ്റും 2014-2015 ലെ ബജറ്റ് നിർദ്ദേശവും | 14 |
| 3. | ഗതാഗതം | 15 |
| 4. | റോഡുകൾ | 15 |
| 5. | മേൽപ്പാലങ്ങൾ | 17 |
| 6. | ജംഗ്ഷൻ നവീകരണം | 19 |
| 7. | പൊതുഗതാഗത സൗകര്യങ്ങൾ | 19 |
| 8. | ബസ് റീ റൂട്ടിംഗ് | 22 |
| 9. | നോൺ മോട്ടോറൈസ്ഡ് ട്രാൻസ്പോർട്ട് സിസ്റ്റം | 22 |
| 10. | ഇ-റിക്ഷകൾ | 22 |
| 11. | ആധുനിക ഓട്ടോസ്റ്റാന്റുകൾ | 24 |
| 12. | ഓട്ടോറിക്ഷകളിൽ ജി.പി.എസ്. സംവിധാനം | 24 |
| 13. | സൊലൂഷ്യൻസ് പദ്ധതി | 25 |
| 14. | ജലഗതാഗതം | 26 |
| 15. | മാലിന്യ സംസ്കരണം | 27 |
| 16. | ബ്രഹ്മപുരത്ത് പുതിയ പ്ലാന്റ് | 28 |
| 17. | കൊതുക് നശീകരണം | 28 |
| 18. | ആരോഗ്യ ശുചിത്വ സേന | 30 |
| 19. | കനാൽ സംരക്ഷണം | 31 |
| 20. | കിഴക്കൻ കൊച്ചിക്കായി സർഫസ് വാട്ടർ ഡ്രെയിനേജ് പ്രൊജക്റ്റ് | 31 |

| | | |
|---|---|---|
| 21. | പശ്ചിമ കൊച്ചിക്കായി സർഫസ് വാട്ടർ ഡ്രെയിനേജ് പുനരുദ്ധാരണം | 32 |
| 22. | സ്വീവേജ് ട്രീറ്റ്മെന്റ് | 32 |
| 23. | ദേശീയ നഗരാരോഗ്യ ദൗത്യം | 33 |
| 24. | ആശുപത്രികളിൽ അടിസ്ഥാന സൗകര്യവികസനം | 34 |
| 25. | മേയേഴ്സ് മീൽ | 34 |
| 26. | വിദ്യാർത്ഥിനികൾക്ക് സൈക്കിൾ | 35 |
| 27. | ലാംഗ്വേജ് ലാബ് | 35 |
| 28. | എസ്.ആർ.വി. സ്ക്കൂളിൽ ഓഡിറ്റോറിയം | 36 |
| 29. | സർക്കാർ സ്ക്കൂളുകളിലെ ഭൗതിക സൗകര്യ വികസനം | 36 |
| 30. | എല്ലാ സ്ക്കൂളുകളിലും ബയോഗ്യാസ് പ്ലാന്റുകൾ | 37 |
| 31. | ന്യൂ കൊച്ചി ടൗൺഷിപ്പ് | 37 |
| 32. | കൊച്ചിയിൽ സ്ട്രീറ്റ് ഫർണിച്ചറുകൾക്ക് ആധുനിക മുഖം | 38 |
| 33. | ഫോർട്ടുകൊച്ചി-മട്ടാഞ്ചേരി പ്രദേശങ്ങളുടെ വികസനം | 39 |
| 34. | ബ്രോഡ്‌വേ നവീകരണ പദ്ധതി | 40 |
| 35. | ടൗൺ ഹാളുകളുടെ പുനരുദ്ധാരണം | 41 |
| 36. | മൾട്ടി സ്റ്റോറീഡ് ബിൽഡിംഗ് & ഗസ്റ്റ് ഹൗസ് | 41 |
| 37. | പൊതു പാർക്കുകളുടെ നവീകരണം | 41 |
| 38. | Neighbourhood Play Fields | 41 |
| 39. | ഫോർട്ട് വൈപ്പിനിൽ ഗസ്റ്റ് ഹൗസ് കം കൾച്ചറൽ സെന്റർ | 42 |
| 40. | വെല്ലിംഗ്ടൺ ഐലന്റിൽ ലോകോത്തര നിലവാരമുള്ള വാക്ക്‌വേ | 42 |
| 41. | നഗര ചത്വരം | 43 |
| 42. | ഫെസ്റ്റിവൽ ഓഫ് കൊച്ചിൻ | 43 |
| 43. | നഗരം ഊർജ്ജ സംരക്ഷണത്തിലേക്ക് | 45 |
| 44. | എനർജി ഓഡിറ്റിംഗ് | 46 |

| | | |
|---|---|---|
| 45. | സോളാർ സിറ്റി | 46 |
| 46. | വാട്ടർ പോളിസി | 47 |
| 47. | ജലസ്രോതസ്സുകളുടെ സംരക്ഷണം | 48 |
| 48. | അർബൻ റിസർച്ച് സെന്റർ | 49 |
| 49. | ടെക് ഫെസ്റ്റ് | 50 |
| 50. | സ്വയംസംരഭക പദ്ധതികൾ | 50 |
| 51. | സംരംഭക ക്ലബ്ബുകൾ | 51 |
| 52. | പാർട്ട്ണർ കേരളയിലൂടെ പുതിയ പദ്ധതികൾ | 51 |
| 53. | മാർക്കറ്റ് നവീകരണ പദ്ധതി | 52 |
| 54. | പൊതു മാർക്കറ്റുകളുടെ നവീകരണം | 53 |
| 55. | പുതിയ കേന്ദ്രീകൃത മത്സ്യവിപണനകേന്ദ്രം | 53 |
| 56. | കഫേ കുടുംബശ്രീ വിപുലീകരിക്കും | 54 |
| 57. | പൊതു ശ്മശാനങ്ങൾ | 54 |
| 58. | പൊതുടോയ്‌ലറ്റുകൾ | 54 |
| 59. | റോളർ സ്കേറ്റിംഗ് ഡ്രോം | 55 |
| 60. | ഇ ഗവേർണൻസ് | 55 |
| 61. | ലൈബ്രറികൾ | 56 |
| 62. | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 56 |
| 63. | റോഡുകളുടേയും തെരുവുകളുടേയും സംരക്ഷണത്തിന് പുതിയ കർമ്മ സേന | 57 |
| 64. | ക്ഷേമകാര്യ സ്ഥാപനങ്ങളുടെ വികസനം | 57 |
| 65. | നാഷണൽ അർബൻ ലൈവ്‌ലിഹുഡ് മിഷൻ | 58 |
| 66. | കമ്മ്യൂണിറ്റി കിച്ചൺ | 59 |
| 67. | മുണ്ടംവേലി സാന്തോം കോളനി നവീകരിക്കും | 59 |

| | | |
|---|---|---|
| 68. | തുരുത്തി, കൽവത്തി, കോഞ്ചേരി ചേരിനിവാസികൾക്ക് പാർപ്പിട സൗകര്യം | 60 |
| 69. | അന്യസംസ്ഥാന തൊഴിലാളികൾക്ക് സുരക്ഷാ താവളം | 61 |
| 70. | പട്ടികജാതി വികസനം | 61 |
| 71. | കാർഷികം | 62 |
| 72. | പോളി ഹൗസ് ഫാം | 62 |
| 73. | ജി.ഐ.എസ്. മാപ്പിംഗ് | 63 |
| 74. | നഗരസഭയുടെ സ്വത്തുകൾ സംരക്ഷിക്കും | 64 |
| 75. | സർവ്വെ രേഖകളും ഭൂപടങ്ങളും | 64 |
| 76. | ഗുഡ് സർവ്വീസ് അവാർഡ് | 64 |
| 77. | തർക്കപരിഹാരത്തിന് മീഡിയേഷൻ | 64 |
| 78. | വരുമാന വർദ്ധനവ് | 65 |
| 79. | ഉപസംഹാരം | 66 |

## ആമുഖം

1. ബഹുമാനപ്പെട്ട മേയർ, ബഹുമാന്യരായ സഭാംഗങ്ങളെ, ഉദ്യോഗസ്ഥരെ, മാധ്യമ പ്രതിനിധികളെ, സുഹൃത്തുക്കളെ,

2. പെരിയാറിന്റെ പാതമാറ്റത്തിൽ അറബിക്കടലിന്റെ കരയിൽ കൊച്ചാഴിയെന്ന പുതിയൊരു കര ഉയർന്നു. അനിവാര്യമായ മാറ്റത്തിന്റെ പുതിയ താവളമായ കൊച്ചാഴിയിലേക്ക് കപ്പലുകളടുത്തു. കൊച്ചാഴി പതുക്കെ കൊച്ചിയായി പെരുമ കൊണ്ടും സംസ്ക്കാരം കൊണ്ടും മറ്റു ദേശങ്ങളെ കീഴടക്കി അതിന്റെ സാന്നിദ്ധ്യമറിയിച്ചു. വികസനത്തിന്റെ ഭൂമികയിലേക്ക് കൊച്ചി പതുക്കെ അതിന്റെ പേടകം തുഴഞ്ഞടുക്കുകയായിരുന്നു. സുഗന്ധ വ്യഞ്ജനങ്ങളും മലഞ്ചരക്കും മത്സ്യസമ്പത്തും കൊച്ചിയെ പ്രധാന വ്യാപാര വിനിമയകേന്ദ്ര മാക്കി മാറ്റി. സ്വദേശത്തു നിന്നും വിദേശത്തു നിന്നും വ്യാപാരികളും വ്യവ സായികളും കൊച്ചിയെത്തേടിയെത്തി. എല്ലാ നന്മകളേയും സ്വാംശീകരിച്ച് സാംസ്കാരിക വൈവിധ്യത്തിന്റെ സംഗമഭൂമിയായി കൊച്ചി മാറി. റോഡു കളും പാളങ്ങളും തുറമുഖവും വിമാനത്താവളവും കാലക്രമത്തിൽ കൊച്ചി ക്ക് സ്വന്തമായി. അവിടെത്തുടങ്ങിയ കൊച്ചിയുടെ വളർച്ചയെ കൂടുതൽ ത്വരിതപ്പെടുത്തി വികസന പന്ഥാവിലേക്ക് നയിക്കുന്നതിനായുള്ള പ്രവർ ത്തനങ്ങളാണ് നാം ഒരുക്കേണ്ടത്. കൊച്ചിയുടെ ചലനാത്മകതയെ നിലനിർ ത്തുകയെന്ന ലക്ഷ്യത്തോടെയാണ് ഈ ബജറ്റ് അവതരിപ്പിക്കുന്നത്.

3. ഇന്നും കൊച്ചിയെന്ന റാണിക്ക് യൗവ്വനം തന്നെ. പാലങ്ങളുടെ നീളത്തിൽ നിന്നും ഫ്ളൈ ഓവറുകളുടെ ഉയരത്തിൽ നിന്നും മെട്രോ റെയിലിന്റെ വേഗത്തിലേക്ക് നാം അതിവേഗം അടുത്തുകൊണ്ടിരിക്കുന്നു. നഗരത്തെ കീറി മുറിച്ചുകൊണ്ട് മൂന്നു ഭാഗങ്ങളിലേക്ക് കടന്നു പോകുന്ന റെയിൽവേ പാളം ഇന്നലെകളിലെ നഗരഗതാഗതവേഗം കുറച്ചിരുന്നുവെങ്കിൽ ഇന്നതി നെ മറികടക്കാൻ കൂടുതൽ മേൽപ്പാലങ്ങൾ നമുക്ക് സ്വന്തമാണ്. വ്യവ സായം, ടൂറിസം, വിവരസാങ്കേതികവിദ്യ, വിഭവശേഷി എന്നിങ്ങനെ വിവിധ രംഗങ്ങളിൽ കൊച്ചി സ്വന്തമായ ഇടം കണ്ടെത്തിക്കഴിഞ്ഞു. വികസനക്കു തിപ്പിലൂടെ ഇന്ത്യയിലെ പ്രധാന നഗരകേന്ദ്രങ്ങളിലൊന്നായി കൊച്ചി മാറുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്.

4. നഗരമെന്ന നിലയിലും സംസ്ക്കാരം എന്ന നിലയിലും കൊച്ചി അതിന്റെ വളർച്ചയെ അടയാളപ്പെടുത്തുമ്പോൾ നഗരസഭയുടെ ഉത്തരവാദിത്വവും വർദ്ധിക്കുകയാണ്. പ്രബുദ്ധരായ നഗരവാസികൾക്ക് ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ നാം ഒരുക്കേണ്ടതുണ്ട്. നഗരവികസനത്തിന്റെ മുഖ്യചാലകശക്തിയായ ഗതാഗതത്തിന് ഊന്നൽ നൽകിയാണ് കഴിഞ്ഞ വർഷങ്ങളിൽ നഗരസഭ പ്രവർത്തിച്ചത്. അതിന്റെ ഫലമായി മേൽപ്പാലങ്ങൾ, 'ബി.എം. ആന്റ് ബി.സി' റോഡുകൾ, ഇന്റർലോക്കിംഗ് ടൈൽസ് പാകിയ റോഡുകൾ, മറ്റനുബന്ധ സൗകര്യങ്ങൾ എന്നിവ നഗരത്തിന് ലഭ്യമായി. ഗതാഗത രംഗത്തെ വിവിധ സംവിധാനങ്ങളെ ഏകോപിപ്പിക്കാൻ പരിശ്രമിച്ചതിന്റെ ഫലമായി കൊച്ചിക്കായി 'കൊച്ചിൻ യൂണിഫൈഡ് മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി' രൂപീകരിച്ച് സർക്കാർ വിജ്ഞാപനമിറക്കി. കൊച്ചി നഗരത്തിന് മാത്രമായൊരു പൊതുഗതാഗത സംവിധാനം എന്ന ലക്ഷ്യത്തിലേക്ക് നമ്മൾ അടുത്തുകൊണ്ടിരിക്കുന്നു.

5. കൊച്ചിയുടെ പൊതുഗതാഗതരംഗത്തിന് ഉണർവേകുന്ന നിരവധി നടപടികൾക്ക് തുടക്കം കുറിക്കാൻ സാധിച്ചു എന്നത് ഈ കൗൺസിലിന്റെ എടുത്തുപറയാവുന്ന നേട്ടങ്ങളിൽ ഒന്നാണ്.

6. വികസനപ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുമ്പോഴും സാധാരണക്കാർക്ക് എന്നും താങ്ങും തണലുമായി നിൽക്കാനും ഈ കൗൺസിൽ അതീവശ്രദ്ധ പുലർത്തിയിട്ടുണ്ട്. വികസനത്തിന്റെ വെള്ളിവെളിച്ചം എത്തിച്ചേരാതെ കോളനികളിലും തെരുവോരങ്ങളിലും ചേരികളിലും ഭവനരഹിതരായി താമസിക്കുന്ന സാധാരണക്കാരുടെ കണ്ണീരൊപ്പുന്ന നടപടികളാണ് ഈ ഭരണസമിതി ഏറ്റെടുത്തത്. അതിൽ ഏറ്റവും പ്രധാനമായത് നോർത്ത് പരമാര റോഡിലുള്ള നഗരസഭ കെട്ടിടത്തിലെ (ലിബ്ര) താമസക്കാരുടെ പുനരധിവാസത്തിന് കളമൊരുക്കിയതാണ്. പേരണ്ടൂർ കനാൽ, പള്ളുരുത്തി കോണം തുടങ്ങിയ പുറമ്പോക്ക് സ്ഥലങ്ങളിൽനിന്നും കുടിയൊഴിപ്പിക്കപ്പെട്ട് വർഷങ്ങളോളം അവിടെ താമസിപ്പിക്കപ്പെട്ടിരുന്ന 35 കുടുംബങ്ങൾക്ക് പ്രത്യേക പുനരധിവാസ പാക്കേജ് അനുവദിച്ചുകൊണ്ട് സ്വന്തമായൊരു ഭവനമെന്ന

അവരുടെ ജീവിതസ്വപ്നം യാഥാർത്ഥ്യമാക്കി. കൂടാതെ മുണ്ടംവേലി പുറമ്പോക്ക് പ്രദേശത്ത് താമസിക്കുന്ന 104 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് നഗരസഭ തയ്യാറാക്കിയ നിർമ്മാണരംഗത്തെ നൂതന ടെക്നോളജിയായ 'ഗ്ലാസ്സ് റീയിൻഫോഴ്സ്ഡ് ഫൈബർ ജിപ്സം' രീതിയിൽ 33.43 കോടി രൂപയുടെ പദ്ധതിക്ക് ബഹു. കേന്ദ്രസർക്കാരിൽനിന്നും അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. രാമേശ്വരം കോളനിയിൽ മൂന്നു പതിറ്റാണ്ടിലേറെയായി പട്ടയമില്ലാതെ താമസിച്ചുകൊണ്ടിരുന്ന 263 കുടുംബങ്ങളെ ഭൂമിയുടെ അവകാശികളാക്കി മാറ്റി. മട്ടാഞ്ചേരി പ്രദേശത്തുള്ള തുരുത്തി, കൽവത്തി, കോഞ്ചേരി എന്നീ കോളനികൾക്ക് വേണ്ടി തയ്യാറാക്കിയ 67.62 കോടി രൂപ അടങ്കൽ ഉള്ള ബൃഹദ് പദ്ധതിക്കും കേന്ദ്രസർക്കാർ അംഗീകാരം നേടാനായത് വൻ നേട്ടമാണ്. ഈ പദ്ധതിയിലൂടെ 755 കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്നതാണ്. ഈ പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുന്നതാണ്.

7. ഇത്തരം പ്രവർത്തനങ്ങളിലൂടെ ഭവനരഹിതരില്ലാത്ത നഗരം എന്ന സ്വപ്നത്തിലേക്കാണ് നാം അടുക്കുന്നത്.

8. ജവഹർലാൽ നെഹ്റു ദേശീയ നഗരനവീകരണ പദ്ധതിയിലുൾപ്പെടുത്തി നഗരസഭ സമർപ്പിച്ച വിവിധ പദ്ധതികൾക്ക് സംസ്ഥാന സർക്കാർ അംഗീകാരം ലഭിച്ചിട്ടുണ്ട്. കേന്ദ്രാനുമതി ലഭിക്കുന്നതോടെ കൊച്ചിയുടെ സമസ്ത വികാസത്തിനുതകുന്ന വിവിധ പദ്ധതികൾക്ക് ആരംഭമാകും.

9. ജവഹർലാൽ നെഹ്റു ദേശീയ നഗരനവീകരണ പദ്ധതിയിലുൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിച്ചുവരുന്ന കുടിവെള്ള പദ്ധതിയുടെ ഭാഗമായ മരട് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തനസജ്ജമാകുന്നതോടെ നാമനുഭവിക്കുന്ന കുടിവെള്ളക്ഷാമത്തിനും ഏറെക്കുറെ പരിഹാരമാകും.

10. ലഭ്യമാകുന്ന എല്ലാ സാമ്പത്തിക സ്രോതസ്സുകളും ഉപയോഗപ്പെടുത്തി നാടിന്റെ സർവ്വോന്മുഖമായ വികസനത്തിന് കളമൊരുക്കുകയാണ് ഈ കൗൺസിൽ.

11. ഏതൊരു തദ്ദേശസ്വയംഭരണ സ്ഥാപനവും നേരിടുന്ന പ്രധാന വെല്ലുവിളി മാലിന്യസംസ്ക്കരണവുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. ഈ കൗൺസിൽ അധികാരമേറ്റെടുത്തപ്പോഴും മാലിന്യസംസ്ക്കരണം പ്രധാന വെല്ലുവിളി യായിരുന്നു. ക്രിയാത്മകവും ശാസ്ത്രീയവുമായ വിവിധ പ്രവർത്തനങ്ങളി ലൂടെ കൊച്ചിയുടെ തെരുവുകൾ മാലിന്യവിമുക്തമാക്കുന്നതിന് ഈ കൗൺസിൽ സുധീരമായ നിരവധി നടപടികൾ സ്വീകരിച്ചുവരുന്നു. എൻവയോൺമെന്റ് മാസ്റ്റർ ട്രെയിനേഴ്സ്, മൈ സിറ്റി മൈ പ്രൈഡ്, വിവിധ ബോധവത്ക്കരണ ക്ലാസ്സുകൾ തുടങ്ങിയ ക്രിയാത്മകവും വൈവി ധ്യവുമായ പ്രവർത്തനങ്ങളിലൂടെയാണ് മാലിന്യസംസ്ക്കരണരംഗത്ത് നമ്മൾ വിജയക്കൊടി നാട്ടിയത്.

12. ബഹു. സംസ്ഥാന സർക്കാർ മാലിന്യ സംസ്ക്കരണ രംഗത്ത് മികച്ച പ്രവർത്ത നം നടത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി ഏർപ്പെടുത്തിയ പ്രഥമ ആരോഗ്യപുരസ്ക്കാരം നമുക്ക് നേടിയെടുക്കാനായത് നഗരസഭയു ടെ നിശ്ചയദാർഢ്യത്തോടു കൂടിയ പ്രവർത്തനം ഒന്നുകൊണ്ടു മാത്രമാണ്.

13. ആരോഗ്യരംഗത്തും മാതൃകാപരമായ മുന്നേറ്റങ്ങളാണ് നടത്തിയിട്ടുള്ളത്. കൊച്ചി കേന്ദ്രമാക്കി സർക്കാർ മെഡിക്കൽ കോളേജ്, ക്യാൻസർ സെന്റർ എന്നിവ ആരംഭിക്കുവാൻ മുന്നിൽ നിന്ന് പ്രവർത്തിക്കുകയും സർക്കാരിൽ നിന്നും അതിനുള്ള ഉറപ്പ് നേടിയെടുക്കുകയും ചെയ്തു. ദേശീയ നഗരാ രോഗ്യദൗത്യത്തിലൂടെ (NUHM) 12 മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും ഡോക്ടർമാരുടെ കുറവുകൾ നികത്തുന്നതിനുമുള്ള 8.65 കോടിയുടെ വൻ ആരോഗ്യ പദ്ധതി നടപ്പിലാ ക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

14. നഗരത്തിലെ ഹോട്ടലുകളിലെ ഭക്ഷണത്തിന്റെ നിലവാരവും ശുചിത്വവും ഉറപ്പുവരുത്തുന്നതിന് കർശനപരിശോധനകൾ നിരന്തരം നടത്തി ഈ രംഗത്ത് ഏറെ നേട്ടം കൈവരിച്ചു. പൊതുജനങ്ങൾ അറിയിക്കുന്ന പരാതി കൾ അന്വേഷിക്കാനും നടപടി എടുക്കാനും ഹെൽത്ത് ഫ്ളൈയിംഗ് സ്ക്വാഡ് ഏർപ്പെടുത്തിയ ഇന്ത്യയിലെ ആദ്യ നഗരസഭയായി കൊച്ചി മാറി.

മാലിന്യം വലിച്ചെറിയുന്നത് തടയാനുള്ള നിരീക്ഷണ ക്യാമറകൾ പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിക്കുക വഴി മാതൃകയായി.

15. വളർച്ചയിൽ പേരും പെരുമയും നേടുമ്പോഴും ഒരു മഴ പെയ്താൽ മുങ്ങിപ്പോകുന്ന നഗരമായിരുന്നു കൊച്ചി. സമുദ്രനിരപ്പിനോട് ചേർന്ന നഗരമായതിനാൽ വെള്ളക്കെട്ടിന് പരിഹാരമില്ല എന്നതായിരുന്നു പഴമൊഴി. എന്നാൽ 'എസ്റ്റീം റിപ്പോർട്ടിലെ' നിർദ്ദേശങ്ങൾ ശാസ്ത്രീയമായി നടപ്പിലാക്കിയും കെ.എസ്.യു.ഡി.പി. പദ്ധതിപ്രകാരം പുതിയ കാനകൾ നിർമ്മിക്കുകയും പഴയവ യഥാസമയം വൃത്തിയാക്കുകയും പമ്പിംഗ് നടത്തുകയും ചെയ്യുക വഴി സമീപകാല ചരിത്രത്തിലെ ഏറ്റവും കൂടിയ മഴ ലഭിച്ചിട്ടും വെള്ളക്കെട്ടുണ്ടാകാതെ നഗരത്തെ പരിപാലിക്കാൻ സാധിച്ചു.

16. കൊച്ചിയുടെ ചരിത്രത്തിലെ വെള്ളക്കെട്ടില്ലാത്ത ഒരു വർഷകാലം കൊച്ചി നഗരവാസികൾക്ക് നവ്യാനുഭവമായി. ഈ നേട്ടത്തിൽ നഗരത്തിലെ വിവിധ ജനവിഭാഗങ്ങൾ നൽകിയ അനുമോദന വചസ്സുകൾ തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് ഞങ്ങൾക്ക് ആത്മവിശ്വാസമേകുന്നു.

17. ചുരുങ്ങിയ കാലയളവിൽ ചെയ്തു തീർത്ത പ്രവർത്തനങ്ങൾ അനവധിയാണ്. വാലുമ്മേൽ സ്റ്റേഡിയം അന്താരാഷ്ട്ര നിലവാരത്തിൽ നിർമ്മാണം പൂർത്തീകരിച്ചുവരുന്നു. കഴിഞ്ഞ ബജറ്റ് വാഗ്ദാനമായിരുന്ന ഫോർട്ടുകൊച്ചി വെളിയിലെ 'ട്രാക്ക് ആന്റ് ഫീൽഡ് കം ഫുട്ബോൾ ഗ്രൗണ്ട്' നിർമ്മാണ പ്രവർത്തനം ആരംഭിച്ചു. മുൻ ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന 'കൊച്ചിൻ ഫസ്റ്റ്' പദ്ധതിയിലുൾപ്പെടുത്തി സ്വകാര്യ പങ്കാളിത്തത്തോടെ രവിപുരം ശ്മശാനം ആധുനിക രീതിയിൽ പണി കഴിപ്പിച്ച് പരിപാലിച്ച് വരുന്നത് നവവികസന സംസ്ക്കാരത്തിന്റെ പിറവിയായി. പകൽവീട്, അംഗനവാടികൾ, കമ്മ്യൂണിറ്റി ഹാളുകൾ എന്നിവ നഗരത്തിന്റെ വിവിധയിടങ്ങളിൽ നിർമ്മിച്ച് അതാത് ഗുണഭോക്താക്കൾക്ക് താങ്ങും തണലുമായി. സാധാരണക്കാരുടെ തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിനായി 87 പേർക്ക് സബ്സിഡിയോടെ ഓട്ടോറിക്ഷകൾ വിതരണം നടത്തി.

18. സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട് 2000 മുതൽ നഗരസഭ നടത്തിയ നടപടികളിൽ തീർപ്പുണ്ടാക്കി സ്ഥലമേറ്റെടുത്ത്, ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയത്തേയും തമ്മനം പുല്ലേപ്പടി റോഡിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന ലിങ്ക് റോഡ് പൂർണ്ണമായും 22 മീറ്ററിൽ നിർമ്മാണം സാധ്യമാക്കി.

19. കഴിഞ്ഞ ബജറ്റിൽ സ്ത്രീസുരക്ഷയുമായി ബന്ധപ്പെട്ട് പ്രഖ്യാപിച്ചിരുന്ന ജാഗ്രതാ സമിതികൾ കോർപ്പറേഷൻ തലത്തിലും ഡിവിഷൻ തലത്തിലും രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു. നൂതനസാങ്കേതികവിദ്യ 'മൊബൈൽ ആപ്ലിക്കേഷൻ' അടക്കം ഉപയോഗപ്പെടുത്തി നഗരത്തിൽ സ്ത്രീസുരക്ഷ ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ നടത്തി മാതൃകയായി.

20. വിദേശരാജ്യങ്ങളും വിവിധ സംഘടനകളുമായി സഹകരിച്ചുകൊണ്ട് നടത്തിയ പ്രവർത്തനങ്ങൾ കൊച്ചിയുടെ സമഗ്രവികസനത്തിന് കളമൊരുക്കി. 2012 ലെ 'എമർജിംഗ് കേരള'യിൽ വെച്ച് ബഹു. കേരള സർക്കാർ നേതൃത്വത്തിൽ കൊച്ചി നഗരസഭയും ഫ്രാൻസിലെ ലോറിയന്റ് സിറ്റിയും തമ്മിൽ ഒപ്പുവെച്ച പരസ്പര സഹകരണ ഉടമ്പടിയുടെ അടിസ്ഥാനത്തിൽ ഇരുനഗരങ്ങളും തമ്മിൽ നടത്തിയ പ്രവർത്തനങ്ങൾ, കൊച്ചി നഗരവും സ്വീഡനിലെ കുംല നഗരവുമായുള്ള 'മുനിസിപ്പൽ പാർട്ട്ണർഷിപ്പ് പ്രോഗ്രാമി'ന്റെ ഭാഗമായി വിദ്യാഭ്യാസ മേഖലയിൽ 'നോളഡ്ജ് ഷെയറിംഗ്' അടക്കമുള്ള വിവിധ പ്രവർത്തനങ്ങൾ ലക്ഷ്യമിടുന്ന പദ്ധതിയായ 'സ്ക്കൂൾ അറ്റ്ലസ് പ്രോഗ്രാം', യു.എസ്.എ.യിലെ മിഷിഗൺ യൂണിവേഴ്സിറ്റിയിലെ ഗതാഗതവിഭാഗത്തിന്റെ തലവനായ സൂസൻ സിലിൻസ്കിയെ പങ്കെടുപ്പിച്ചുകൊണ്ട് സംഘടിപ്പിച്ച മൊബിലിറ്റി ഗ്രിഡ് പദ്ധതി, ഇതിനകം തന്നെ കൗൺസിൽ അംഗീകരിച്ച് അടുത്ത പ്രവർത്തനഘട്ടത്തിലേക്ക് പ്രവേശിച്ചിരിക്കുന്ന GIZ ന്റെ നേതൃത്വത്തിൽ അന്താരാഷ്ട്ര തലത്തിലുള്ള വിദഗ്ദ്ധരെ ഉൾപ്പെടുത്തി തയ്യാറാക്കിയ 'സിറ്റി സാനിട്ടേഷൻ പ്ലാൻ', കാലാവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഇന്റർനാഷണൽ കൗൺസിൽ ഫോർ ലോക്കൽ എൻവയോൺമെന്റൽ ഇനിഷ്യേറ്റീവ്സ് (ICLEI) എന്ന സംഘടനയുമായി

സഹകരിച്ച് വിവിധ ലോകനഗരങ്ങളിലെ മേയർമാരെ പങ്കെടുപ്പിച്ചുകൊണ്ട് കൊച്ചിയിൽ സംഘടിപ്പിച്ച 'ഏഷ്യൻ സിറ്റീസ് അഡാപ്റ്റ്' എന്നിങ്ങനെ വിവിധ പരിപാടികളിലൂടെ കൊച്ചിക്ക് സാങ്കേതികവും അക്കാദമികവും സാമ്പത്തികവുമായ സഹായസഹകരണങ്ങൾ ഉറപ്പാക്കുന്നതിനുള്ള വിവിധ കർമ്മ പരിപാടികൾ നടപ്പിലാക്കി.

21. കൊച്ചിയെ അന്താരാഷ്ട്രതലത്തിൽ ശ്രദ്ധിക്കപ്പെടുന്ന നഗരമാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെയാണ് കഴിഞ്ഞവർഷം കൊച്ചി ബിനാലെക്ക് നാം വേദിയൊരുക്കിയത്. അതുവഴി ലോക കലാഭൂപടത്തിൽ കൊച്ചിക്ക് സ്വന്തമായ ഒരിടം ലഭിക്കുകയുണ്ടായി. ഈ വർഷം കൊച്ചിയുടെ കായികവും സാംസ്കാരികവുമായ സവിശേഷതകളുൾക്കൊണ്ട് പ്രഥമ 'കൊച്ചിൻ ഇന്റർനാഷണൽ ഹാഫ് മാരത്തണിന്' നഗരസഭ നേതൃത്വം നൽകി. ഇത്തരമൊരു അന്തർദേശീയ കായിക മാമാങ്കം ഏറ്റെടുത്ത ഇന്ത്യയിലെ ആദ്യത്തെ നഗരസഭയാണ് കൊച്ചി.

22. അറബിക്കടലിന്റെ തിരകളിലൂടെ പൈതൃകപ്രദേശങ്ങളുടെ ഗന്ധമറിഞ്ഞ് കായലിറമ്പിലൂടെ ഇളം കാറ്റേറ്റ് കേരളത്തിന്റെ വ്യാവസായിക തലസ്ഥാനത്തിന്റെ ഹൃദയത്തിലൂടെ റോഡുകളും പാലങ്ങളും താണ്ടി കൊച്ചിൻ മാരത്തോണിലൂടെ ഓടിയെത്തിയ പതിനായിരങ്ങൾ കൊച്ചി എന്ന ദേശത്തിന്റെ പെരുമ ലോകമെമ്പാടും അറിയിച്ചു.

23. മുൻ ബജറ്റുകളുടെ തുടർച്ചയായാണ് ഈ ബജറ്റും തയ്യാറാക്കപ്പെട്ടിരിക്കുന്നത്. കൊച്ചിയുടെ സമഗ്രവികസനം ലക്ഷ്യമാക്കിയുള്ള നടപടികളാണ് ഈ കൗൺസിൽ പ്രാവർത്തികമാക്കി വരുന്നത്. ഈ കൗൺസിൽ അധികാരമേറ്റെടുത്തതിന് ശേഷം അവതരിപ്പിക്കപ്പെട്ട ബജറ്റുകളിലെ പദ്ധതികൾ മുന്നോട്ടു കൊണ്ടുപോകുന്നതിന് കൊച്ചി നഗരസഭയോടൊപ്പം നിന്ന് പ്രവർത്തിച്ചവരും പിന്തുണച്ചവരും ഏറെയാണ്. കൊച്ചിയുടെ വളർച്ചയ്ക്കും വികസനത്തിനു മുതകുന്ന നിരവധി പദ്ധതികൾ അനുവദിച്ചുനൽകിയ കേന്ദ്ര സംസ്ഥാന സർക്കാരുകളോട് ഈ അവസരത്തിൽ നന്ദി രേഖപ്പെടുത്തുകയാണ്. ബഹുമാന്യരായ മുഖ്യമന്ത്രി, കേന്ദ്ര മന്ത്രിമാർ, കേരള സംസ്ഥാന മന്ത്രിമാർ,

എം.പി. മാർ, എം.എൽ.എ. മാർ തുടങ്ങിയ എല്ലാ സുമനസ്സുകളേയും ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു.

24. കൊച്ചിയുടെ സമഗ്രവികസനത്തിലേക്കുള്ള പ്രയാണം തുടരുകയാണ്. ഭീമ വാഗ്ദാനങ്ങളില്ലാതെ, സാധാരണക്കാരന്റെ ജീവിതസ്വപ്നങ്ങളെ തിരിച്ചറിഞ്ഞ് അവർക്ക് കൈത്താങ്ങാവുന്ന വിധത്തിലാണ് ഈ ബജറ്റ് തയ്യാറാക്കപ്പെട്ടിരിക്കുന്നത്. നഗരവാസികൾക്ക് സുരക്ഷിതവും വൃത്തിയുള്ളതും നിലവാരമുള്ളതുമായ ജീവിത ചുറ്റുപാടുകൾ സൃഷ്ടിച്ചെടുക്കുകയെന്ന ലക്ഷ്യം ഓരോ നിർദ്ദേശങ്ങളിലും ഉൾക്കൊള്ളിച്ചിരിക്കുന്നു. "ഉളിയടികളോ ചുറ്റികയടികളോ അല്ല, പുഴയുടെ നൃത്തച്ചുവടുകളത്രേ, വെള്ളാരംകല്ലുകളെ മിനുക്കിയെടുക്കുന്നത്" എന്ന രവീന്ദ്രനാഥ ടാഗോറിന്റെ വരികൾ പോലെ നമുക്കീ നഗരത്തെ മിനുക്കിയെടുക്കാം.

25. ഈ ബജറ്റിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും നടപ്പിലാക്കുന്നതിന് നിങ്ങളോരോരുത്തരുടേയും ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിച്ചുകൊണ്ട് 2014-2015 സാമ്പത്തിക വർഷത്തെ കൊച്ചി നഗരസഭ ബജറ്റ് ധനകാര്യ സ്ഥിരം സമിതിക്കു വേണ്ടി ബഹുമാനപ്പെട്ട കൗൺസിൽ മുമ്പാകെ ഞാൻ അവതരിപ്പിക്കുന്നു.

## 2013-2014 ലെ പുതുക്കിയ ബജറ്റും 2014-2015 ലെ ബജറ്റ് നിർദ്ദേശവും

26. 2013-2014 ലെ 4,92,45,33,609 രൂപ വരവും 4,59,62,32,250 രൂപ ചെലവും 24,15,66,359 രൂപ നീക്കി ബാക്കിയും പ്രതീക്ഷിക്കുന്ന പുതുക്കിയ ബജറ്റും

27. 2014-2015 ലേക്ക് 8,57,75,31,849 രൂപ വരവും 8,26,02,37,430 രൂപ ചെലവും 19,69,74,419 രൂപ നീക്കി ബാക്കിയും പ്രതീക്ഷിക്കുന്ന ബജറ്റ് എസ്റ്റിമേറ്റ് കൗൺസിലിന്റെ ചർച്ചയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

## ഗതാഗതം

28. കേവലമൊരു യാത്രോപാധി എന്നതിനുമപ്പുറം സാമ്പത്തികവളർച്ച, സാമൂഹ്യ നീതി, സംസ്ക്കാരം എന്നിവയിലേക്കുള്ള ശക്തമായ ഉപകരണമായാണ് ഗതാഗതമേഖലയെ ഇന്ന് കണക്കാക്കപ്പെടുന്നത്. ആ നിലയിൽ നമ്മുടെ റോഡുകളും ഗതാഗതസംവിധാനങ്ങളും യാത്രാവഴിയും ഉപാധിയും എന്നതിലുപരി ചലനാത്മകമായ സാമൂഹിക ഇടങ്ങളായി പുനർനിർവ്വചിക്കേണ്ടത് അത്യാവശ്യമാണ്. ഏതൊരു സാധാരണക്കാരനും കുറഞ്ഞ ചെലവിൽ പൊതുഗതാഗതസംവിധാനങ്ങൾ പ്രാപ്യമാകുന്നതിലൂടെ മാത്രമേ റോഡുകളെ സാമൂഹിക ഇടങ്ങളാക്കി മാറ്റിയെടുക്കാൻ നമുക്ക് സാധിക്കുകയുള്ളൂ. പൊതുഗതാഗത സൗകര്യങ്ങളുടെ വിപുലീകരണവും എളുപ്പത്തിലുള്ള പ്രാപ്യവും കൈവരാതെ ഒരു നഗരമെന്ന നിലയിൽ കൊച്ചിക്ക് ഇനി മുന്നോട്ടുപോകാനാവില്ല.

## റോഡുകൾ

29. കുണ്ടും കുഴിയും നിറഞ്ഞ റോഡുകൾ കൊച്ചിക്കിന്ന് പഴങ്കഥയാണ്. നഗരത്തിലെ മുഴുവൻ പ്രധാന റോഡുകളും 'ബി.എം. ആന്റ് ബി.സി.' രീതിയിൽ ടാർ ചെയ്ത് അഞ്ചു വർഷ ഗ്യാരന്റിയോടെ നിർമ്മിക്കപ്പെട്ട് പരിപാലിച്ച് വരുന്നു.

30. ചിലവന്നൂർ റോഡ്, പാലസ് റോഡ്, മാത്യു കോതരകത്ത് റോഡ്, ദേശാഭിമാനി റോഡ്, അഞ്ചുമന റോഡ്, സൗത്ത് ജനത റോഡ്, താന്നിക്കൽ-കീർത്തി നഗർ റോഡ്, മത്തായി മാഞ്ഞൂരാൻ റോഡ്, പി. ഗംഗാധരൻ റോഡ്, കോണം-പെരുമ്പടപ്പ് റോഡ്, പള്ളുരുത്തി കച്ചേരിപ്പടി-ദേശാഭിമാനി റോഡ് എന്നിങ്ങനെ നിരവധി റോഡുകൾ 'ബി.എം. ആന്റ് ബി.സി.' രീതിയിൽ ടാർ ചെയ്ത് അഞ്ചുവർഷ ഗ്യാരന്റിയോടെ നിർമ്മാണം പൂർത്തീകരിക്കുകയോ പൂർത്തീകരണഘട്ടത്തിലെത്തുകയോ ചെയ്തിട്ടുണ്ട്.

31. ഈ വർഷവും കൂടുതൽ റോഡുകൾ ബി.എം. ആന്റ് ബി.സി. രീതിയിൽ അഞ്ചുവർഷ ഗ്യാരന്റിയോടെ നവീകരിക്കുന്നതായിരിക്കും. സുഭാഷ് ചന്ദ്ര

ബോസ് റോഡ്, ചിറ്റൂർ റോഡിലെ വളഞ്ഞമ്പലം മുതൽ കച്ചേരിപ്പടി വരെയുള്ള ഭാഗം, തേവര പണ്ഡിറ്റ് കറുപ്പൻ റോഡ്, പണ്ടാരച്ചിറ റോഡ്, സാന്തോം കോളനി റോഡ്, നസ്രത്ത് സ്റ്റാച്യൂ റോഡ്, നസ്രത്ത് മൂലംകുഴി റോഡ്, പി.ടി. ജോസഫ് റോഡ് മുതൽ മദർതെരേസ റോഡ് വരെ, പെരുമ്പോട്ട റോഡ്, ജനത റോഡ്, ചളിക്കവട്ടം റോഡ്, എൻ.എച്ചിന് കിഴക്ക്ഭാഗത്തും പടിഞ്ഞാറുഭാഗത്തുമുള്ള പുതിയ റോഡ്, വെണ്ണല റോഡ്, കെ.പി. വള്ളോൻ റോഡ്, കുമാരനാശാൻ റോഡ്, അശോക റോഡ്, മാമംഗലം പള്ളി മുതൽ നോർത്ത് ജനത റോഡ് ആരംഭം വരെ, വെണ്ണല ഹൈസ്ക്കൂൾ റോഡ്, ചക്കരപ്പറമ്പ്-അറക്കപ്പറമ്പ് റോഡ്, ഐഷ റോഡ്, പനമ്പള്ളിനഗർ ഷിഹാബ് തങ്ങൾ റോഡ്, സെന്റ് സെബാസ്റ്റ്യൻ റോഡ്, നന്താണത്ത് കൊച്ചാക്കോ റോഡ്, കുന്നുംപുറം മട്ടാഞ്ചേരി ബസാർ റോഡ്, പള്ളുരുത്തി കൊല്ലശ്ശേരി റോഡ്, മണപ്പാട്ടിപ്പറമ്പ് റോഡ്, പുല്ലാർദേശം റോഡ്, കനാൽ റോഡ്, ആശ്രമം റോഡ്, എസ്.ആർ.എം. റോഡ്, ശാസ്താ ടെമ്പിൾ റോഡ്, ശ്രീകണ്ഠേശ്വരം റോഡ്, എസ്.ഡി.പി.വൈ. റോഡ്, വാട്ടർ ലാന്റ് റോഡ് തുടങ്ങിയവ അടക്കമുള്ള റോഡുകളും മാനദണ്ഡം പാലിക്കുന്ന മറ്റ് പ്രധാന റോഡുകളും 'ബി.എം. ആന്റ് ബി.സി.' രീതിയിൽ നിർമ്മിച്ച് അഞ്ച് വർഷ ഗ്യാരന്റിയോടെ പരിപാലിക്കും.

32. കൂടാതെ നഗരത്തിലെ എല്ലാ ഇടറോഡുകളും ആധുനികരീതിയിൽ പുനർ നിർമ്മിച്ച് പരിപാലിക്കും. പ്ലാൻ ഫണ്ട് ഉൾപ്പെടെ സാധ്യമായ എല്ലാ സ്രോതസ്സുകളും ഇതിനായി ഉപയോഗപ്പെടുത്തും.

33. വൈറ്റില കമ്മട്ടിപ്പാടം റോഡ്, ഇടപ്പള്ളി കിഴക്ക്മുറിപ്പറമ്പ് റോഡ്, ലിസി ഹോസ്പിറ്റൽ ജംഗ്ഷൻ എന്നിവിടങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ ചെയ്ത ഇന്റർലോക്കിംഗ് ടൈൽ റോഡുകൾ വിജയകരമാണെന്ന് കണ്ടതിനെത്തുടർന്ന് കൂടുതൽ റോഡുകളിലേക്ക് വ്യാപിപ്പിക്കും.

34. അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലേക്കുള്ള പോയിഷ റോഡിലൂടെ ദീർഘദൂരബസ്സുകൾ ഉൾപ്പെടെ നിരവധി വാഹനങ്ങളാണ് പ്രതിദിനം കടന്നുപോകുന്നത്. പോയിഷ റോഡിന് വീതിക്കുറവുള്ളതിനാൽ

കനത്ത ഗതാഗതക്കുരുക്ക് ഇവിടെ പതിവാണ്. ആയതിനാൽ മേൽ റോഡ് വികസിപ്പിച്ച് ഗതാഗതം സുഗമമാക്കുന്നതായിരിക്കും. ടി.എം. മുഹമ്മദ് റോഡിൽനിന്നും എസ്.എസ്. കൃഷ്ണൻ റോഡിലേക്കുള്ള ബൈ റോഡ് നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കും. മാന്ത്ര-രാമേശ്വരം ബൗണ്ടറി കനാൽ സമാന്തര റോഡ് നിർമ്മാണത്തിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കും. കലൂർ കടവന്ത്ര റോഡിനേയും സ്റ്റേഡിയം റോഡിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന കട്ടാക്കര റോഡിനായി സ്ഥലം ഏറ്റെടുക്കും. പള്ളുരുത്തി പി. ഗംഗാധരൻ റോഡിനേയും പഞ്ചായത്ത് റോഡിനേയും ബന്ധിപ്പിക്കുന്ന പുതിയ റോഡ് നിർമ്മിക്കും.

35. കോന്തുരുത്തി പനമ്പിള്ളി നഗർ എന്നിവയെ ബന്ധിപ്പിക്കുന്ന പാലം നിർമ്മിച്ച് കോന്തുരുത്തി തീരദേശ റോഡ് യാഥാർത്ഥ്യമാക്കും. കാലപ്പഴക്കം കൊണ്ട് മോശാവസ്ഥയിലുള്ള എല്ലാ ചെറിയ പാലങ്ങളും പുനരുദ്ധരിക്കും.

36. എറണാകുളം നഗരമധ്യത്തിലെ പ്രധാന വാണിജ്യകേന്ദ്രങ്ങളിലൊന്നായ പി.ടി. ഉഷ റോഡ്, ഫോർട്ടുകൊച്ചി ടൂറിസം സോണിലെ ഏറ്റവും പരമ പ്രധാന റോഡുകളിലൊന്നായ ഡച്ച് സെമിട്രി റോഡ് എന്നിവ 'വൈറ്റ് ടോപ്പിങ്ങ്' നടത്തി പുനർനിർമ്മിക്കും.

37. എല്ലാ റോഡുകളും ഇന്ത്യൻ റോഡ് കോൺഗ്രസ് നിർദ്ദേശിക്കുന്ന മാന ദണ്ഡങ്ങൾ പാലിച്ചായിരിക്കും പൂർത്തീകരിക്കുക.

38. മേൽ വിവരിച്ച റോഡുകളുടെ നിർമ്മാണത്തിനും പരിപാലനത്തിനുമായി 35 കോടി രൂപ വകയിരുത്തുന്നു.

## മേൽപ്പാലങ്ങൾ

39. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ മൂന്ന് മേൽപ്പാലങ്ങളാണ് നഗരത്തിൽ ഉത്ഘാടനം ചെയ്യപ്പെട്ടത്. ഇത് ഗതാഗതമേഖലയിൽ പുത്തനുണർവ്വേകി. ഗതാഗതക്കുരുക്കിൽ വീർപ്പുമുട്ടിയിരുന്ന നോർത്ത് റെയിൽവേ മേൽപ്പാലം കൊച്ചി മെട്രോ പ്രവർത്തനങ്ങളുടെ ഭാഗമായി പുനർനിർമ്മിച്ചു നാലുവരി

ഗതാഗതം സജ്ജമാക്കി. രാജാജി റോഡിനേയും സലിം രാജൻ റോഡിനേയും ബന്ധിപ്പിച്ച എ.എൽ. ജേക്കബ്ബ് മേൽപ്പാലം നഗരത്തിലേക്ക് പുതിയ വഴി തുറന്നു. വൈറ്റില തമ്മനം ഗതാഗതം എളുപ്പത്തിലാക്കിക്കൊണ്ട് പൊന്നുരുന്നി മേൽപ്പാലവും പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തു. പൊന്നുരുന്നി മേൽപ്പാലത്തിന് ആവശ്യമായ മുഴുവൻ സ്ഥലവും നഗരസഭ ഏറ്റെടുത്തു നൽകി.

40. നിശ്ചിത സമയത്തിനുള്ളിൽ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം പൂർത്തിയാക്കിയ കെ.എം.ആർ.എൽ, ഡി.എം.ആർ.സി, ആർ.ബി.ഡി.സി എന്നീ സ്ഥാപനങ്ങളെ ഈ അവസരത്തിൽ അഭിനന്ദിക്കുന്നു.

41. ഇനിയും ഒട്ടേറെ മേൽപ്പാലങ്ങൾ നമുക്ക് ഉണ്ടാകേണ്ടതുണ്ട്. പച്ചാളം റെയിൽവേ മേൽപ്പാലം നിർമ്മാണ പ്രവർത്തനങ്ങൾ ഉടനടി ആരംഭിച്ചുകൊണ്ട് ഈ സാമ്പത്തികവർഷം തന്നെ പദ്ധതി പൂർത്തീകരിക്കും. അറ്റ്ലാന്റിസ് റെയിൽവേ മേൽപ്പാലത്തിനുള്ള ഭൂമി ഏറ്റെടുക്കൽ ഭാഗികമായി പൂർത്തീകരിച്ചു. വാത്തുരുത്തി ആർ.ഒ.ബിക്കു വേണ്ടിയുള്ള പ്രവർത്തനങ്ങളും ഊർജ്ജിതമായി നടന്നുവരുന്നു. ഇടപ്പള്ളി അമൃത ഹോസ്പിറ്റലിലേക്കുള്ള റെയിൽവേ മേൽപ്പാല നിർമ്മാണത്തിന് ഭരണാനുമതിയായിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഈ സാമ്പത്തികവർഷംതന്നെ തുടക്കം കുറിക്കുന്നതാണ്.

42. വൈറ്റില, ഇടപ്പള്ളി, പാലാരിവട്ടം, കുണ്ടന്നൂർ എന്നീ ഫ്ളൈഓവറുകൾക്കും കേരള സർക്കാരിന്റെ 'സ്പീഡ് കേരള' പദ്ധതിയിലുൾപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുണ്ട്. കൊച്ചിയുടെ ഗതാഗത രംഗത്ത് വിപ്ലവകരമായ മാറ്റങ്ങളുടെ അലയൊലികൾ ഉയരുകയാണ്. ഗതാഗതക്കുരുക്കിൽ അകപ്പെടാതെ സഞ്ചാരം സാധ്യമാകുന്ന മെട്രോ നഗരമായി കൊച്ചിയെ മാറ്റിയെടുക്കുന്ന പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിക്കുകയാണ്.

43. മേൽപ്പാലങ്ങളുടെ അനുബന്ധ പ്രവർത്തനങ്ങൾക്കായി 10 കോടി രൂപ വകയിരുത്തുന്നു.

## ജംഗ്ഷൻ നവീകരണം

44. പുതിയ റോഡുകളും മേൽപ്പാലങ്ങളും സജ്ജമായതോടെ അതിനോടനുബന്ധിച്ചുള്ള ജംഗ്ഷനുകളിൽ ക്രമാതീതമായ തിരക്കും ഗതാഗതക്കുരുക്കും അനുഭവപ്പെടുന്നുണ്ട്. എ.എൽ. ജേക്കബ് മേൽപ്പാലം പ്രവർത്തനസജ്ജമായതോടെ എം.ജി. റോഡിലെ രാജാജി ജംഗ്ഷൻ, ചിറ്റൂർ റോഡും രാജാജി റോഡുമായി ബന്ധിക്കുന്ന ജംഗ്ഷൻ എന്നിവിടങ്ങളിൽ കനത്ത ഗതാഗതക്കുരുക്ക് നിലവിലുണ്ട്. ഈ ജംഗ്ഷനുകൾ വികസിപ്പിക്കും.

45. കൂടാതെ ചിറ്റൂർ റോഡിലെ പുല്ലേപ്പടി ജംഗ്ഷൻ, ഇയ്യാട്ടിൽ ജംഗ്ഷൻ, കതൃക്കടവ് ജംഗ്ഷൻ, കുമാരനാശാൻ ജംഗ്ഷൻ, തമ്മനം ജംഗ്ഷൻ, തോപ്പുംപടി ബി.ഒ.ടി. പാലത്തിന് ഇരുവശത്തുമുള്ള ജംഗ്ഷനുകൾ, പ്യാരി ജംഗ്ഷൻ, പണ്ഡിറ്റ് കറുപ്പൻ റോഡും എം.ജി. റോഡും ചേരുന്ന തേവര ജംഗ്ഷൻ എന്നിങ്ങനെയുള്ള ജംഗ്ഷനുകൾ വികസിപ്പിച്ച് ഗതാഗതം സുഗമമാക്കും.

46. ഈ പ്രവർത്തനങ്ങൾക്കായി 5 കോടി രൂപ മാറ്റിവെക്കുന്നു.

## പൊതുഗതാഗത സൗകര്യങ്ങൾ

47. 2007 ലെ നാറ്റ്പാക് പഠന റിപ്പോർട്ട് പ്രകാരം കൊച്ചിയിലെ ഒരു ദിവസത്തെ വാഹനങ്ങളുടെ ട്രിപ്പുകളുടെ എണ്ണം 1.49 ലക്ഷമാണ്. ഇതിന്റെ 52 ശതമാനം ഇരുചക്രവാഹനങ്ങളും 31 ശതമാനം കാറുകളും 9 ശതമാനം ഓട്ടോറിക്ഷകളും 7 ശതമാനം ബസ്സുകളുമാണ്. പക്ഷേ യാത്രക്കാരുടെ എണ്ണവും അവർ ആശ്രയിക്കുന്ന യാത്രാമാർഗ്ഗത്തിന്റേയും കണക്കുകൾ വ്യത്യസ്തമാണ്. കൊച്ചിയിലെ 65 ശതമാനം ജനങ്ങളും ബസ്സിലാണ് യാത്ര ചെയ്യുന്നത്. ഇരുചക്രവാഹനങ്ങളിൽ യാത്രചെയ്യുന്നവർ 15 ശതമാനവും കാറുകളിൽ യാത്ര ചെയ്യുന്നവരുടെ എണ്ണം 14 ശതമാനവും ഓട്ടോറിക്ഷകളിൽ യാത്രചെയ്യുന്നവരുടെ എണ്ണം 4 ശതമാനവും ആണ്. ഇതനുസരിച്ച് 7 ശതമാനം മാത്രം വരുന്ന ബസ്സുകളാണ് കൊച്ചി നഗരത്തിലെ 65 ശതമാനം ജനങ്ങളുടേയും

യാത്രാസൗകര്യത്തിനായി പ്രയോജനപ്പെടുന്നത്. അതായത് കൊച്ചിയിലെ ഭൂരിഭാഗം ജനങ്ങളും പൊതുഗതാഗത സൗകര്യങ്ങളാണ് ഉപയോഗിക്കുന്നത്. കൂടുതൽ മെച്ചപ്പെട്ടതും ക്രിയാത്മകവുമായ പൊതുഗതാഗത സൗകര്യങ്ങൾ ജനങ്ങൾക്ക് ലഭ്യമാകുകയാണെങ്കിൽ കൊച്ചിയിലെ 90 ശതമാനം ജനങ്ങളും പൊതുഗതാഗത സൗകര്യത്തിലേക്ക് മാറുകതന്നെ ചെയ്യും.

48. നിലവിലെ പൊതുഗതാഗതസംവിധാനങ്ങളിൽ മാറ്റംവരുത്താതെ കൂടുതൽ ജനങ്ങളെ ഈ സംവിധാനത്തിലേക്ക് കൊണ്ടുവരാൻ സാധിക്കുകയില്ല. ധാരാളം കെ.എസ്.ആർ.ടി.സി. ബസ്സുകളും, സ്വകാര്യബസ്സുകളും കൊച്ചി യിൽ സർവ്വീസ് നടത്തുന്നുണ്ടെങ്കിലും ഇവയെ യഥാവിധി വിന്യസിപ്പി ക്കാൻ ഇനിയും ഒരു നയം നമുക്കില്ല. കാര്യക്ഷമമല്ലാത്ത സർവ്വീസുകളും അമിതവേഗവും മത്സരവും നിലവാരമില്ലാത്ത ബസ്സുകളും നഗരവാസികളെ പൊതുഗതാഗതസൗകര്യങ്ങൾ ഉപയോഗിക്കുന്നതിൽ നിന്നും അകറ്റുന്നു. അതോടൊപ്പം കാലാകാലങ്ങളായി സർവ്വീസ് തുടരുന്ന റൂട്ടുകളിലൂടെയല്ലാ തെ പുതിയ ജനവാസ കേന്ദ്രങ്ങളിൽക്കൂടി ബസ്സ് സർവ്വീസുകൾ ലഭ്യമല്ലാ ത്തതും റെയിൽ - ജലഗതാഗത മാർഗ്ഗങ്ങളുമയി കണക്ടിവിറ്റി ഇല്ലാത്തതും പ്രധാന കാരണമാണ്. വിവിധ ഗതാഗതസൗകര്യങ്ങൾ വിവിധ കേന്ദ്രങ്ങ ളിൽ നിന്നും നിയന്ത്രിക്കപ്പെടുകയും ഇവ തമ്മിൽ ഏകോപന സംവിധാനം ഇല്ലാത്തതും പ്രധാന പ്രശ്നമാണ്. ഇന്ത്യയിലെ എല്ലാ നഗരങ്ങളിലും ഇത്തര മൊരു ഏകോപനത്തിന്റെ അഭാവം ഉണ്ടെന്ന തിരിച്ചറിവാണ് എല്ലാ നഗര ങ്ങളിലും യൂണിഫൈഡ് മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി (യു.എം.ടി.എ.) രൂപീകരിക്കണമെന്ന് ദേശീയ നഗര ഗതാഗതനയത്തിലൂടെ നിർദ്ദേശിക്കപ്പെട്ടത്. അതനുസരിച്ച് കൊച്ചിയിൽ യു.എം.ടി.എ. രൂപീകരിച്ച് വിവിധ ഗതാഗതമാർഗ്ഗങ്ങൾ ഏകോപിപ്പിക്കുന്നതിനായി നേതൃത്വം നൽകി യതിന്റെ ഫലമായി കൊച്ചിൻ യൂണിഫൈഡ് മെട്രോപൊളിറ്റൻ ട്രാൻസ് പോർട്ട് അതോറിറ്റി രൂപീകരിച്ചുകൊണ്ട് സംസ്ഥാനസർക്കാർ വിജ്ഞാപന മിറക്കിയതോടെ നഗരസഭ ബജറ്റിൽ പ്രഖ്യാപിച്ച യു.എം.ടി.എ. യാഥാർത്ഥ്യ ത്തിലേക്കെത്തുകയാണ്. ഇതിന്റെ പ്രവർത്തനം ആരംഭിക്കുന്നതോടെ മെട്രോ റെയിൽ, റെയിൽവേ, റോഡ്, ജലഗതാഗതം എന്നിവയെ കൂട്ടിയിണക്കി

ക്കൊണ്ട് ഏകോപിതവും കാര്യക്ഷമവുമായ ഗതാഗതസൗകര്യം ലഭ്യമാക്കുവാൻ നമുക്ക് സാധിക്കും.

49. യു.എം.ടി.എ. പോലെ തന്നെ ദേശീയനഗരഗതാഗതനയത്തിൽ പ്രധാനമായി ആവശ്യപ്പെട്ടിട്ടുള്ള മറ്റൊന്ന് നഗരകേന്ദ്രിതമായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) രൂപീകരിക്കണമെന്നുള്ളതാണ്.

50. ഇന്ത്യയിലെ പല നഗരങ്ങളിലും അതാത് നഗരകേന്ദ്രിത അതോറിറ്റിയാണ് പൊതുഗതാഗത സൗകര്യം ഒരുക്കുന്നത്. അഹമ്മദാബാദ്, ബാംഗ്ലൂർ, ഭോപ്പാൽ, മുംബൈ, പൂനെ, ചെന്നൈ എന്നീ നഗരങ്ങളിൽ ഇതിനകം തന്നെ നഗര കേന്ദ്രിത ഗതാഗത സംവിധാനം പ്രത്യേകമായി നിലവിലുണ്ട്. ഇത്തരമൊരു സംവിധാനം കൊച്ചിയിലും ആരംഭിക്കേണ്ടതുണ്ട് എന്ന ലക്ഷ്യത്തോടെയാണ് കഴിഞ്ഞ നഗരസഭ ബജറ്റിൽ മെട്രോ കൊച്ചിൻ ട്രാൻസ്പോർട്ട് കോർപ്പറേഷൻ രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചത്. എം.സി.ടി.സി. രൂപീകരിക്കുന്നതിനുള്ള പ്രാഥമിക നടപടികൾക്ക് ഇതിനകം തുടക്കം കുറിച്ചിട്ടുണ്ട്. ഇതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ ശക്തമായ സമ്മർദ്ദം ചെലുത്തി വരുന്നുണ്ട്. നടപടിക്രമങ്ങൾ വേഗത്തിലാക്കി കൊച്ചിക്കായി പുതിയൊരു പൊതുഗതാഗതസംവിധാനം നടപ്പിൽ വരുത്തും.

51. കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന കുടുംബശ്രീ വനിതാ ബസ്സ് പദ്ധതിയിലുൾപ്പെടുത്തി മൂന്ന് ബസ്സുകൾ കൊച്ചിയുടെ നിരത്തിലിറങ്ങാനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. കുടുംബശ്രീ വനിതാ ബസ്സുകൾ യാഥാർത്ഥ്യമാക്കുവാനുള്ള തുക പ്ലാൻ ഫണ്ടിൽനിന്നും ഗുണഭോക്താക്കൾ എടുക്കുന്ന വായ്പയിൽനിന്നുമാണ് സ്വരൂപിക്കുന്നത്. ഇതിലേക്കാവശ്യമായ 'ഗ്യാപ് ഫണ്ട്' ബി.പി.സി.എൽ. വഹിക്കുന്നതായിരിക്കും.

52. പൊതുഗതാഗത സൗകര്യങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് 5 കോടി രൂപ നീക്കി വെക്കുന്നു.

## ബസ് റീ റൂട്ടിംഗ്

53. പഴയകാലത്ത് അന്നത്തെ സാഹചര്യങ്ങൾക്കനുസൃതമായി രൂപീകരിക്കപ്പെട്ട ബസ്സ് റൂട്ടുകളിലൂടെയാണ് ഇന്നും നഗരത്തിലെ ബസ്സുകൾ സർവ്വീസ് നടത്തുന്നത്. പുതിയ റോഡുകളും പുതിയ ജനവാസകേന്ദ്രങ്ങളും കൊച്ചിയിൽ ഉദയം ചെയ്തിട്ടും അതനുസരിച്ച് നമ്മുടെ ബസ്സ് റൂട്ടുകൾ പുനർക്രമീകരിക്കപ്പെട്ടിട്ടില്ല. നിലവിലുള്ള ബസ്സ് റൂട്ടുകൾ തന്നെ അശാസ്ത്രീയവുമാണ്. അതിനാൽ ജനങ്ങൾക്ക് പൊതുഗതാഗതസംവിധാനങ്ങൾ പ്രാപ്യമല്ലാതെ വരുന്നു. നഗരഹൃദയത്തിൽ നിന്നും പുറത്തേക്ക് കടക്കാൻ എ.എൽ. ജേക്കബ് മേൽപ്പാലം, പുല്ലേപ്പടി മേൽപ്പാലം, കതൃക്കടവ് മേൽപ്പാലം, പൊന്നുരുന്നി മേൽപ്പാലം തേവര-കുണ്ടന്നൂർ പാലം, കണ്ടൈനർ റോഡ് എന്നിങ്ങനെ നിരവധി മാർഗ്ഗങ്ങൾ ഉപയോഗിക്കാമെങ്കിലും നമ്മുടെ ബസ് റൂട്ടുകൾ സിംഹഭാഗവും നോർത്ത് സൗത്ത് മേൽപ്പാലങ്ങൾ മാത്രമാണ് ഉപയോഗിക്കുന്നത്. ഇതിന് പരിഹാരമായി നിലവിലെ ബസ്സ് റൂട്ടുകൾ മുഴുവനായി പുനക്രമീകരിക്കും. കൊച്ചി മെട്രോ റെയിൽ ആരംഭിക്കുന്നതിന് മുന്നോടിയായി ബസ്സ് റീ റൂട്ടിംഗ് നടത്തും. സംസ്ഥാന ഗതാഗത വകുപ്പും മറ്റ് ബന്ധപ്പെട്ട സ്ഥാപനങ്ങളുമായും കൂടിയാലോചിച്ച് ശാസ്ത്രീയമായി നഗരത്തിലെ ബസ്സ് റൂട്ടുകൾ പുനർവിന്യസിക്കുന്നതിന് നേതൃത്വം നൽകും.

54. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് 10 ലക്ഷം രൂപ വകയിരുത്തുന്നു.

## നോൺ മോട്ടോറൈസ്ഡ് ട്രാൻസ്പോർട്ട് സിസ്റ്റം

55. യന്ത്രവൽകൃത വാഹനങ്ങളുടെ ആധിക്യത്താൽ മലിനീകരണത്തിന്റെ തോത് ദിനംപ്രതി കൂടിവരികയാണ്. അനുദിനം വാഹനങ്ങൾ പെരുകി വരുന്ന കൊച്ചിയുടെ സ്ഥിതിയും ഇതിൽനിന്നും ഒട്ടും വ്യത്യസ്തമല്ല. ലോകനഗരങ്ങളിൽ പലയിടത്തും യന്ത്രവൽകൃത വാഹനങ്ങളുടെ ഇത്തരം ദൂഷ്യവശങ്ങൾ തിരിച്ചറിഞ്ഞ് 'നോൺ മോട്ടോറൈസ്ഡ് ട്രാൻസ്പോർട്ട് സിസ്റ്റം' അഥവാ 'ഇക്കോ മൊബിലിറ്റി പദ്ധതി' നടപ്പിലാക്കി വരുന്നുണ്ട്. അന്തരീക്ഷ മലിനീകരണം കുറയ്ക്കുകയും അതോടൊപ്പം ഊർജ്ജസംരക്ഷണം

ഉറപ്പാക്കുമെന്നുള്ളതാണ് 'നോൺ മോട്ടോറൈസ്ഡ് ട്രാൻസ്പോർട്ട് സിസ്റ്റത്തിന്റെ' പ്രധാന നേട്ടം.

56. വാഹനപ്പെരുപ്പത്താൽ വീർപ്പുമുട്ടുന്ന കൊച്ചിയിൽ 'നോൺ മോട്ടോറൈസ്ഡ് ട്രാൻസ്പോർട്ട് സിസ്റ്റത്തിന്റെ' സാധ്യതകൾ വലുതാണ്. നിരപ്പായ പ്രദേശങ്ങൾ, കടൽ/കായൽ തീരങ്ങൾ, സുഖകരമായ കാലാവസ്ഥ, മരങ്ങളുടെ പച്ചപ്പ് എന്നിവയാൽ കൊച്ചിക്ക് അനുയോജ്യമാണ് 'ഇക്കോ മൊബിലിറ്റി പ്ലാൻ'. കൊച്ചിയുടെ ടൂറിസം സ്പോട്ടായ ഫോർട്ടുകൊച്ചി മട്ടാഞ്ചേരി പ്രദേശങ്ങളിൽ 'നോൺ മോട്ടോറൈസ്ഡ് ട്രാൻസ്പോർട്ട് സിസ്റ്റം' നടപ്പിലാക്കും. ഫോർട്ടുകൊച്ചി മട്ടാഞ്ചേരി പ്രദേശങ്ങളിലെ ടൂറിസം മേഖലകളെ ബന്ധിപ്പിച്ചുകൊണ്ട് നടപ്പാതകൾ, സൈക്കിൾ ട്രാക്കുകൾ, പാർക്കിംഗ് ഹബ്ബുകൾ എന്നിവ നിർമ്മിക്കും. റോഡുകളും വഴികളും പരിസ്ഥിതി സൗഹാർദ്ദമായ രീതിയിൽ പുനരാവിഷ്ക്കരിക്കും. കേന്ദ്ര നഗരവികസന മന്ത്രാലയത്തിന്റെയും പരിസ്ഥിതി മന്ത്രാലയത്തിന്റേയും സഹകരണത്തോടെയായിരിക്കും പദ്ധതി നടപ്പിലാക്കുക.

57. പദ്ധതിയുടെ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് 20 ലക്ഷം രൂപ നീക്കി വെക്കുന്നു.

## ഇ-റിക്ഷകൾ

58. നഗരത്തിൽ 'നോൺ മോട്ടോറൈസ്ഡ് ട്രാൻസ്പോർട്ട് സിസ്റ്റം' നടപ്പിലാക്കുന്നതിന്റെ മുന്നോടിയായി പരിസ്ഥിതി സൗഹാർദ്ദവും മലിനീകരണമില്ലാത്തതുമായ ഇ-റിക്ഷകൾ അവതരിപ്പിക്കും. ഡൽഹി പോലുള്ള നഗരങ്ങളിൽ ഇ-റിക്ഷകൾ സജീവമാണ്. യാത്രക്കും ലഘു ചരക്കുനീക്കത്തിനും ഇലക്ട്രോണിക് റിക്ഷകൾ അഥവാ ഇ-റിക്ഷകൾ ഉപയോഗിക്കാവുന്നതാണ്. ഇടുങ്ങിയതും ചെറുതുമായ ധാരാളം വഴികളുള്ള കൊച്ചിയുടെ നിരത്തുകൾക്ക് ഇ-റിക്ഷകൾ പുതിയൊരു ഗതാഗത സൗകര്യമൊരുക്കും. റീചാർജബിൾ ബാറ്ററിയും ബാറ്ററി മാനേജ്മെന്റ് സിസ്റ്റവും ഉൾപ്പെടുന്നതാണ് ഇ-റിക്ഷകൾ. പെട്രോളോ ഡീസലോ പോലുള്ള ഇന്ധനങ്ങൾ ആവശ്യമില്ലാ

ത്തതും തീർത്തും ബാറ്ററിയിൽ പ്രവർത്തിക്കുന്ന രീതിയിലുള്ളതുമാണ് ഇവ. ഡ്രൈവറെ കൂടാതെ രണ്ടോ മൂന്നോ പേർക്ക് യാത്ര ചെയ്യാവുന്ന തരത്തിലുള്ള ഇ-റിക്ഷകൾ നിലവിലുണ്ട്. ഏഴോ എട്ടോ മണിക്കൂർ ചാർജ്ജ് ചെയ്താൽ 50 കിലോമീറ്റർ വരെ ഇതിൽ സഞ്ചരിക്കാം. എണ്ണയുപയോഗിക്കുന്ന വാഹനങ്ങളെ അപേക്ഷിച്ച് ഇ-റിക്ഷകൾക്ക് അറ്റകുറ്റപ്പണികൾ തികച്ചും കുറവാണ്. നിയന്ത്രിത എണ്ണത്തിൽ നഗരസഭ നൽകുന്ന അനുമതിയോടെ വനിതകൾക്കു മാത്രമായി ഇ-റിക്ഷകൾ അനുവദിക്കും.

## ആധുനിക ഓട്ടോസ്റ്റാന്റുകൾ

59. നഗരഗതാഗതത്തിൽ ഓട്ടോറിക്ഷകൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. ഓട്ടോറിക്ഷകൾ പാർക്കു ചെയ്യാനായി ആധുനികമായ ഒരു സംവിധാനം നിലവിൽ നമുക്കില്ലാത്തതിനാൽ ജംഗ്ഷനുകളും റോഡുകളും കേന്ദ്രീകരിച്ചാണ് ഓട്ടോ സ്റ്റാന്റുകൾ പ്രവർത്തിക്കുന്നത്. നഗരത്തിലെ 150 ൽപ്പരം ഓട്ടോ സ്റ്റാന്റുകൾ ആധുനിക രീതിയിൽ നവീകരിക്കും. ഓരോ സ്റ്റാന്റുകളും പ്രത്യേകം മാർക്ക് ചെയ്ത് ട്രാക്ക് തിരിച്ച് നിർമ്മിക്കും. ഓട്ടോ സ്റ്റാന്റ് സ്ഥിതി ചെയ്യുന്ന പ്രദേശത്തിന്റെ ഭൂപടമടക്കമുള്ള ബോർഡുകൾ സ്ഥാപിച്ച് സ്റ്റാന്റിനെ ശ്രദ്ധേയമാക്കും.

60. ഇതിനായി 20 ലക്ഷം രൂപ വകയിരുത്തുന്നു.

## ഓട്ടോറിക്ഷകളിൽ ജി.പി.എസ്. സംവിധാനം

61. നഗരത്തിൽ സർവ്വീസ് നടത്തുന്ന ഓട്ടോറിക്ഷകളിൽ ജി.പി.എസ്. (ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം) പ്രാബല്യത്തിൽ വരുത്താൻ നടപടികൾ സ്വീകരിക്കും. അതുവഴി വിർച്ചൽ ഓട്ടോ സ്റ്റാന്റുകൾ യാഥാർത്ഥ്യമാകും. മുൻകൂട്ടി പ്രഖ്യാപിക്കുന്ന ഒരു പ്രത്യേക നമ്പറിലേക്ക് യാത്രക്കാർക്ക് എസ്.എം.എസ്. അയയ്ക്കാവുന്നതാണ്. ഈ മെസ്സേജ് സ്വീകരിക്കുന്ന സെർവർ ഉപഭോക്താവിന്റെ ലോക്കേഷൻ കണ്ടെത്തി, തൊട്ടടുത്ത് പാർക്ക് ചെയ്തിരിക്കുന്ന ജി.പി.എസ്. ഘടിപ്പിച്ച ഓട്ടോറിക്ഷക്ക് നിർദ്ദേശം നൽകുന്നു. യാത്രയുടെ

ഓരോ ഘട്ടവും ജി.പി.എസ്. വഴി നിരീക്ഷിക്കപ്പെടും. അമിത വേഗം ഓട്ടോ റിക്ഷയിൽ ഘടിപ്പിച്ചിരിക്കുന്ന ജി.പി.എസ്. സംവിധാനം വഴി നിയന്ത്രിക്കപ്പെടും. യാത്രക്കൂലിയും ഉപകരണത്തിൽ രേഖപ്പെടുത്തും.

62. ചെന്നൈ പോലുള്ള നഗരങ്ങളിൽ ഇത്തരം സംവിധാനങ്ങൾ നിലവിലുണ്ട്. ഡ്രൈവറുടെ ക്യാബിനോട് ചേർന്ന് ഘടിപ്പിക്കുന്ന ജി.പി.എസ്. ഉപകരണത്തിൽ നഗരത്തിലെ റോഡുകളുടെ വിശദമായ ഭൂപടം ഉണ്ടായിരിക്കും. മോട്ടോർ വകുപ്പുമായി സഹകരിച്ചായിരിക്കും പദ്ധതി തയ്യാറാക്കുക. രാത്രിയിൽ സ്ത്രീയാത്രികർക്ക് സുരക്ഷിതമായി ഓട്ടോറിക്ഷകളിൽ സഞ്ചരിക്കാനുള്ള സാഹചര്യം ഇതുവഴി സംജാതമാകും. പരീക്ഷണാടിസ്ഥാനത്തിൽ ആദ്യഘട്ടത്തിൽ നാലുചക്ര ഓട്ടോകളിൽ (ഓട്ടോ ടാക്സി) പദ്ധതി നടപ്പിലാക്കും.

## സൊലൂഷ്യൻസ് പദ്ധതി

63. യൂറോപ്യൻ സെക്രട്ടറിയേറ്റിന്റെ 'സൊലൂഷ്യൻസ്' പദ്ധതിയിൽ (ഷെയറിംഗ് ഫോർ ലോ കാർബൺ അർബൻ ട്രാൻസ്പോർട്ടേഷൻ) കൊച്ചിയെ ടേക്ക് അപ്പ് സിറ്റിയായി തെരെഞ്ഞെടുത്തിട്ടുണ്ട്. നൂതനവും പരിസ്ഥിതി സൗഹാർദ്ദവുമായ നഗരഗതാഗതത്തിനായി ഏഷ്യ, യൂറോപ്പ്, ലാറ്റിൻ അമേരിക്ക, മെഡിറ്ററേനിയൻ രാജ്യങ്ങൾ എന്നീ പ്രദേശങ്ങളിൽ നിന്നുള്ള നഗരങ്ങൾക്ക് സാങ്കേതിക വിജ്ഞാനം കൈമാറ്റം ചെയ്യാനായി യൂറോപ്യൻ യൂണിയൻ നേതൃത്വം നൽകുന്ന പ്രൊജക്ടായ സൊലൂഷ്യനിന്റെ ഭാഗമാകാനാണ് കൊച്ചിക്ക് അവസരം കൈവന്നിരിക്കുന്നത്. പൊതുഗതാഗതം, ഗതാഗത ഇൻഫ്രാസ്ട്രക്ചറുകൾ, സിറ്റി ലോജിസ്റ്റിക്സ്, കേന്ദ്രീകൃതാസൂത്രണം, നെറ്റ് വർക്ക്ഡ് മൊബിലിറ്റി മാനേജ്മെന്റ് എന്നീ മേഖലകൾ അടിസ്ഥാനമാക്കിയായിരിക്കും പദ്ധതി. ഈ പദ്ധതിയിലെ ലീഡിംഗ് സിറ്റീസ്, സുസ്ഥിര ഗതാഗതരംഗത്ത് തങ്ങൾ നടപ്പിലാക്കിയിട്ടുള്ള പ്രൊജക്ടുകൾ, പരിസ്ഥിതി സൗഹാർദ്ദ ഗതാഗത മാർഗ്ഗങ്ങൾ എന്നിവ വിവരിക്കുകയും സാങ്കേതിക സഹായങ്ങൾ ടേക്ക് അപ്പ് സിറ്റികൾക്ക് നൽകുകയും ചെയ്യും. ലീഡിംഗ് സിറ്റീസിൽ നിന്നും ലഭിക്കുന്ന ആശയങ്ങളും അറിവുകളും ടേക്ക് അപ് സിറ്റികൾക്ക് പ്രാവർ

ത്തികമാക്കാം. ഇതിനാവശ്യമായ സാങ്കേതിക സഹായങ്ങൾ പ്രൊജക്റ്റിന്റെ ഭാഗമായി യൂറോപ്യൻ സെക്രട്ടറിയേറ്റിൽ നിന്നും ലഭ്യമാക്കും.

64. യൂറോപ്യൻ സെക്രട്ടറിയേറ്റിന്റെ സൊലൂഷ്യൻസ് പദ്ധതിയിൽ ടേക്ക് അപ്പ് സിറ്റിയായി കൊച്ചി തെരഞ്ഞെടുക്കപ്പെട്ടതോടെ ഗതാഗതരംഗത്ത് കൂടുതൽ മികച്ച മാതൃകകൾ നമുക്ക് ലഭ്യമാകും. പരിസ്ഥിതി സൗഹാർദ്ദ കരമായ അനവധി ഗതാഗത സംവിധാനങ്ങളും മാർഗ്ഗങ്ങളും ലോകത്ത് വികസിത രാജ്യങ്ങളിൽ വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. അത്തരം പദ്ധതികൾ കൊച്ചിക്ക് അനുയോജ്യമായ രീതിയിൽ ആവിഷ്ക്കരിക്കാനുള്ള അവസരമാണ് ഇതിലൂടെ കൈവന്നിരിക്കുന്നത്.

65. ഇന്ത്യയിൽനിന്നും ഈ പദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ഏക നഗരം കൊച്ചിയാണ്. അന്തരീക്ഷ മലിനീകരണത്തിന്റെ തോത് കുറക്കാനും കൊച്ചി യെ പരിസ്ഥിതി സൗഹാർദ്ദ നഗരമായി മാറ്റാനും ഗതാഗതരംഗത്ത് നൂതന പദ്ധതികൾ നമുക്ക് ആവിഷ്ക്കരിക്കേണ്ടതായിട്ടുണ്ട്. ആ ലക്ഷ്യത്തിലേക്ക് എത്തിച്ചേരുവാൻ സൊലൂഷ്യൻസ് പദ്ധതിയിലൂടെ നമുക്ക് സാധ്യമാകും.

66. ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സി-ഹെഡിനെ ചുമതലപ്പെടുത്തുന്നു.

**ജലഗതാഗതം**

67. കൗൺസിൽ അംഗീകരിച്ചതും സിറ്റീസ് ഡെവലപ്മെന്റ് ഇനിഷ്യേറ്റീവ് ഏഷ്യ (CDIA) തയ്യാറാക്കിയ ജലഗതാഗതവുമായി ബന്ധപ്പെട്ട Feasibility Study യുടെ നിർദ്ദേശങ്ങൾ CDIA യുടെ സാമ്പത്തികവും സാങ്കേതികവുമായ സഹകര ണത്തോടെ നടപ്പിലാക്കും.

68. നിലവിലുള്ള ജലഗതാഗത മാർഗ്ഗങ്ങൾ ആധുനികവൽക്കരിച്ച് ശക്തിപ്പെടു ത്തും. സൈലന്റ് എഞ്ചിനും ട്രാക്കർ സംവിധാനവും ഉൾപ്പെടുന്ന ഹൈ സ്പീഡ് ബോട്ടുകളും ജങ്കാറുകളും കൂടുതലായി സർവ്വീസിനായി ഉപയോ ഗപ്പെടുത്തും. എല്ലാ ബോട്ട് ജെട്ടികളും ആധുനികവൽക്കരിക്കും. ആവശ്യ

മുള്ള സ്ഥലങ്ങളിൽ പുതിയ ജെട്ടികൾ സ്ഥാപിക്കുകയും പുതിയ കണക്ടിവിറ്റി ആരംഭിക്കുകയും ചെയ്യും. ജലഗതാഗതവുമായി ബന്ധപ്പെട്ട് രൂപീകൃതമാകുന്ന കമ്പനി രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമായി നടന്നുവരുന്നു.

69. ഈ പ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപ വകയിരുത്തുന്നു.

## മാലിന്യ സംസ്കരണം

70. മാലിന്യസംസ്ക്കരണവുമായി ബന്ധപ്പെട്ട് എല്ലാ നഗരങ്ങളും അനവധി പ്രശ്നങ്ങൾ അഭിമുഖീകരിച്ചപ്പോഴും നമുക്ക് ഈ രംഗത്ത് വിജയകരമായി പ്രവർത്തിക്കാനായി എന്നത് അഭിമാനാർഹമാണ്.

71. ഉറവിടങ്ങളിൽത്തന്നെ മാലിന്യസംസ്ക്കരണം നടത്തുന്ന വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി നഗരത്തിന്റെ നല്ലൊരു ശതമാനം ഭാഗങ്ങളിലും ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. റസിഡൻസ് അസോസിയേഷനുകൾ, കുടുംബശ്രീ യൂണിറ്റുകൾ, സാമൂഹ്യ സാംസ്ക്കാരിക രാഷ്ട്രീയ സംഘടനകൾ എന്നിവരുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഫ്ളാറ്റുകളിൽ ഉറവിടമാലിന്യസംസ്ക്കരണ പ്രവർത്തനം നല്ല രീതിയിൽ പുരോഗമിക്കുന്നു. ക്രെഡായ് ക്ലീൻ കേരള മൂവ്മെന്റുമായി സഹകരിച്ചുകൊണ്ട് ഈ രംഗത്ത് മികച്ച പ്രവർത്തനം കാഴ്ചവെക്കുന്നതിന് നമുക്ക് സാധിച്ചിട്ടുണ്ട്.

72. ആവരണം ചെയ്ത വാഹനങ്ങളടക്കം അമ്പതോളം പുതിയ വാഹനങ്ങൾ ജവഹർലാൽ നെഹ്റു ദേശീയ നഗരനവീകരണ പദ്ധതിയിലുൾപ്പെടുത്തി ഈ വർഷം തന്നെ വാങ്ങി മാലിന്യനീക്കത്തിനായി ഉപയോഗപ്പെടുത്തും. താത്ക്കാലികമായി മാലിന്യം ശേഖരിക്കുന്ന കളക്ഷൻ സെന്ററുകളിൽ മാലിന്യം കെട്ടിക്കിടക്കില്ലെന്ന് ഉറപ്പുവരുത്തും. കൊച്ചിയെ മാലിന്യവിമുക്ത നഗരമാക്കി മാറ്റുന്നതിനായി നടപ്പിലാക്കിവരുന്ന വിവിധ കർമ്മപദ്ധതികൾ ഊർജ്ജിതമായി തുടരും.

73. മൈസൂർ മോഡലിൽ ബ്രഹ്മപുരം പ്ലാന്റിലടക്കമുള്ള മാലിന്യം ദുർഗന്ധ രഹിതമാക്കുന്നതിനുള്ള ടെക്നോളജി ഉപയോഗപ്പെടുത്തും.

## ബ്രഹ്മപുരത്ത് പുതിയ പ്ലാന്റ്

74. സംസ്ഥാന സർക്കാർ സഹായത്തോടെ ബ്രഹ്മപുരത്ത് പുതിയ പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യം ശാസ്ത്രീയമായി സംസ്ക്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഉൾപ്പെടുന്നതായിരിക്കും പ്ലാന്റ്. ബ്രഹ്മപുരം പ്ലാന്റിന്റെ ചുറ്റുമതിലും വിവിധ ഭാഗങ്ങളിലേക്കുള്ള റോഡുകളും പൂർത്തീകരിക്കും. പ്ലാന്റിനുള്ളിൽ സൗരോർജ്ജ പാനലുകൾ ഘടിപ്പിച്ച് പ്ലാന്റിലെ മുഴുവൻ വിളക്കുകളും സൗരോർജ്ജത്താൽ പ്രവർത്തിക്കുന്നവയാക്കും. പ്ലാന്റിനോട് ചേർന്ന് നഗരസഭയുടെ 100 ഏക്കറിനുമേൽ വരുന്ന സ്ഥലത്തിന് ചുറ്റും ഗ്രീൻ ബെൽറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## കൊതുക് നശീകരണം

75. കൊതുകു നിവാരണ പ്രവർത്തനങ്ങൾക്കായി സമഗ്രമായ ഒരു സമീപനമാണ് നഗരസഭ സ്വീകരിക്കുന്നത്. രോഗത്തെയല്ല രോഗ കാരണത്തെയാണ് പ്രതിരോധിക്കേണ്ടത് എന്ന വാക്യമുൾക്കൊണ്ട് കൊതുക് പെരുകുന്ന സാഹചര്യം ഒഴിവാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്.

76. കൊതുക് വളരാനിടയാകുന്ന സാഹചര്യങ്ങൾ ഇല്ലായ്മ ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങളായ വീടുകളുടെ സെപ്റ്റിക് ടാങ്കുകളുടെ ലീക്ക് മാറ്റുക, പരിസര ശുചീകരണം, പൊതുസ്ഥലങ്ങളിലേയും സ്വകാര്യപറമ്പുകളിലേയും കാടുപടലങ്ങൾ വെട്ടിത്തെളിക്കുക, കൊതുകു വളരുന്ന രീതിയിൽ വെള്ളം കെട്ടിക്കിടക്കുന്നത് ഒഴിവാക്കുക, പ്ലാസ്റ്റിക് വസ്തുവകകൾ നീക്കം ചെയ്യുക എന്നിങ്ങനെ നഗരസഭ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കർമ്മപദ്ധതികൾ ഊർജ്ജിതപ്പെടുത്തും.

77. നഗരസഭാ ആരോഗ്യപ്രവർത്തകരോടൊപ്പം വാർഡ് കമ്മറ്റികൾ, കുടുംബശ്രീ യൂണിറ്റുകൾ, റസിഡൻസ് അസോസിയേഷനുകൾ, വിദ്യാർത്ഥികൾ, സന്നദ്ധ പ്രവർത്തകർ എന്നിവരുടെ സഹകരണം തേടിക്കൊണ്ടുള്ള പ്രവർത്തനമാണ് നടത്തിവരുന്നത്. നഗരത്തിലെ കൊതുകു ശല്യത്തെ ഇല്ലായ്മ ചെയ്യുന്നതിന് എല്ലാവരും ഒരേ ലക്ഷ്യത്തോടെ പ്രവർത്തിച്ചെങ്കിൽ മാത്രമേ ഫലം കാണുകയുള്ളൂ.

78. കൊതുകിന്റെ ഉത്പാദനത്തിലും വ്യാപനത്തിലും വ്യക്തികൾ എന്ന നിലയിലും സമൂഹം എന്ന നിലയിലും ഓരോരുത്തർക്കുമുള്ള പങ്ക് വിവിധ ബോധവൽക്കരണ മാർഗ്ഗങ്ങളിലൂടെ ബോധ്യപ്പെടുത്തും.

79. ഫോഗിംഗ്, കീടനാശിനികളുടെ ഉപയോഗം എന്നിവ പരമാവധി ചുരുക്കിക്കൊണ്ട് കൊതുകിന് വളരാനുള്ള സാഹചര്യങ്ങൾ ഇല്ലായ്മ ചെയ്ത് പാരിസ്ഥിതികമായ കൊതുകു നശീകരണ പ്രവർത്തനങ്ങളാണ് നാം ലക്ഷ്യമിടുന്നത്.

80. ആരോഗ്യപ്രവർത്തകർക്ക് ജോലി സംബന്ധമായ ഉപകരണങ്ങളും ശാസ്ത്രീയമായ പരിശീലനവും നൽകും. കാനകളിൽ ഉപ്പുവിതറി കാനകളിലെ കൊതുകുപ്രജനനം നിയന്ത്രിക്കും. ഓരോ വാർഡിലേയും കൊതുകുനശീകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ വാർഡ് കൗൺസിലറുടെ നേതൃത്വത്തിൽ പ്രത്യേകസമിതി രൂപീകരിച്ച് പ്രവർത്തിക്കും.

81. കൊതുകു നിവാരണത്തിനുള്ള ഒരു കർമ്മപദ്ധതി തയ്യാറാക്കി സർക്കാർ സഹായത്തോടെ ഈ സാമ്പത്തിക വർഷം തന്നെ നടപ്പിലാക്കും. ഇതിനായി ഈ രംഗത്ത് പ്രവർത്തിക്കുന്ന അന്താരാഷ്ട്ര തലത്തിൽ അറിയപ്പെടുന്ന വിദഗ്ദ്ധരുടെയും സ്ഥാപനങ്ങളുടെയും സഹകരണം ഇതിനായി തേടും. കൊതുകുനിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഒരു പ്രത്യേക വിങ്ങ് ഉടനടി പ്രവർത്തനമാരംഭിക്കും. നിരവധി വിദഗ്ദ്ധരുടെ മുഴുവൻ സമയ സേവനം ഈ വിങ്ങിനായി പ്രയോജനപ്പെടുത്തും. അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു മൊസ്ക്കിറ്റോ കൺട്രോൾ റിസർച്ച് ലാബും പ്രവർത്തന സാമഗ്രികളും ഇതിനായി സജ്ജീകരിക്കും.

82. മാലിന്യശേഖരണ സംസ്കരണ കൊതുകുനിവാരണ പ്രവർത്തനങ്ങൾക്കായി 10 കോടി രൂപ നീക്കിവെക്കുന്നു.

## ആരോഗ്യ ശുചിത്വ സേന

83. ശുചിത്വപൂർണ്ണമായ അന്തരീക്ഷത്തിൽ ജീവിക്കുക എന്നത് ഓരോ നഗരവാസിയുടെയും അവകാശമാണ്. പക്ഷേ, നിരവധി പരിമിതികൾക്കുള്ളിൽ നിന്നു പ്രവർത്തിക്കുന്ന നമ്മുടെ സംവിധാനങ്ങൾക്ക് ഇത് ഉറപ്പുവരുത്തുന്നതിന് പലപ്പോഴും സാധിക്കാറില്ല. ഈയൊരു അവസ്ഥയ്ക്ക് മാറ്റം വരുത്തുക എന്ന ലക്ഷ്യത്തോടെ ആരോഗ്യ ശുചിത്വ സേന എന്ന പുതിയൊരു സംവിധാനം ഈ ബജറ്റ് മുന്നോട്ടുവയ്ക്കുന്നു.

84. നഗരത്തിലെ ഓരോ ഡിവിഷനിലേയും ശുചീകരണ പരിപാലന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിന് 5 പേരടങ്ങിയ ഒരു ആരോഗ്യ ശുചിത്വ സേനയെ നിയോഗിച്ചുകൊണ്ടാണ് ഈ പ്രവർത്തനം ആരംഭിക്കുന്നത്.

85. ഈ ആരോഗ്യ ശുചിത്വ സേന എല്ലാ ദിവസവും അതാത് ഡിവിഷനുകളിൽ ശുചിത്വവും പരിപാലനവുമായി ബന്ധപ്പെട്ട് ആവശ്യമായ എല്ലാ പ്രവർത്തനങ്ങളും പൂർണ്ണമായും നിർവഹിക്കും. ഒരു വർഷത്തിൽ 200 പ്രവൃത്തി ദിവസങ്ങളിലായിരിക്കും ഈ സേനയുടെ പ്രവർത്തനം. അതാത് ഡിവിഷൻ കൗൺസിലർമാർ നിർദ്ദേശിക്കുന്ന ശുചീകരണ പ്രവർത്തനങ്ങൾ ആരോഗ്യ സേന ചെയ്യുന്നതായിരിക്കും. ആരോഗ്യസേനയുടെ ദിവസേനയുള്ള പ്രവർത്തനങ്ങൾ തീരുമാനിക്കുന്നതിനും നിരീക്ഷിക്കുന്നതിനും ഡിവിഷൻ കൗൺസിലറുടെ നേതൃത്വത്തിൽ ഒരു കർമ്മസമിതി രൂപീകരിച്ച് പ്രവർത്തിക്കും. ആരോഗ്യസേനയുടെ പ്രവർത്തനങ്ങൾ സോഷ്യൽ ഓഡിറ്റിങ്ങിന് വിധേയമാക്കും. ഓരോ ഡിവിഷനുകളിലും ആരോഗ്യസേന പ്രവർത്തനക്ഷമമാകുന്നതോടെ കൊച്ചി കൊതുകു വിമുക്ത ശുചിത്വ നഗരവുമായിത്തീരും.

86. ആരോഗ്യസേനയുടെ രൂപീകരണത്തിനും പ്രവർത്തനത്തിനുമായി 3 കോടി രൂപ വകയിരുത്തുന്നു.

## കനാൽ സംരക്ഷണം

87. കനാലുകളുടെ ശുദ്ധീകരണത്തിനും പുനരുദ്ധാരണത്തിനും ഈ കൗൺസിൽ അതീവപ്രാധാന്യമാണ് നൽകിവരുന്നത്. അതിന്റെ ഫലമായാണ് കഴിഞ്ഞ മഴക്കാലത്ത്, ചരിത്രത്തിലാദ്യമായി, കൊച്ചിയിൽ വെള്ളക്കെട്ട് അനുഭവപ്പെടാതിരുന്നത്.

88. പക്ഷേ അലക്ഷ്യമായി കനാലുകളിലേക്ക് വലിച്ചെറിയപ്പെടുന്ന മാലിന്യവും പ്ലാസ്റ്റിക് വസ്തുവകകളും കനാലുകളുടെ സ്വാഭാവിക ഒഴുക്കിനെ തടസ്സപ്പെടുത്തുന്നുണ്ട്. ഇതിനൊരു പരിഹാരമായി മാന്ത്ര കനാൽ, ബിന്നി തോട്, ആർ.സി. കനാൽ, കരിത്തോട്, പുഞ്ചത്തോട്, കദംബയിൽ തോട്, പുല്ലേപ്പടി പാലം മുതൽ മുല്ലശ്ശേരി കനാൽ വരെ റെയിൽവേക്ക് സമാന്തരമായ കനാൽ, പ്രിയദർശിനി തോട് എന്നിവയുൾപ്പെടെ നഗരത്തിലെ പ്രധാന കനാലുകൾ ബൗണ്ടറി നെറ്റ് കെട്ടി സംരക്ഷിക്കും.

89. യഥാസമയങ്ങളിൽ ചെളി കോരി കനാലുകൾ വൃത്തിയാക്കുന്ന പ്രവർത്തനങ്ങൾ തുടരും. കനാലുകളിൽ മാലിന്യം നിക്ഷേപിക്കുന്നവരെ കണ്ടെത്താൻ ഹെൽത്ത് ഫ്ളൈയിംഗ് സ്ക്വാഡിനെ ഉപയോഗപ്പെടുത്തും.

90. ഈ പ്രവർത്തനങ്ങൾക്കായി 5 കോടി രൂപ വകയിരുത്തുന്നു.

## കിഴക്കൻ കൊച്ചിക്കായി സർഫസ് വാട്ടർ ഡ്രെയിനേജ് പ്രൊജക്ട്

91. നഗരത്തിലെ ഡ്രെയിനേജ് സിസ്റ്റം കാനകളും കനാലുകളും അടിസ്ഥാനമാക്കിയാണ് പ്രവർത്തിക്കുന്നത്. കാനകളും കനാലുകളും ഉൾപ്പെട്ട നമ്മുടെ അഴുക്കുചാൽ സംവിധാനം പലയിടത്തും ശാസ്ത്രീയമായല്ല നിർമ്മിച്ചിരിക്കുന്നത്. വേലിയേറ്റ സമയങ്ങളിൽ കടലിനോടും കായലിനോടും ചേർന്നുള്ള കാനകളിൽ ശരിയായ രീതിയിൽ ഡ്രയിനേജ് സംവിധാനം പ്രവർത്തിക്കാറില്ല. പ്രത്യേകിച്ച് മഴക്കാല സമയങ്ങളിൽ നഗരത്തിൽ പലയിടങ്ങളിലും ഡ്രയിനേജ് സംവിധാനങ്ങൾ യഥാവിധി പ്രവർത്തിക്കാറില്ല എന്നത് യാഥാർത്ഥ്യമാണ്. നഗരസഭ പരിധിയിലെ മുഴുവൻ ഡ്രയിനേജ് സംവിധാനങ്ങളും പുതുക്കി ശാസ്ത്രീയമായി പുനർനിർമ്മിക്കേണ്ടതുണ്ട്.

92. ജവഹർലാൽ നെഹ്റു ദേശീയ നഗര നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി കിഴക്കൻ കൊച്ചിയിലെ സ്റ്റേഡിയം ലിങ്ക് റോഡ് ഡ്രെയിൻ നവീകരിക്കും. സുഭാഷ് ചന്ദ്രബോസ് റോഡിൽ ചെട്ടിച്ചിറ കൽവെർട്ട് നിർമ്മിക്കും. തേവര പേരണ്ടൂർ കനാൽ കണ്ണാംതോട് എന്നിവിടങ്ങളിൽ സംരക്ഷണഭിത്തി നിർമ്മിക്കും. ഇത്തരം പദ്ധതികളിലൂടെ നഗരത്തിലെ ഡ്രയിനേജ് സംവിധാനത്തിലെ പോരായ്മകൾ നികത്തും.

93. ജവഹർലാൽ നെഹ്റു ദേശീയ നഗരനവീകരണ പദ്ധതിയിലുൾപ്പെടുത്തി സമർപ്പിക്കപ്പെട്ട 50 കോടി രൂപയുടെ ഈ പദ്ധതിക്ക് കേരള സർക്കാർ അംഗീകാരം ലഭിച്ചിട്ടുണ്ട്.

## പശ്ചിമ കൊച്ചിക്കായി സർഫസ് വാട്ടർ ഡ്രെയിനേജ് പുനരുദ്ധാരണം

94. പശ്ചിമകൊച്ചിയിലെ പ്രധാന കനാലുകൾ ഡ്രഡ്ജ് ചെയ്ത് ആഴം കൂട്ടും. മോശമായ സംരക്ഷണ ഭിത്തികൾ പുതുക്കിപ്പണിത് ഫിൽട്ടറുകൾ സ്ഥാപിക്കും. 112 കലുങ്കുകൾ പുനർനിർമ്മിക്കും. കൽവത്തി കനാൽ, മാന്ത്ര കനാൽ, രാമേശ്വരം കനാൽ, പള്ളിച്ചാൽ കനാൽ, പഷ്ണിത്തോട്, കല്ലിച്ചിറ കനാൽ, ബിന്നിത്തോട്, കെ.എം.പി. തോട്, വ്യാസപുരം കുറ്റിച്ചിറത്തോട്, പൊന്നാകരി കനാൽ തുടങ്ങിയ കനാലുകളും അതിനോട് അനുബന്ധിച്ചുള്ള കാനകളും പദ്ധതിയിലുൾപ്പെടും.

95. 60 കോടി രൂപയുടെ പദ്ധതിയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. കേരള സർക്കാർ പദ്ധതി അംഗീകരിക്കുകയും കേന്ദ്രത്തിലേക്ക് സമർപ്പിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ജവഹർലാൽ നെഹ്റു ദേശീയ നഗരനവീകരണ പദ്ധതി പ്രകാരമാണ് പ്രൊജക്ട് നടപ്പിലാക്കുക. ഇതോടെ പശ്ചിമകൊച്ചിയുടെ എക്കാലത്തേയും തീരാശാപമായ വെള്ളക്കെട്ടിന് ശാശ്വത പരിഹാരം കണ്ടെത്താനാകും.

## സ്വീവേജ് ട്രീറ്റ്മെന്റ്

96. മട്ടാഞ്ചേരി ഫോർട്ടുകൊച്ചി പ്രദേശങ്ങളിലെ സമഗ്ര സ്വീവേജ് ട്രീറ്റ്മെന്റ് സംവിധാനത്തിനുവേണ്ടിയുള്ള 150 കോടി രൂപയുടെ പദ്ധതി പ്രവർത്തനം

ആരംഭിച്ചിട്ടുണ്ട്. ഇതിനായുള്ള പൈപ്പിടൽ ജോലികൾ ഉടൻ ആരംഭിക്കുന്നതാണ്. പദ്ധതി പൂർത്തീകരിക്കുന്നതോടെ പശ്ചിമകൊച്ചിയിലെ സ്വീവേജുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരമാകുന്നതാണ്. ഇതുമായി ബന്ധപ്പെട്ട മുണ്ടംവേലിയിലെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ ടെണ്ടർ നടപടികൾ ഉടൻ ആരംഭിക്കുന്നതാണ്.

97. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പമ്പിംഗ് സ്റ്റേഷനുകൾക്കു വേണ്ടി വിവിധ പ്രദേശങ്ങളിലായി ആവശ്യമായ സ്ഥലങ്ങൾ ഇതിനകം ഏറ്റെടുത്തിട്ടുണ്ട്.

98. എറണാകുളം സെൻട്രൽ ഏരിയയിലെ സ്വീവേജ് പ്ലാന്റിന്റെ ടെന്റർ നടപടികൾ പൂർത്തീകരിച്ചിരുന്നുവെങ്കിലും ടെണ്ടർ എക്സസ് വന്നതിനെത്തുടർന്ന് കാലതാമസം നേരിടുകയായിരുന്നു. ജവഹർലാൽ നെഹ്റു ദേശീയ നഗര നവീകരണ പദ്ധതിയുടെ ട്രാൻസിഷൻ ഘട്ടത്തിലുൾപ്പെടുത്തി പ്രസ്തുത പദ്ധതിക്കായി പുതുക്കിയ ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ട്.

99. പ്രസ്തുത പദ്ധതികൾ നടപ്പിലാകുന്നതോടെ നഗരത്തിന്റെ പ്രധാന ഭാഗങ്ങളിൽ ശാസ്ത്രീയമായ സ്വീവേജ് സംവിധാനം നിലവിൽവരും.

### ബ്രഹ്മപുരത്തും വെല്ലിംഗ്ടൺ ഐലന്റിലും സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ

100. നഗരത്തിൽ ടോയ്ലറ്റ് മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് വലിയൊരു പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണല്ലോ. ഇതിനൊരു പരിഹാരമെന്ന നിലയിൽ കൂടുതൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ നിർമ്മിക്കേണ്ടതുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ബ്രഹ്മപുരത്തും വെല്ലിംഗ്ടൺ ഐലന്റിലും സംസ്ഥാന സർക്കാർ സഹായത്തോടെ ആധുനിക സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ നിർമ്മിക്കും. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻതന്നെ ആരംഭിക്കുന്നതും പദ്ധതി ഈ സാമ്പത്തികവർഷം തന്നെ പൂർത്തീകരിക്കുന്നതുമായിരിക്കും.

### ദേശീയ നഗരാരോഗ്യ ദൗത്യം

101. കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ നഗരാരോഗ്യ ദൗത്യത്തിൽ (NUHM) കൊച്ചിയെ ഉൾപ്പെടുത്തിയതോടെ നമ്മുടെ നഗരത്തിലും ഇതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൊച്ചി നഗരസഭയിൽ നിലവിലുള്ള 12 മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളെ ദേശീയ നഗര ആരോഗ്യദൗത്യത്തിനു കീഴിൽ

തെരെഞ്ഞെടുക്കുകയുണ്ടായി. ഓരോ കേന്ദ്രത്തിലേക്കും 2 ഡോക്ടർമാർ, 2 നേഴ്സുമാർ, 5 ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാർ എന്നിവരെ നിയമിക്കും. കെട്ടിട നവീകരണവും മരുന്നുകളുടെ ലഭ്യതയും പദ്ധതിയിലൂടെ ഉറപ്പാക്കും. നഗരത്തിലെ ജനങ്ങളുടെ ആരോഗ്യസംരക്ഷണം ഈ പദ്ധതിയിലൂടെ ഉറപ്പുവരുത്തും. എല്ലാ ആഴ്ചയിലും മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കും. സ്ക്കൂളുകൾ കേന്ദ്രീകരിച്ച് സ്ക്കൂൾ ആരോഗ്യ പദ്ധതി വിപുലമായ രീതിയിൽ നടത്തും. കൊച്ചി നഗരസഭക്കുവേണ്ടി 8.65 കോടി രൂപയുടെ പദ്ധതിയാണ് നടപ്പിലാക്കുന്നത്.

## ആശുപത്രികളിൽ അടിസ്ഥാന സൗകര്യവികസനം

102. നഗരസഭയുടെ കീഴിലുള്ള മുഴുവൻ ആശുപത്രികളേയും ഒരു ഏകോപിത മാനേജുമെന്റിന്റെ കീഴിൽ കൊണ്ടുവരികയും പ്രവർത്തനങ്ങൾക്ക് വ്യക്തമായ മാനദണ്ഡങ്ങളും രൂപരേഖയും തയ്യാറാക്കും. എല്ലാ ആശുപത്രികളുടെയും അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കുകയും ആവശ്യമായ സുരക്ഷിതത്വ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യും.

103. ഡിവിഷനുകൾ കേന്ദ്രീകരിച്ച് ഹോമിയോ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കും. കൂടുതൽ ഹോമിയോ ഡിസ്പെൻസറികൾ നിർമ്മിക്കും. ഫോർട്ടുകൊച്ചി വെളി ആയുർവേദ ആശുപത്രി നവീകരിക്കും.

104. ഈ പ്രവർത്തനങ്ങൾക്കായി 2 കോടി രൂപ നീക്കി വെക്കുന്നു.

## മേയേഴ്സ് മീൽ

105. വിദ്യാഭ്യാസ നിലവാരത്തിലും മറ്റനുബന്ധ സൗകര്യങ്ങളിലും കേരളം ഏറെ മുന്നിലാണ്. നമ്മുടെ സ്ക്കൂളുകളിലെല്ലാം വിദ്യാർത്ഥികൾക്ക് ഉച്ചക്കഞ്ഞി വിതരണം മാതൃകാപരമായ രീതിയിൽ നടക്കുന്നുണ്ട്. നമ്മുടെ നഗരത്തിലെ കുട്ടികൾക്ക് നിലവിലെ ഉച്ചക്കഞ്ഞി മാറ്റി പകരം വിഭവ സമൃദ്ധമായ ഊണ് നൽകുന്ന പദ്ധതിയായ മേയേഴ്സ് മീൽ ഈ ബജറ്റ് അഭിമാനപൂർവ്വം പ്രഖ്യാപിക്കുന്നു. നഗരത്തിലെ മുഴുവൻ സർക്കാർ സ്ക്കൂളുകളിലെ കുട്ടികളും ഈ പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കും. കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീസുമായി സഹകരിച്ചു കൊണ്ടായിരിക്കും പദ്ധതി നടപ്പിലാക്കുക.

## വിദ്യാർത്ഥിനികൾക്ക് സൈക്കിൾ

106. നഗരത്തിൽ മോട്ടോർ വാഹനങ്ങളുടെ പെരുപ്പം ഗതാഗതക്കുരുക്കിനോടൊപ്പം പാരിസ്ഥിതിക പ്രശ്നങ്ങളും ഉണ്ടാക്കുന്നുണ്ട്. പഴയകാലത്ത് സജീവമായിരുന്ന സൈക്കിൾ ഇന്ന് നിരത്തിൽ നിന്നും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. ദൗർഭാഗ്യവശാൽ ഇന്നത്തെ സ്ക്കൂൾ കുട്ടികൾ പോലും സൈക്കിളിനെ ഉപേക്ഷിച്ച് മോട്ടോർ വാഹനങ്ങളിൽ അഭയം തേടിയിരിക്കുന്നു. നഗരത്തിൽ സൈക്കിൾ പോലുള്ള നോൺ മോട്ടോറൈസ്ഡ് വാഹനങ്ങളെ പ്രോത്സാഹിപ്പിക്കാനും സ്ക്കൂൾ കുട്ടികളുടെ ആരോഗ്യം മെച്ചപ്പെടുത്താനും നഗരത്തിലെ മുഴുവൻ ഹൈസ്ക്കൂൾ വിദ്യാർത്ഥിനികൾക്കും സൈക്കിൾ വിതരണം ചെയ്യും. ആദ്യ ഘട്ടത്തിൽ നഗരത്തിലെ സർക്കാർ ഹൈസ്ക്കൂളുകളിലെ 200 വിദ്യാർത്ഥിനികൾക്കായിരിക്കും ഈ പദ്ധതിയിലൂടെ സൈക്കിൾ ലഭിക്കുക.

107. ഇതിനായി 10 ലക്ഷം രൂപ വകയിരുത്തുന്നു.

## ലാംഗ്വേജ് ലാബ്

108. ഭാഷയുടെ ലളിതവും ശാസ്ത്രീയവുമായ പഠനത്തിന് ലോകത്തിലെ മികച്ച യൂണിവേഴ്സിറ്റികളും കലാലയങ്ങളും അവലംബിച്ചിട്ടുള്ള അത്യാധുനിക പഠനസാമഗ്രികളുപയോഗപ്പെടുത്തിയുള്ള സംവിധാനമാണ് ലാംഗ്വേജ് ലാബ്. നമ്മുടെ കുട്ടികളുടെ ഭാഷാപരമായ കഴിവുകൾ വികസിപ്പിക്കുന്നതിനും ആശയവിനിമയത്തിൽ അവരെ പ്രാവീണ്യരാക്കുന്നതിനുമായി നഗരത്തിൽ ലാംഗ്വേജ് ലാബുകൾ നിർമ്മിക്കും. തെരെഞ്ഞെടുക്കപ്പെടുന്ന സ്ക്കൂളുകൾ കേന്ദ്രീകരിച്ചായിരിക്കും ലാബുകൾ ഏർപ്പെടുത്തുക. എല്ലാ വിദ്യാർത്ഥികൾക്കും ലാംഗ്വേജ് ലാബിൽ പരിശീലനം നടത്താനുള്ള അവസരമൊരുക്കും. ലാംഗ്വേജ് ലാബിനാവശ്യമായ എല്ലാ സൗകര്യങ്ങളും നഗരസഭ ലഭ്യമാക്കും.

109. ഈ പദ്ധതിക്ക് 20 ലക്ഷം രൂപ വകയിരുത്തുന്നു.

## എസ്.ആർ.വി. സ്ക്കൂളിൽ ഓഡിറ്റോറിയം

110. 1845 ൽ കൊച്ചി രാജവംശത്താൽ സ്ഥാപിക്കപ്പെട്ട ശ്രീ രാമവർമ്മ സ്ക്കൂൾ നഗരത്തിന് നൽകിയിട്ടുള്ള സംഭാവനകൾ ശ്രദ്ധേയമാണ്. നഗരകേന്ദ്രത്തിൽ സ്ഥിതിചെയ്യുന്ന ഈ സ്ക്കൂളിൽ പുതിയ ഓഡിറ്റോറിയം നിർമ്മിക്കുന്നതാണ്. സംസ്ഥാന മത്സരങ്ങൾക്ക് അരങ്ങൊരുക്കാൻ പാകത്തിലുള്ള ആധുനിക രീതിയിലുള്ള ഓഡിറ്റോറിയമാണ് എസ്.ആർ.വി. സ്ക്കൂളിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്.

111. ഈ പദ്ധതിക്കായി 20 ലക്ഷം രൂപ വകയിരുത്തുന്നു.

## സർക്കാർ സ്ക്കൂളുകളിലെ ഭൗതിക സൗകര്യ വികസനം

112. നഗരസഭയുടെ നിയന്ത്രണത്തിലുള്ള സ്ക്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കുകയും ക്ലാസ് മുറികൾ അന്താരാഷ്ട്ര നിലവാരത്തിലുള്ളതാക്കി മാറ്റുകയും ചെയ്യും. സ്ക്കൂളുകളിലെ കളിസ്ഥലം കൂടുതൽ മെച്ചപ്പെടുത്തും. നടപ്പാതകളിൽ ടൈൽസ് വിരിക്കുകയും സ്ക്കൂൾ കോമ്പൗണ്ട് മതിൽ കെട്ടി സംരക്ഷിക്കുകയും ചെയ്യും. വിദ്യാർത്ഥികൾക്കായി കൂടുതൽ ടോയ്‌ലറ്റുകൾ നിർമ്മിക്കും.

113. വെല്ലിംഗ്ടൺ ഐലന്റ് സ്ക്കൂൾ, പൊന്നുരുന്നി എൽ.പി.എസ്, എസ്.ആർ.വി (ഡി) എൽ.പി.എസ്, എസ്.ആർ.വി. (ഡി) യു.പി.എസ്, ഇടപ്പള്ളി ഗവ. യു.പി.എസ്, ഇടപ്പള്ളി എച്ച്.എസ്, ഫോർട്ടുകൊച്ചി ഗവ. ബി.ടി.എസ്, ഫോർട്ടുകൊച്ചി ഇ.എം.ജി.എച്ച്.എസ്.എസ്, ജി.ജി.എൽ.പി.എസ്. എറണാകുളം, എസ്.ആർ.വി. മോഡൽ വി.എച്ച്.എസ്, നോർത്ത് ഇടപ്പള്ളി ജി.വി.എച്ച്.എസ്, നോർത്ത് ഇടപ്പള്ളി ജി.എച്ച്.എസ്, പാടിവട്ടം ഗവ.എൽ.പി.എസ്, തേവര ജി.ആർ.എഫ്.ടി.വി.എച്ച്.എസ്.എസ്, മട്ടാഞ്ചേരി ജി.ജി.എച്ച്.എസ്, മട്ടാഞ്ചേരി എച്ച്.എസ്.എസ്. എന്നിവയുൾപ്പെടെ എല്ലാ സ്ക്കൂളുകളിലെയും അറ്റകുറ്റപ്പണികൾ ഈ സാമ്പത്തികവർഷംതന്നെ പൂർത്തീകരിക്കും.

114. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യവികസനത്തിനായി 2 കോടി രൂപ നീക്കിവെക്കുന്നു.

## എല്ലാ സ്ക്കൂളുകളിലും ബയോഗ്യാസ് പ്ലാന്റുകൾ

115. നഗരത്തിലെ എല്ലാ സ്ക്കൂളുകളിലും ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കും. അതുവഴി സ്ക്കൂളുകളിലെ മാലിന്യം സംസ്ക്കരിക്കപ്പെടുകയും അവ ഇന്ധനമായി ഉപയോഗിക്കുകയും ചെയ്യും. കൊച്ചി നഗരസഭയും ശുചിത്വമിഷനും കൈകോർത്തുകൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. നഗരത്തിലെ സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് സ്ക്കൂളുകൾ ഉൾപ്പെടെയുള്ള എല്ലാ സ്ക്കൂളുകളിലും പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാരിൽ നിന്നും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിനുള്ള സാമ്പത്തിക സഹായം നൽകുന്നത് ശുചിത്വമിഷനാണ്.

116. സ്ക്കൂൾ അവധിക്കാലമായ ഏപ്രിൽ മെയ് മാസങ്ങളിൽ എല്ലാ സ്ക്കൂളുകളിലും പ്ലാന്റ് സ്ഥാപിച്ച് അടുത്ത അധ്യയനവർഷാരംഭമായ ജൂണിൽ പ്രവർത്തനസജ്ജമാക്കും.

## ന്യൂ കൊച്ചി ടൗൺഷിപ്പ്

117. ഒരു നഗരം വലുതാകുമ്പോൾ അതിനോടനുബന്ധിച്ച് ഒരു പുതിയ ടൗൺഷിപ്പ് നിർമ്മിച്ച് വികസന പ്രക്രിയ ത്വരിതപ്പെടുത്താറുണ്ട്. ഡൽഹിയിൽ ന്യൂ ഡൽഹി, കൊൽക്കത്തയിൽ ന്യൂ കൊൽക്കത്ത, പൂനെയിൽ ന്യൂ പൂനെ എന്നിങ്ങനെ ഉദാഹരണങ്ങൾ നമുക്ക് ചുറ്റുമുണ്ട്. ആ മാതൃക ഉൾക്കൊണ്ടുകൊണ്ട് കൊച്ചിയെന്ന നഗരം വലുതാകുന്നതിനോടനുബന്ധിച്ച് ന്യൂ കൊച്ചിയെന്ന പുതിയൊരു ടൗൺഷിപ്പ് എന്ന ആശയം ഈ ബജറ്റ് വിഭാവനം ചെയ്യുന്നു. നഗരത്തിന്റെ സമഗ്രമായ സുസ്ഥിര വികസനം മുന്നിൽ ക്കണ്ടുകൊണ്ട് വിഭാവനം ചെയ്യുന്നതാണ് 'ന്യൂകൊച്ചി ടൗൺഷിപ്പ്'.

118. നഗരത്തിന്റെ കിഴക്കൻ മേഖലയിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തി ആവാസസ്ഥലങ്ങൾ, വാണിജ്യ വ്യവസായ സ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ, ആശുപത്രികൾ, ഷോപ്പിംഗ് മാളുകൾ, പാർക്കുകൾ, കളിസ്ഥലങ്ങൾ എന്നിങ്ങനെ വിവിധ സ്ഥാപനങ്ങൾ ഈ ടൗൺഷിപ്പിനുള്ളിൽ നിർമ്മിക്കും.

119. വിദേശരാജ്യങ്ങളിൽ നിലവിലുള്ള ഇന്റർനാഷണൽ റസിഡന്റ് ഹബ്ബ് മോഡലിലുള്ള ആവാസ വ്യവസ്ഥ ഇവിടെ നടപ്പിലാക്കും. കൂടുതൽ നിക്ഷേപങ്ങളും തൊഴിലവസരങ്ങളും ഈ മേഖല കേന്ദ്രീകരിച്ച് ലഭ്യമാക്കും. കുടിവെള്ളം, ആധുനിക റോഡുകൾ, സ്ട്രീറ്റ് ഫർണീച്ചറുകൾ, മാലിന്യനിർമ്മാർജ്ജനം സംവിധാനങ്ങൾ, തെരുവുവിളക്കുകൾ, സ്വീവേജ് സംവിധാനങ്ങൾ എന്നിങ്ങനെയുള്ള അടിസ്ഥാന വികസന സംവിധാനങ്ങൾ അന്തർദേശീയ നിലവാരത്തിൽ ലഭ്യമാക്കും. വ്യക്തമായ ആസൂത്രണത്തോടെ സംസ്ഥാപിക്കുന്ന ന്യൂകൊച്ചി ടൗൺഷിപ്പ് കേരളത്തിലെ ആദ്യത്തെ Planned and Designed Urban Landscape ആയിരിക്കും.

120. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കും പഠനത്തിനുമായി 50 ലക്ഷം രൂപ അനുവദിക്കുന്നു.

## കൊച്ചിയിൽ സ്ട്രീറ്റ് ഫർണീച്ചറുകൾക്ക് ആധുനിക മുഖം

121. നഗരത്തിലെ പൊതുസ്ഥലങ്ങളിൽ അത്യാധുനികമായ സ്ട്രീറ്റ് ഫർണീച്ചറുകൾ സ്ഥാപിക്കും. ഡൽഹി, മുംബൈ, ബാംഗ്ലൂർ എന്നീ നഗരങ്ങളിൽ അത്യാധുനിക രീതിയിലുള്ള സ്ട്രീറ്റ് ഫർണീച്ചറുകൾ സ്ഥാപിച്ച് നഗരത്തെ മനോഹരമാക്കുകയും അതിന്റെ പരിപാലനവും സൗജന്യമായി നടത്തി വരികയും ചെയ്യുന്ന ഫ്രഞ്ച് കമ്പനിയായ ജെസിഡെക്കോയുമായി ഇക്കാര്യത്തിൽ സഹകരിക്കും.

122. ഇന്ത്യയിലെ ഫ്രഞ്ച് എംബസിയുടെ നേതൃത്വത്തിൽ കേന്ദ്ര നഗരവികസന മന്ത്രാലയത്തിന്റെ സഹകരണത്തോടെ നടന്നുവരുന്ന ഇൻഡോ-ഫ്രഞ്ച് ലോക്കൽ കോ-ഓപ്പറേഷന്റെ തുടർപ്രവർത്തനങ്ങളുടെ ഭാഗമായാണ് കൊച്ചിയിൽ ഈ പദ്ധതി നടപ്പിലാക്കുന്നത്.

123. ഓരോ പ്രദേശത്തിന്റേയും പ്രത്യേകതകൾക്കനുസരിച്ചുള്ള സ്ട്രീറ്റ് ഫർണീച്ചറുകളായിരിക്കും പ്രത്യേകം രൂപകൽപ്പന ചെയ്ത് സ്ഥാപിക്കുക. സ്ട്രീറ്റ് ഫർണീച്ചറുകളിൽ സ്ഥാപിക്കുന്ന പരസ്യങ്ങളിൽ നിന്നും വരുമാനം കണ്ടെത്തിക്കൊണ്ടായിരിക്കും പദ്ധതി നടപ്പിലാക്കുക.

124. അന്താരാഷ്ട്ര നിലവാരത്തിലുള്ള ബസ് ഷെൽട്ടറുകൾ, ഇരിപ്പിടങ്ങൾ, വിശ്രമ കേന്ദ്രങ്ങൾ, കിയോസ്കുകൾ, ബാത്ത് റൂമുകൾ, മീഡിയനുകൾ, പൊതു സ്ഥലങ്ങളുടെ സൗന്ദര്യവൽക്കരണം, എന്നിവയടക്കമുള്ള സ്ട്രീറ്റ് ഫർണി ച്ചറുകളാണ് കൊച്ചിയിൽ സ്ഥാപിക്കുക. പരീക്ഷണാടിസ്ഥാനത്തിൽ കെ.ടി.ഡി.സി. ജംഗ്ഷൻ മുതൽ രാജേന്ദ്രമൈതാനം വരെയുള്ള റോഡിൽ ഈ പദ്ധതി നടപ്പിലാക്കും. തുടർന്ന് നഗരത്തിന്റെ വിവിധ മേഖലകളിലേക്ക് പദ്ധതി വ്യാപിപ്പിക്കും.

## ഫോർട്ടുകൊച്ചി-മട്ടാഞ്ചേരി പ്രദേശങ്ങളുടെ വികസനം

125. കൊച്ചിയുടെ ടൂറിസം ഗേറ്റ്വേ ആയി നിലകൊള്ളുന്ന ഫോർട്ടുകൊച്ചി മട്ടാഞ്ചേരി പ്രദേശങ്ങളുടെ വികസനത്തിനായി ഒരു കർമ്മപദ്ധതിക്ക് രൂപം കൊടുക്കുന്നു. ഒരു വർഷം മുതൽ മൂന്ന് വർഷം വരെയുള്ള കാലയളവി നുള്ളിൽ തീർക്കാവുന്ന, ആദ്യഘട്ടത്തിൽ ഫോർട്ടുകൊച്ചി ബീച്ചിന്റെ നവീ കരണം, മട്ടാഞ്ചേരി ഫോർട്ടുകൊച്ചി ഫോർട്ട് വൈപ്പിൻ ജെട്ടികളുടെ പുനരു ദ്ധാരണം, വാസ്കോഡഗാമ സ്ക്വയർ എന്നിവയുടെ വികസനം ഉൾപ്പെ ടുന്നു. ബീച്ച് വികസനത്തിൽ ബീച്ചിന്റെ ശുചീകരണം, ഇരിപ്പിടങ്ങൾ സ്ഥാ പിക്കൽ, സോളാർ ലൈറ്റുകൾ സ്ഥാപിക്കൽ എന്നിവ ഉൾപ്പെടുന്നു. പദ്ധതി പ്രദേശങ്ങളുമായി ബന്ധപ്പെട്ട ജെട്ടികൾ ആധുനികരീതിയിൽ നിർമ്മിക്കപ്പെ ടും. മേൽക്കൂരകൾ, കാത്തുനിൽപ്പ് പുരകൾ, ചരിത്രവിവരണങ്ങൾ, ഇരിപ്പിടങ്ങൾ എന്നിവ ജെട്ടിവികസനത്തിൽ ഉൾപ്പെടുന്നു.

126. മൂന്ന് വർഷം മുതൽ അഞ്ച് വർഷങ്ങൾക്കുള്ളിൽ പൂർത്തീകരിക്കാൻ ലക്ഷ്യ മിടുന്ന രണ്ടാംഘട്ടത്തിൽ ഇരിപ്പിടങ്ങളും തെരുവുവിളക്കുകളും വശങ്ങ ളിൽ പുൽത്തകിടി പാകിയ നടപ്പാതകളും സ്ഥാപിച്ച് പൊതുസ്ഥലങ്ങൾ മനോഹരമാക്കി പരിപാലിക്കും. മട്ടാഞ്ചേരിയിൽ സ്പൈസ് മ്യൂസിയം, തെരുവുകളിൽ സോളാർ വിളക്കുകൾ, ചരിത്രവും വിവരണവുമുള്ള സൂച കങ്ങൾ എന്നിവ സ്ഥാപിക്കും. ഫോർട്ടുകൊച്ചി മട്ടാഞ്ചേരി പ്രദേശങ്ങൾക്ക് പ്രത്യേകമായി മാലിന്യസംസ്ക്കരണ സംവിധാനം ഏർപ്പെടുത്തും. പൈതൃക കെട്ടിടങ്ങളിൽ അറ്റകുറ്റപ്പണികൾ ചെയ്ത് പഴമയെ പരിപാലിക്കും.

127. യുണസ്കോയുടേയും സംസ്ഥാന ടൂറിസം വകുപ്പിന്റേയും സഹായത്തോടെയായിരിക്കും പദ്ധതി നടപ്പിലാക്കുക.

**ബ്രോഡ്‌വേ നവീകരണ പദ്ധതി**

128. ജവഹർലാൽ നെഹ്റു ദേശീയ നഗര നവീകരണ പദ്ധതിയിലുൾപ്പെടുത്തി ബ്രോഡ്‌വേയുടെ വികസനത്തിനായി 'പ്രൊജക്ട് ടു റീവാംപ് ദി ഹിസ്റ്റോറിക് ട്രേഡിംഗ് ഏരിയ ആന്റ് കൾച്ചറൽ ലാന്റ്സ്കേപ്പ് എറൗണ്ട് ബ്രോഡ്‌വേ ഇൻ കൊച്ചിൻ' എന്ന കൊച്ചി നഗരസഭ സമർപ്പിച്ച 25 കോടിയുടെ പദ്ധതിക്ക് ഇതിനകം കേരള സർക്കാർ അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. ബ്രോഡ്‌വേയിലെ റോഡുകളുടെ പുനർനിർമ്മാണം, പൊതുസ്ഥലങ്ങളുടെ പരിപാലനം, പൈതൃക കെട്ടിടങ്ങളുടെ സംരക്ഷണം, അടയാളങ്ങളും സൂചകങ്ങളും സ്ഥാപിക്കൽ, മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ, വെള്ളക്കെട്ടു തടയുന്നതിനുള്ള സംവിധാനങ്ങൾ, പാർക്കിംഗ് സൗകര്യങ്ങൾ, നടപ്പാതകൾ നിർമ്മിക്കൽ എന്നിങ്ങനെ പ്രദേശത്തിന്റെ സർവ്വോന്മുഖമായ വികസനം ലക്ഷ്യമിടുന്ന പ്രവർത്തനങ്ങളാണ് പദ്ധതിയിലുൾപ്പെടുത്തിയിരിക്കുന്നത്.

129 ബ്രോഡ്‌വേയുടെ പൈതൃകം നിലനിർത്തിക്കൊണ്ട് പുതിയൊരു നാഗരികത പുനർനിർമ്മിക്കും. കാൽനട യാത്രികർക്ക് പ്രഥമ പരിഗണന നൽകിക്കൊണ്ട് ബ്രോഡ്‌വേയിലെ എല്ലാ ചെറിയ വീഥികളേയും തമ്മിൽ ബന്ധിപ്പിക്കുന്ന പുതിയൊരു നെറ്റ്‌വർക്ക് രൂപപ്പെടുത്തും. കോയിത്തറ ബസാർ യാർഡ്, മേത്തർ ബസാർ റോഡ്, കോയിത്തറ ബിൽഡിംഗിന് ചുറ്റുമുള്ള റോഡുകൾ, ബ്രോഡ്‌വേക്ക് സമാന്തരമായ റോഡുകൾ, ചേംബർ റോഡ്, ക്ലോത്ത് ബസാർ റോഡ്, മാർക്കറ്റ് റോഡ്, ജ്യൂ സ്ട്രീറ്റ് എന്നിങ്ങനെ ബ്രോഡ്‌വേയുമായി ബന്ധപ്പെട്ട് കിടക്കുന്ന മുഴുവൻ റോഡ് നെറ്റ്‌വർക്കും ഈ പദ്ധതിയിലുൾപ്പെടും.

## ടൗൺ ഹാളുകളുടെ പുനരുദ്ധാരണം

130. അനവധി ചരിത്ര മുഹൂർത്തങ്ങൾക്ക് വേദിയായിട്ടുള്ള എറണാകുളം, മട്ടാഞ്ചേരി ടൗൺഹാളുകൾ പുതുക്കിപ്പണിയുമെന്ന് മുൻ ബജറ്റിൽ പ്രഖ്യാപിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ആയതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. എറണാകുളം ടൗൺഹാൾ, മട്ടാഞ്ചേരി ടൗൺഹാൾ എന്നിവ ആധുനികരീതിയിൽ പുതുക്കിപ്പണിത് ഈ സാമ്പത്തിക വർഷം തന്നെ നാടിന് സമർപ്പിക്കും.

## മൾട്ടി സ്റ്റോറീഡ് ബിൽഡിംഗ് & ഗസ്റ്റ് ഹൗസ്

131. എറണാകുളം സൗത്തിൽ സ്ഥിതി ചെയ്യുന്ന നഗരസഭ ഓഫീസേഴ്സ് ക്വാർട്ടേഴ്സ് പൊളിച്ച് മാറ്റി അവിടെ മൾട്ടി സ്റ്റോറീഡ് ബിൽഡിംഗും ഗസ്റ്റ് ഹൗസും നിർമ്മിക്കും. പദ്ധതിപ്രവർത്തനം ഈ സാമ്പത്തികവർഷം തന്നെ ആരംഭിക്കും.

132. ഇതിനായി 50 ലക്ഷം രൂപ നീക്കി വെക്കുന്നു.

## പൊതു പാർക്കുകളുടെ നവീകരണം

133. സുഭാഷ്ബോസ് പാർക്കും നെഹ്റു പാർക്കും ഉൾപ്പെടെയുള്ള എല്ലാ പൊതു പാർക്കുകളും അന്താരാഷ്ട്ര്രനിലവാരത്തിൽ നവീകരിക്കും. പാർക്കുകളിൽ കൂടുതൽ ചെടികൾ നട്ടുവളർത്തുകയും ലാന്റ്സ്കേപ്പിംഗ് ചെയ്ത് ദൃശ്യമനോഹരമാക്കുകയും ചെയ്യും. ഗ്ലാസ്സ് മേൽക്കൂരയുള്ള ഇരിപ്പിടങ്ങൾ, കുട്ടികൾക്കായുള്ള കളി ഉപകരണങ്ങൾ, മികച്ച ടോയ്‌ലറ്റ് സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തും.

134. പാർക്കുകളുടെ നവീകരണത്തിനായി 2 കോടി രൂപ നീക്കിവെക്കുന്നു.

## Neighbourhood Play Fields

135. സെക്കുലാർ സ്പേസുകൾ സൃഷ്ടിക്കുന്ന വിശാലമായ ലോകമാണ് പൊതു കളിസ്ഥലങ്ങൾ. വോളിബോളും ഫുട്ബോളും ക്രിക്കറ്റും ഉൾപ്പെടെയുള്ള കായിക വിനോദങ്ങൾ പരസ്പര സഹവർത്തിത്വത്തിന്റെ സന്ദേശമാണ്

നൽകുന്നത്. സ്പോർട്സ്മാൻ സ്പിരിറ്റ് എന്ന പദംപോലും കായികവുമായി ബന്ധപ്പെട്ടുള്ളതാണ്. നഗരത്തിലെ കുട്ടികളുടെ കായിക വിനോദത്തിനും പരസ്പര കൂട്ടായ്മക്കും സഹവർത്തിത്വത്തിനും അവസരമൊരുക്കാൻ നഗരസഭ Neighbourhood Play Fields എന്ന ആശയത്തിൽ പുതിയ കളിസ്ഥലങ്ങൾ നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ നിർമ്മിക്കും.

136. ഇതിനായി 20 ലക്ഷം രൂപ വകയിരുത്തുന്നു.

## ഫോർട്ട് വൈപ്പിനിൽ ഗസ്റ്റ് ഹൗസ് കം കൾച്ചറൽ സെന്റർ

137. പ്രകൃതി സൗന്ദര്യം കൊണ്ട് മനോഹരമായ ഫോർട്ട് വൈപ്പിനിൽ നിലവിലുള്ള ബസ് സ്റ്റാന്റ് നിലനിർത്തി അതിനോട് ചേർന്ന് ഗസ്റ്റ് ഹൗസ് കം കൾച്ചറൽ സെന്റർ സ്ഥാപിക്കും. നഗരസഭയിലെത്തുന്ന വിദേശ അതിഥികളടക്കമുള്ളവരെ താമസിപ്പിക്കാനുതകുന്ന തരത്തിലായിരിക്കും ഗസ്റ്റ് ഹൗസ്. അതിനോട് ചേർന്നു നിർമ്മിക്കാനുദ്ദേശിക്കുന്ന കൾച്ചറൽ സെന്റർ പ്രദേശത്തിന്റെ സാംസ്ക്കാരിക വികാസത്തിന്റെ നട്ടെല്ലായി പ്രവർത്തിക്കും.

138. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 20 ലക്ഷം വകയിരുത്തുന്നു.

## വെല്ലിംഗ്ടൺ ഐലന്റിൽ ലോകോത്തര നിലവാരമുള്ള വാക്ക്‌വേ

139. തോപ്പുംപടി ബി.ഒ.ടി. പാലം മുതൽ അലക്സാണ്ടർ പറമ്പിത്തറ പാലം വരെ കായലിനോട് ചേർന്ന് 3 കിലോമീറ്റർ നീളത്തിൽ കായൽ തീരത്ത് അന്താരാഷ്ട്ര നിലവാരത്തിലുള്ള 'ലേക്ക് ഓഫ് ജനീവ' തീരത്തെ വാക്ക്‌വേയുടെ മോഡലിൽ വാക്ക്‌വേ നിർമ്മിക്കും. കേരളത്തിലെ തന്നെ ഏറ്റവും ആകർഷകമായ പൊതുസ്ഥലമായി ഈ വാക്ക്‌വേ പാർക്കിനെ മാറ്റും.

140. ഇതിനായി ജവഹർലാൽ നെഹ്റു ദേശീയ നഗരനവീകരണ പദ്ധതിയിലുൾപ്പെടുത്തി 11 കോടി രൂപയുടെ പദ്ധതി കേരള സർക്കാർ അംഗീകാരത്തോടെ കേന്ദ്രത്തിൽ ഇതിനകം തന്നെ സമർപ്പിച്ചിട്ടുണ്ട്.

## നഗര ചത്വരം

141. കലയും സംസ്ക്കാരവും എന്നും കൊച്ചിയെന്ന രണ്ടക്ഷരങ്ങളോട് ചേർന്നു നിന്നിരുന്നു. മഹാരാജാസ് കോളേജും ബോട്ടുജെട്ടിയും ഫോർട്ടുകൊച്ചിയും കായലോരവും കൊച്ചിയുടെ സാംസ്കാരിക സന്ധ്യകളെ എന്നും സജീവ മാക്കിയിരുന്നു. യശഃശരീരരായ ജി.ശങ്കരക്കുറുപ്പ്, ചങ്ങമ്പുഴ കൃഷ്ണപിള്ള, ഇടപ്പള്ളി രാഘവൻ പിള്ള, ബഷീർ, വൈലോപ്പിള്ളി, കേസരി എ. ബാല കൃഷ്ണപിള്ള, കേശവദേവ്, പി.ജെ ആന്റണി, എന്നിങ്ങനെ കൊച്ചിയിൽ ജീവിച്ച പ്രഗത്ഭർ എത്രയോ പേർ.

142. കൊച്ചിയുടെ സാംസ്ക്കാരിക മണ്ഡലത്തെ ഇന്നും സജീവമാക്കുന്ന കലാ കാരന്മാർ നിരവധിയായുണ്ട്. പക്ഷേ വളരെ സക്രിയമായി പ്രവർത്തിക്കുന്ന ഈ കലാകാരന്മാർക്ക് ഒരുമിച്ചു കൂടി കഥപറയാനോ, കവിത ചൊല്ലാനോ സർഗ്ഗ സാഹിത്യ സൃഷ്ടികൾ അവതരിപ്പിക്കാനോ പറ്റിയ ഒരു പൊതു ഇട ത്തിന്റെ അപര്യാപ്തത കൊച്ചിക്കുണ്ട്.

143. കൊച്ചിയുടെ സാംസ്കാരിക സന്ധ്യകളെ ഊർജ്ജസ്വലമാക്കുന്നതിനും കലാ സാഹിത്യ സാംസ്ക്കാരിക രംഗങ്ങളിൽ ഉണർവ്വേറ്റുന്നതിനുമായി 'നഗര ചത്വരം' എന്ന പേരിൽ പൊതുഇടം സജ്ജമാക്കും. ഇതിനായി നഗരത്തിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തും. ഇരുന്നൂറ് പേർക്ക് ഇരുന്ന് പരിപാടി നടത്താനുള്ള പ്രകൃതിയോടിണങ്ങുന്ന രീതിയിലുള്ള നിർമ്മാണരീതിയായി രിക്കും 'നഗര ചത്വര'ത്തിനായി ഉപയോഗപ്പെടുത്തുക.

144. 'നഗര ചത്വരം' സജ്ജീകരിക്കുന്നതിന്റെ പ്രാരംഭപ്രവർത്തനങ്ങൾക്കായി 10 ലക്ഷം രൂപ വകയിരുത്തുന്നു.

## ഫെസ്റ്റിവൽ ഓഫ് കൊച്ചിൻ

145. കൊച്ചിയിൽ സമകാലിക കലകളുടെ ഉത്സവമായിരുന്നു കഴിഞ്ഞ ബിനാലെ ക്കാലം. പശ്ചിമകൊച്ചിയുടെ തെരുവോരങ്ങൾ കലാസൃഷ്ടികളാൽ സമ്പന്ന

മായി. വിവിധ രാജ്യത്തുനിന്നും വിവിധ സംസ്ക്കാരങ്ങളിൽ നിന്നും 'കല' എന്ന രണ്ടക്ഷരം എല്ലാവരേയും കൊച്ചിയിലേക്ക് മാടിവിളിച്ചു. വിവിധ സംസ്ക്കാരങ്ങൾ ഇഴുകിച്ചേർന്ന കലാപ്രദർശനം കാണാനായി മാത്രം ഏകദേശം 3.50 മുതൽ 4 ലക്ഷം വരെ ജനങ്ങൾ കൊച്ചിയിൽ എത്തിച്ചേർന്നു. ഓരോ ദിവസവും 500 മുതൽ 700 വരെ വിദേശികൾ കൊച്ചിയിലെത്തി. ഇവരുടെ ഈ സഞ്ചാരം കൊച്ചിയുടെ വാണിജ്യ വ്യവസായ മേഖലകൾക്ക് പുത്തനുണർവ്വ് നൽകി. കഴിഞ്ഞ സീസണിൽ കേരളത്തിന്റെ ടൂറിസ്റ്റ് വരുമാനം മുൻവർഷങ്ങളെ അപേക്ഷിച്ച് പിന്നോക്കമായിരുന്നപ്പോഴും കൊച്ചി ഇതിനൊരപവാദമായിരുന്നു. ഹോട്ടൽ വ്യവസായം മാത്രമല്ല ഓട്ടോറിക്ഷ, ടാക്സി, മത്സ്യമേഖല, കരകൗശല വസ്തുവിപണനക്കാർ എന്നിങ്ങനെ സമസ്ത മേഖലകളും സജീവമായി. കൂടുതൽ ജനങ്ങൾക്ക് തൊഴിലവസരങ്ങൾ കൈവന്നു.

146. 2013-ൽ കൊച്ചിൻ ഇന്റർനാഷണൽ ഹാഫ് മാരത്തൺ എന്ന കായിക മാമാങ്കത്തിലൂടെ കൊച്ചി ടൂറിസം രംഗത്ത് ശ്രദ്ധ നേടി, ലോക കായിക ഭൂപടത്തിലും കൊച്ചി സ്വന്തമായ സ്ഥാനം ഉറപ്പിച്ചിരിക്കുകയാണ്. ടൂറിസം രംഗത്ത് ഇതിന്റെ മാറ്റൊലികൾ അലയടിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ബിനാലെ, മാരത്തൺ എന്നിങ്ങനെയുള്ള ഇന്റർനാഷണൽ ഇവന്റുകൾക്ക് വേദിയായി കൊച്ചിയെ ഒരുക്കുന്നത് നമ്മുടെ നഗരത്തെ ബ്രാന്റ് ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ്. അതുവഴി ടൂറിസം രംഗത്തിനുണ്ടാകുന്ന ഉണർവ്വ് സർവ്വമേഖലകളിലും പ്രതിഫലിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

147. 2014 ഡിസംബറിൽ ബിനാലെയും മാരത്തോണും സംഗമിക്കുന്ന അസുലഭ മുഹൂർത്തം കൊച്ചിയുടെ ടൂറിസം ചരിത്രത്തിൽ ഇടം പിടിക്കുക തന്നെ ചെയ്യും.

148. കൊച്ചിയുടെ ടൂറിസം മേഖലയെ കൂടുതൽ ആകർഷകമാക്കുകയെന്ന ലക്ഷ്യത്തോടെ എല്ലാ വർഷവും നഗരസഭയുടെ നേതൃത്വത്തിൽ ലോകത്തിലെ പ്രധാന നഗരങ്ങളിൽ സംഘടിപ്പിക്കുന്ന രീതിയിൽ 'ഫെസ്റ്റിവൽ ഓഫ് കൊച്ചിൻ' എന്ന വൻ സാംസ്കാരിക പരിപാടി സംഘടിപ്പിക്കും.

ഡിസംബർ ജനുവരി മാസങ്ങളിലായി രണ്ടാഴ്ചക്കാലം നീണ്ടുനിൽക്കുന്ന വൈവിധ്യമാർന്ന കലാ-സാംസ്കാരിക പരിപാടികളാണ് 'ഫെസ്റ്റിവൽ ഓഫ് കൊച്ചിനി'ലൂടെ ലക്ഷ്യമിടുന്നത്. സിനിമ, നാടകം, പാരമ്പര്യകലാരൂപങ്ങൾ, നൃത്തം, സാംസ്കാരിക പരിപാടികൾ, വിനോദ പരിപാടികൾ എന്നിങ്ങനെ വ്യത്യസ്തങ്ങളായ കലാരൂപങ്ങൾ ഈ ഉത്സവത്തിലൂടെ ഒന്നിക്കും.

149. 'ഫെസ്റ്റിവൽ ഓഫ് കൊച്ചിൻ' സംഘാടനം ലോകടൂറിസം ഭൂപടത്തിൽ ശ്രദ്ധ നേടുന്ന രീതിയിൽ കുറ്റമറ്റതും സാങ്കേതിക മികവോടുകൂടിയതുമായിരിക്കും.

## നഗരം ഊർജ്ജ സംരക്ഷണത്തിലേക്ക്

150. ഊർജ്ജ സംരക്ഷണം എന്ന ലക്ഷ്യം മുൻനിർത്തിയുള്ള വിവിധ പ്രവർത്തനങ്ങളാണ് കഴിഞ്ഞ കാലയളവുകളിൽ നാം ആസൂത്രണം ചെയ്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. നഗരത്തിലെ രാത്രി വെളിച്ചത്തിന് നിലവിൽ ഉപയോഗിച്ചു വരുന്ന സോഡിയം വേപ്പർ ലാമ്പുകളും മറ്റു തെരുവുവിളക്കുകളും മാറ്റിക്കൊണ്ട് ഊർജ്ജക്ഷമതയുള്ളതും കൂടുതൽ പ്രകാശം പരത്തുന്നതുമായ എൽ.ഇ.ഡി. ലൈറ്റുകൾ നഗരത്തിൽ മുഴുവൻ സ്ഥാപിക്കുന്നതാണ്.

151. നിലവിൽ വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഭാരിച്ച തുകയാണ് പ്രതിവർഷം നഗരസഭ ചെലവഴിക്കുന്നത്. നഗരത്തിലെ മുഴുവൻ തെരുവുവിളക്കുകളും എൽ.ഇ.ഡി. സംവിധാനത്തിലേക്ക് മാറ്റപ്പെടുന്നതോടെ ഈ തുകയിൽ പ്രകടമായ ലാഭം നമുക്ക് ലഭ്യമാകും.

152. കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളായ NTPC, PFC, REC, POWERGRID എന്നിവയുടെ 'കൺസോർഷ്യ'മായ 'എനർജി എഫിഷ്യൻസി സർവ്വീസസ് ലിമിറ്റഡ്' എന്ന സ്ഥാപനത്തിൽ നിന്നുള്ള വിദഗ്ദ്ധർ ഈ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഇതിനകം തന്നെ ആരംഭിച്ചിട്ടുണ്ട്.

153. ഊർജ്ജസംരക്ഷണവുമായി ബന്ധപ്പെട്ട് മാസ്റ്റർ പ്ലാൻ തയ്യാറാക്കി നഗരം മുഴുവൻ എൽ.ഇ.ഡി വെളിച്ചം വിതറുന്ന ഈ പദ്ധതി ESCO രീതിയിലായിരിക്കും നടപ്പിലാക്കുക. പദ്ധതി ഈ വർഷം തന്നെ നടപ്പിലാക്കും.

## എനർജി ഓഡിറ്റിംഗ്

154. ഊർജ്ജ സംരക്ഷണം നടപ്പാക്കുന്നതിന്റെ ഭാഗമായി നഗരത്തിൽ എനർജി ഓഡിറ്റിംഗ് നടത്തും. നിലവിൽ ഊർജ്ജം ഉപയോഗിക്കപ്പെടുന്ന അളവ്, മേഖലകൾ, ആവശ്യങ്ങൾ എന്നിവ സർവ്വേ ചെയ്യപ്പെടും. ഊർജ്ജം മിതമായി ഉപയോഗിക്കാവുന്ന രീതികളും സാധ്യതകളും ഇതിലൂടെ വ്യക്തമാക്കപ്പെടും. ഊർജ്ജ ലഭ്യതയും ആവശ്യകതയും ഉപയോഗവും വ്യക്തമായി നിരീക്ഷിക്കപ്പെടും. ഊർജ്ജനഷ്ടം സംഭവിക്കുന്ന മേഖലകൾ കണ്ടെത്തി അവയെ തടയാനുള്ള നടപടികളെടുക്കും. ഭാവിയിലേക്ക് ഊർജ്ജ സംരക്ഷണത്തെ മുൻനിർത്തിയുള്ള കർമ്മപദ്ധതികൾ നടപ്പിലാക്കും. ബഹു. കേന്ദ്ര സർക്കാരിന്റെ ഊർജ്ജ സംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തിൽ പൊതുമേഖലാ സ്ഥാപനമായ 'എനർജി എഫിഷ്യൻസി സർവ്വീസസ് ലിമിറ്റഡിന്റേയും' സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുക.

## സോളാർ സിറ്റി

155. ഊർജ്ജ സുരക്ഷ ഇന്ന് ആഗോളതലത്തിൽ നേരിടുന്ന പ്രധാന വെല്ലുവിളിയാണ്. ഫോസിൽ ഇന്ധനങ്ങളുടെ ദൗർലഭ്യം, ജനസംഖ്യാ വർദ്ധനവ്, വാഹനങ്ങളുടെ വർദ്ധനവ്, ആഗോളതാപനം ഇവയെല്ലാം ഊർജ്ജ പ്രതിസന്ധിക്ക് ആക്കം കൂട്ടുന്നു. ഊർജ്ജം ഉത്പാദിപ്പിക്കുന്നതു പോലെ തന്നെ പ്രധാനപ്പെട്ടതാണ് അവയുടെ സംരക്ഷണവും.

156. പുനസ്ഥാപിക്കാൻ സാധിക്കാത്തതും പാരമ്പര്യവുമായ ഊർജ്ജസ്രോതസ്സുകളെ മാത്രം ആശ്രയിച്ചുകൊണ്ട് നമുക്ക് മുന്നോട്ടു പോകാനാവില്ല. ഊർജ്ജ സംരക്ഷണ നടപടികൾ എടുക്കുവാനും പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ വികസിപ്പിക്കുവാനും പല നഗരങ്ങളും മുൻകൈ എടുത്തിട്ടുണ്ട്. 2022

ആകുമ്പോഴേയ്ക്കും സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന രാജ്യങ്ങളിൽ ഇന്ത്യ ഒന്നാമത്തേതാകണമെന്നുള്ള നിശ്ചയ ദാർഢ്യമനുസരിച്ചാണ് സോളാർ മിഷൻ പദ്ധതി 2009-ൽ ആരംഭിച്ചത്. പദ്ധതി പ്രകാരം ബൃഹത്തായ ഗവേഷണ വികസനവും ഇന്ത്യയിലുടനീളം അടിസ്ഥാന സൗകര്യങ്ങളും അനുബന്ധ വ്യവസായ സ്ഥാപനങ്ങളും രൂപീകരിച്ച് 2022 ആകുമ്പോഴേയ്ക്കും വിവിധ ഘട്ടങ്ങളിലായി 20,000 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഒരു നഗരമെന്ന നിലയിൽ നമുക്കും നമ്മളാൽ കഴിയുന്ന തരത്തിൽ പുനസ്ഥാപിക്കാൻ കഴിയുന്ന ഊർജ്ജത്തെ ഉത്പാദിപ്പിക്കേണ്ടതുണ്ട്. അത്തരമൊരു ലക്ഷ്യത്തിലാണ് സോളാർ സിറ്റി പദ്ധതിയുമായി നാം മുന്നോട്ടു പോകുന്നത്.

157. ഇന്റർനാഷണൽ കൗൺസിൽ ഫോർ ലോക്കൽ എൻവയോൺമെന്റൽ ഇനിഷ്യേറ്റീവ്സുമായി സഹകരിച്ച് നമ്മുടെ നഗരത്തെ സോളാർ സിറ്റിയാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളുമായി നാം ഏറെ മുന്നോട്ട് പോയിട്ടുണ്ട്. ഈ പദ്ധതിയുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന പ്രവർത്തനങ്ങളും പുരോഗമിച്ചുവരികയാണ്. ICLEI തന്നെയാണ് DPR തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്നത്. നഗരത്തിലെ തെരുവുവിളക്കുകൾ, ഓഫീസുകളിലെ വൈദ്യുതി എന്നിവ സോളാർ എനർജിയിലൂടെ പ്രവർത്തിക്കും. ഇതോടെ വൈദ്യുത ചാർജ്ജ് ഇനത്തിൽ നാം ചെലവഴിക്കുന്ന ഭാരിച്ച തുക ലാഭിക്കാനും മറ്റു വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാൻ സാധിക്കും. സോളാർ സിറ്റി പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ മിനിസ്ട്രി ഓഫ് ന്യൂ ആന്റ് റിന്യൂവബിൾ എനർജിയുടെ സഹായം ഉറപ്പാക്കിയിട്ടുണ്ട്.

158. ഇതിന്റെ പ്രവർത്തനങ്ങൾക്കായി 20 ലക്ഷം രൂപ നീക്കി വെക്കുന്നു.

## വാട്ടർ പോളിസി

159. നഗരവൽക്കരണത്തിന്റേയും വ്യാവസായികവൽക്കരണത്തിന്റേയും ഫലമായി കൊച്ചിയുടെ ജനസാന്ദ്രത വളരെ കൂടുതലാണ്. അതിനാൽ ലഭ്യമായ ഭൂഗർഭ ജലം അതിന്റെ അളവിലും ഗുണത്തിലും ജനങ്ങൾക്ക്

ലഭിക്കാതായിട്ടുണ്ട് എന്നത് വസ്തുതയാണ്. കൂടാതെ കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ടും വെള്ളവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നാം അനുഭവിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഭാവിതലമുറക്കായി ജലത്തെ കരുതിവെക്കാനുള്ള നടപടികളാണ് വാട്ടർ പോളിസിയിലൂടെ നടപ്പിലാക്കാനുദ്ദേശിക്കുന്നത്.

160. ജലം അമൂല്യമാണെന്നും അത് സംരക്ഷിക്കേണ്ടത് അത്യാവശ്യമാണെന്നുമുള്ള തിരിച്ചറിവിൽ നഗരത്തിൽ വാട്ടർ പോളിസി നടപ്പിലാക്കും. കൊച്ചി നഗരത്തിനായി സമ്പൂർണ്ണമായൊരു വാട്ടർ പോളിസി തയ്യാറാക്കുന്നതിനുള്ള രൂപരേഖ എസ്.സി.എം.എസ്. സ്ക്കൂൾ ഓഫ് എഞ്ചിനീയറിംഗ് ആന്റ് മാനേജ്മെന്റിന്റെ കീഴിലുള്ള സെന്റർ ഫോർ സസ്റ്റൈനബിൾ വാട്ടർ ടെക്നോളജി ആന്റ് മാനേജ്മെന്റ് ഇതിനകം തയ്യാറാക്കിയിട്ടുണ്ട്.

161. ആദ്യഘട്ടത്തിൽ വാട്ടർ, ഇക്കണോമിക്സ്, സോഷ്യോളജി, മാനേജ്മെന്റ് എന്നീ മേഖലകളിലെ വിദഗ്ദ്ധരുൾപ്പെട്ട ഒരു ടാസ്ക് ഫോഴ്സ് രൂപപ്പെടുത്തും. കൊച്ചി നഗരസഭ പരിധിയിലുള്ള ജലം, ജലസ്രോതസ്സുകൾ, മലിനജലം എന്നിവയുമായി ബന്ധപ്പെട്ട ഡേറ്റ വിശകലനം ചെയ്ത് പ്രധാന വെല്ലുവിളികളും ദൗത്യങ്ങളും തിരിച്ചറിഞ്ഞ് രൂപരേഖ തയ്യാറാക്കും. രണ്ടാംഘട്ടത്തിൽ വാട്ടർ ബജറ്റിംഗ്, വാട്ടർ റിസോഴ്സ് മാപ്പിംഗ്, വാട്ടർ ക്വാളിറ്റി അനാലിസിസ് എന്നിവ നടത്തപ്പെടുകയും ജലവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കും. മൂന്നാംഘട്ടത്തിൽ വിദഗ്ദ്ധരുടെ സഹായത്താൽ കൊച്ചി നഗരത്തിനായി വാട്ടർ പോളിസി തയ്യാറാക്കുകയും തുടർന്ന് അത് നടപ്പിൽ വരുത്തുകയും ചെയ്യും.

162. ഈ പ്രവർത്തനങ്ങൾക്കായി 30 ലക്ഷം രൂപ നീക്കിവെക്കുന്നു.

### ജലസ്രോതസ്സുകളുടെ സംരക്ഷണം

163. ആഗോള താപനത്തിലുള്ള വർദ്ധനവ് കൊച്ചിയെന്ന തീരദേശ നഗരത്തിന് ഭീഷണിയാണ്. കാലം തെറ്റി പെയ്യുന്ന മഴയും കനത്ത ചൂടും നമ്മുടെ

പരിസ്ഥിതിയേയും താളം തെറ്റിക്കുന്നു. വികസനത്തിന്റെ ഫലമായി കോൺക്രീറ്റ് കെട്ടിടങ്ങളും പാലങ്ങളും റോഡുകളും ഉയരുമ്പോൾ പരിസ്ഥിതിയെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും വർദ്ധിക്കുകയാണ്. പ്രതിവർഷം കൊച്ചിയുടെ ഭൂജലത്തിന്റെ അളവിൽ കുറവ് രേഖപ്പെടുകയാണ് എന്ന കണ്ടെത്തൽ നമ്മെ ആശങ്കാകുലരാക്കുന്നു.

164. ഭാവിയിൽ നമ്മുടെ സുഖജീവിതത്തിനായി നിലവിലുള്ള ജലസ്രോതസ്സുകൾ നാം സംരക്ഷിക്കേണ്ടതുണ്ട്. പൊതുകുളങ്ങളും സ്വകാര്യകുളങ്ങളും സംരക്ഷിക്കുക, ഗ്രൗണ്ട് വാട്ടർ ടാപ്പിംഗ്, മഴവെള്ള സംഭരണി, തണ്ണീർത്തടങ്ങൾ എന്നീ പ്രവർത്തനങ്ങളിലൂടെ ജലസ്രോതസ്സുകളെ പരമാവധി സംരക്ഷിക്കാനുള്ള വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുമെന്ന് ഈ ബജറ്റ് ഉറപ്പു നൽകുന്നു.

165. ഇതുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾക്കായി ജവഹർലാൽ നെഹ്റു ദേശീയ നഗരനവീകരണ പദ്ധതിയിലുൾപ്പെടുത്തി 20 കോടി രൂപയുടെ പദ്ധതിരേഖ സമർപ്പിച്ചിട്ടുണ്ട്.

## അർബൻ റിസർച്ച് സെന്റർ

166. ഇന്ത്യയിലെ പ്രധാന നഗരമായി വളരുന്ന കൊച്ചിയുടെ ആവശ്യങ്ങളും വലുതാണ്. വ്യക്തമായ ദീർഘവീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്താൽ മാത്രമേ ഭാവിയിൽ നഗരത്തിന്റെ വികസന ആവശ്യങ്ങൾ ലക്ഷ്യപ്രാപ്തിയിലെത്തുകയുള്ളൂ. അതിനായി കൊച്ചിയിൽ 'അർബൻ ഇഷ്യൂസ് റിലേറ്റഡ് റിസർച്ച്' പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. നഗരാസൂത്രണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക് ഇന്റേൺഷിപ്പിനുള്ള അവസരവും ഒരുക്കേണ്ടതുണ്ട്.

167. നഗരസഭയുടെ കീഴിൽ പ്രവർത്തിക്കുന്ന സെന്റർ ഫോർ ഹെറിറ്റേജ് എൻവയോൺമെന്റ് ആന്റ് ഡവലപ്പ്മെന്റിന്റെ (സി-ഹെഡ്) കീഴിൽ ഒരു അർബൻ റിസർച്ച് സെന്ററിന്റെ പ്രവർത്തനത്തിന് ഈ വർഷം തുടക്കം കുറിക്കും.

സെന്റർ കേന്ദ്രീകരിച്ച് റിസർച്ച്, ഇന്റേൺഷിപ്പ് എന്നിവ ചെയ്യാനുള്ള സൗകര്യമൊരുക്കും. മികച്ച റിസർച്ച് പേപ്പറുകൾ, പഠനങ്ങൾ എന്നിവ പ്രസിദ്ധീകരിക്കുകയും ഭാവി വികസന പ്രവർത്തനങ്ങളിൽ ഉപയോഗിക്കുകയും ചെയ്യും. നഗരവികസനവുമായി ബന്ധപ്പെട്ട പഠനങ്ങൾ, റിസർച്ച് പേപ്പറുകൾ, പ്രൊജക്ട് റിപ്പോർട്ടുകൾ എന്നിവ സെന്ററിൽ ലഭ്യമാക്കും.

168. അർബൻ റിസർച്ച് സെന്ററിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായും സി-ഹെഡിന്റെ പ്രവർത്തനങ്ങൾക്കായും 50 ലക്ഷം രൂപ നീക്കിവെക്കുന്നു.

## ടെക് ഫെസ്റ്റ്

169. ഇൻഫർമേഷൻ ടെക്നോളജിയുടെ വികാസം കൊച്ചിക്ക് നൽകിയ സാധ്യതകൾ വലുതാണ്. ചെറുതും വലുതുമായ അനവധി സ്ഥാപനങ്ങൾ ഇൻഫർമേഷൻ ടെക്നോളജിയുമായി ബന്ധപ്പെട്ട് നഗരത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇവർ കണ്ടുപിടിക്കുന്ന നൂതന ടെക്നോളജിയും വികസിപ്പിക്കുന്ന ആശയങ്ങളും ലോകശ്രദ്ധ നേടുമ്പോൾ കേരളത്തിൽ അവർ അറിയപ്പെടാതെയും ആദരിക്കപ്പെടാതെയും പോകുന്നുണ്ട്. ഈ ബജറ്റിൽ പ്രഖ്യാപിക്കപ്പെടുന്ന ടെക് ഫെസ്റ്റിൽ പുതിയ ടെക്നോളജിയുമായി ബന്ധപ്പെട്ട കണ്ടുപിടുത്തങ്ങളും ഇന്നൊവേറ്റീവ് ആയ ആശയങ്ങളും അറിവുകളും പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ വസ്തുതകളും പ്രദർശിപ്പിക്കാവുന്നതാണ്. മികച്ച സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും പ്രശസ്തിപത്രങ്ങളും അവാർഡും നൽകുന്നതായിരിക്കും. എല്ലാ വർഷവും ടെക് ഫസ്റ്റ് നടത്തും.

170. ഇതിനായി 20 ലക്ഷം രൂപവകയിരുത്തുന്നു.

## സ്വയംസംരഭക പദ്ധതികൾ

171. പുതിയ കാലഘട്ടത്തിൽ സ്വയംസംരംഭങ്ങളുമായി മുന്നോട്ടു വരുന്ന യുവതീയുവാക്കൾ നിരവധിയാണ്. കൊച്ചി ഇത്തരത്തിലുള്ള സ്റ്റാർട്ട് അപ് പദ്ധതികളുടെ തലസ്ഥാനമായാണ് അറിയപ്പെടുന്നതും. നഗരസഭയുടെ നേതൃത്വത്തിൽ സ്വയംസംരംഭക പദ്ധതികളെ പ്രോത്സാഹിപ്പിക്കും. കൊച്ചിയിൽ

നടത്തപ്പെടുന്ന വിവിധ ഇൻവെസ്റ്റേഴ്സ് മീറ്റുകളിലും ആഗോള സമ്മേളനങ്ങളിലും സ്വയംസംരംഭക പദ്ധതികൾ പരിചയപ്പെടുത്താൻ അവസരമൊരുക്കും.

## സംരംഭക ക്ലബ്ബുകൾ

172. വിദ്യാർത്ഥികളിലും യുവജനങ്ങളിലും സംരംഭകത്വം വളർത്തുന്നതിനായി ഹയർസെക്കന്ററി സ്ക്കൂളുകൾ, കോളേജുകൾ, യുവജനക്ലബ്ബുകൾ എന്നിവ കേന്ദ്രീകരിച്ച് സംരംഭക ക്ലബ്ബുകൾ രൂപീകരിക്കും. സംരംഭക ക്ലബ്ബുകൾ കേന്ദ്രീകരിച്ച് പരിശീലന ക്ലാസ്സുകൾ, സംരംഭക മോഡലുകൾ, ശില്പശാലകൾ എന്നിവ സംഘടിപ്പിക്കും.

173. സംരംഭക ക്ലബ്ബുകളുടെ രൂപീകരണത്തിനും പ്രവർത്തനത്തിനുമായി 20 ലക്ഷം രൂപ നീക്കി വെക്കുന്നു.

## പാർട്ട്ണർ കേരളയിലൂടെ പുതിയ പദ്ധതികൾ

174. കേരളത്തിലെ നഗരങ്ങളുടെ വികസനത്തിനായി നിക്ഷേപകരെ ആകർഷിക്കാനായി ബഹു. കേരള സർക്കാരിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന നിക്ഷേപക സംഗമമായ പാർട്ട്ണർ കേരളക്ക് ആതിഥേയത്വമരുളുന്നത് കൊച്ചിയാണ്. പ്രസ്തുത സംഗമത്തിൽ നമ്മുടെ നഗരത്തിൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കാവുന്ന 255 കോടി രൂപയുടെ പദ്ധതികൾ അവതരിപ്പിക്കും.

175. നഗരസഭ വക സ്ഥലത്ത് പുതിയ വാണിജ്യ സ്ഥാപനങ്ങൾ നിർമ്മിക്കുന്നതിനുള്ള രൂപരേഖ സംഗമത്തിൽ അവതരിപ്പിക്കും. മുൻബജറ്റിൽ പ്രഖ്യാപിക്കപ്പെട്ടതും നിരവധി പരിമിതികൾമൂലം നടപ്പിലാക്കാൻ സാധിക്കാതെവന്ന പദ്ധതികളായ കലൂർ മണപ്പാട്ടിപ്പറമ്പിലെ വാണിജ്യസമുച്ചയം, പടിയാത്തുകുളത്ത് കൊമേഴ്സ്യൽ സെന്റർ, കലൂർ ബസ് സ്റ്റാന്റിൽ ട്രേഡ് സെന്റർ, ഇടപ്പള്ളി സോണൽ ഓഫീസിനോട് ചേർന്ന് ട്രേഡ് സെന്റർ കം കൊമേഴ്സിയൽ സ്പോട്ട്, കച്ചേരിപ്പടിയിൽ ഐ.ടി. ഹബ്ബ് എന്നീ പദ്ധതികൾ പാർട്ട്ണേഴ്സ് കേരളയിൽ അവതരിപ്പിക്കും.

## മാർക്കറ്റ് നവീകരണ പദ്ധതി

176. ബ്രോഡ്‌വേയുടെ വിശാലമായ വ്യാപാര ലോകത്തിന്റെ വടക്കേയറ്റം ചെന്നെത്തുന്നത് പലചരക്ക്, പച്ചക്കറി, മത്സ്യം എന്നിവയുടെ കേന്ദ്രമായ മാർക്കറ്റിലേക്കാണ്. സദാ സമയവും മാർക്കറ്റിന്റെ ഇടവഴികളിലൂടെ നിറഞ്ഞ് നീങ്ങുന്ന പുരുഷാരം മാർക്കറ്റിന്റെ ജനകീയതയാണ് തെളിയിക്കുന്നത്. ഇത്രയധികം ജനങ്ങൾ ആശ്രയിക്കുന്ന മാർക്കറ്റ് വേണ്ട വിധത്തിൽ പരിപാലിക്കപ്പെട്ടിട്ടില്ല എന്നത് ദൗർഭാഗ്യകരമാണ്. മാർക്കറ്റിന്റെ പൈതൃകവും ജനകീയതയും നിലനിർത്തിക്കൊണ്ട് ആധുനികമാർഗ്ഗങ്ങൾ കൂട്ടിയിണക്കിക്കൊണ്ട് അതിനെ നമുക്ക് പുനഃസ്ഥാപിക്കേണ്ടതുണ്ട്. ജവഹർലാൽ നെഹ്റു ദേശീയ നഗര നവീകരണ പദ്ധതിയിലുൾപ്പെടുത്തി കൊച്ചി നഗരസഭ സമർപ്പിച്ച 'റിന്യൂവൽ ഓഫ് ഇന്നർസിറ്റി കോർ ഏരിയ ഓഫ് എറണാകുളം ആന്റ് മാർക്കറ്റ് സോൺ' എന്ന 15 കോടിയുടെ പ്രൊജക്ടിന് കേരള സർക്കാർ അനുമതി ലഭിച്ചതോടെ ദീർഘകാലത്തെ നമ്മുടെ സ്വപ്നങ്ങൾക്ക് ചിറക് മുളച്ചിരിക്കുകയാണ്.

177. പദ്ധതിയിലുൾപ്പെടുത്തി നാശോന്മുഖമായ കെട്ടിടങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തും. മാർക്കറ്റിനോട് ചേർന്നുള്ള റോഡുകളും ഇടറോഡുകളും ആധുനിക രീതിയിൽ നിർമ്മിക്കും. മാർക്കറ്റ് കനാൽ ശുദ്ധീകരണവും പരിപാലനവും, കാനകളും ഡ്രെയിനേജ് സിസ്റ്റവും ശാസ്ത്രീയമായി പുനർനിർമ്മിക്കൽ, മാർക്കറ്റിന് മേൽക്കൂര നിർമ്മിക്കൽ, തറയിൽ ടയിലുകൾ പാകൽ എന്നിവ ഇതിൽ ഉൾപ്പെടും.

178. ബേസിൻ റോഡിലൂടെ പുതിയ നടപ്പാത, കുട്ടപ്പായി റോഡിൽനിന്നും വളവി റോഡിലേക്ക് പാലം, ബാനർജി റോഡിൽ നിന്നും വളവി റോഡിലൂടെയുള്ള പാതയുടെ നവീകരണം എന്നിങ്ങനെ മാർക്കറ്റിന്റെയും പരിസരപ്രദേശങ്ങളുടേയും മുഖച്ഛായ മാറ്റുന്ന പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് പദ്ധതി യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കും.

## പൊതു മാർക്കറ്റുകളുടെ നവീകരണം

179. ചലനാത്മകമായ ഇടങ്ങളാണ് നമ്മുടെ പൊതുമാർക്കറ്റുകൾ. നഗരത്തിലെ പൊതുമാർക്കറ്റുകൾ ആധുനികരീതിയിൽ നവീകരിക്കാനുള്ള വിവിധ പ്രവർത്തനങ്ങൾ ഈ ബഡ്ജറ്റ് ഉറപ്പുവരുത്തുന്നു. ജവഹർലാൽ നെഹ്റു ദേശീയ നഗരനവീകരണ പദ്ധതിയിലുൾപ്പെടുത്തി 32.68 കോടിയുടെ മാർക്കറ്റ് നവീകരണ പദ്ധതിക്ക് ഇതിനകം കേരള സർക്കാരിൽ നിന്നും അംഗീകാരം നേടിയെടുത്തിട്ടുണ്ട്.

180. ചമ്പക്കര, പച്ചാളം, കൂവപ്പാടം, പച്ചാളം എന്നീ മാർക്കറ്റുകളിൽ നിലവിലെ മത്സ്യ, ബീഫ്, മട്ടൺ മാർക്കറ്റ് കെട്ടിടങ്ങൾ നവീകരിക്കും. ചമ്പക്കര മാർക്കറ്റിൽ പുതിയ ലേല ഹാൾ, ടോയിലറ്റ് ബ്ലോക്ക്, മലിനജല ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവ നിർമ്മിക്കും. അമരാവതി മാർക്കറ്റിൽ പുതിയ മത്സ്യമാർക്കറ്റ്, തോപ്പുംപടി മാർക്കറ്റിന്റെ നവീകരണം, പോളക്കണ്ടം മാർക്കറ്റിന്റെ പുനരുദ്ധാരണം എന്നിവയും പദ്ധതിയിലുൾപ്പെടുന്നു. കൂടാതെ നഗരത്തിലെ ചെറുതും വലുതുമായ എല്ലാ മാർക്കറ്റുകളുടേയും നവീകരണം ഈ പദ്ധതിയിലൂടെ നടപ്പാക്കും.

181. കേന്ദ്രസർക്കാരിൽ നിന്നും അനുമതി ലഭിക്കുന്നതോടെ ഈ സാമ്പത്തിക വർഷം തന്നെ പദ്ധതി പൂർത്തീകരിക്കും.

## പുതിയ കേന്ദ്രീകൃത മത്സ്യവിപണനകേന്ദ്രം

182. കരയിലെത്തുന്ന മത്സ്യസമ്പത്ത് ഗുണമേന്മ നഷ്ടപ്പെടാതെ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി കേന്ദ്രീകൃത മത്സ്യവിപണനകേന്ദ്രം ആരംഭിക്കും. ബഹു. സംസ്ഥാന സർക്കാർ ബജറ്റിൽ ഈ പദ്ധതിയിൽ കൊച്ചിക്കുവേണ്ടി അനുവദിച്ചിട്ടുള്ള പ്രത്യേക തുകയടക്കം ഉപയോഗപ്പെടുത്തിയായിരിക്കും പദ്ധതി നടപ്പിലാക്കുക.

## കഫേ കുടുംബശ്രീ വിപുലീകരിക്കും

183. നഗരസഭയുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ള കഫേ കുടുംബശ്രീ ഹോട്ടലുകൾ നഗരത്തിലെ കൂടുതൽ സ്ഥലങ്ങളിലേക്കും പ്രധാന കേന്ദ്രങ്ങളിലേക്കും വ്യാപിപ്പിക്കും.

## പൊതു ശ്മശാനങ്ങൾ

184. നഗരസഭയുടെ കീഴിലുള്ള എല്ലാ പൊതു ശ്മശാനങ്ങളും ആധുനികരീതിയിൽ നവീകരിക്കും. 'കൊച്ചിൻ ഫസ്റ്റ്' പദ്ധതിയിലുൾപ്പെടുത്തി രവിപുരം ശ്മശാനം ആധുനിക രീതിയിൽ നവീകരിച്ച് ഗ്യാസ് ഫർണസ് അടക്കമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തി. പച്ചാളം, കൂവപ്പാടം, ഇടപ്പള്ളി, ഇടക്കൊച്ചി, ഫോർട്ടുകൊച്ചി, പുല്ലേപ്പടി, പള്ളുരുത്തി തുടങ്ങിയ പൊതു ശ്മശാനങ്ങളും പരിപാലിച്ച് സംരക്ഷിക്കും. ലാന്റ് സ്‌ക്കേപ്പിംഗ്, എൽ.ഇ.ഡി. ലൈറ്റിംഗ്, റൂഫിംഗ്, ഇരിപ്പിടങ്ങൾ എന്നിവ ഏർപ്പെടുത്തും.

185. പൊതുശ്മശാനങ്ങളുമായി ബന്ധപ്പെട്ട നിർമ്മാണ പരിപാലന പ്രവർത്തനങ്ങൾക്ക് 50 ലക്ഷം രൂപ നീക്കിവെക്കുന്നു.

## പൊതുടോയ്‌ലറ്റുകൾ

186. പൊതുജനങ്ങളുടെ പ്രത്യേകിച്ച് സ്ത്രീകളുടെ പ്രാഥമികാവശ്യം നിർവ്വഹിക്കാനുള്ള ടോയിലറ്റ് സൗകര്യം നഗരത്തിൽ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും വിവിധ കാരണങ്ങളാൽ അവയിൽ പലതും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.

187. നിലവിൽ നഗരത്തിലുള്ള ടോയ്‌ലറ്റുകളുടെ നടത്തിപ്പിനും മെയിന്റനൻസ് നടത്തുന്നതിനും 'സി.ഐ.ഐ.'യുടെ വനിതാ വിഭാഗമായ 'ഇന്ത്യൻ വിമൻസ് നെറ്റ്‌വർക്ക്' എന്ന സംഘടന സന്നദ്ധമായി മുന്നോട്ട് വന്നിട്ടുണ്ട്. നഗരത്തിലെ പൊതുടോയ്‌ലറ്റുകളുടെ നടത്തിപ്പ് ചുമതല ഇന്ത്യൻ വിമൻസ് നെറ്റ്‌വർക്കിന് നൽകി ശരിയായ രീതിയിൽ പരിപാലിക്കും. ഇവരുടെ നേതൃത്വത്തിൽ

ഉന്നത നിലവാരത്തിൽ ടോയിലറ്റുകൾ മെയിന്റനൻസ് നടത്തി പരിപാലിക്കും.

188. ടോയ്‌ലറ്റുകളുടെ ഉപയോഗത്തിന് പൊതുജനങ്ങളിൽനിന്നും യാതൊരു വിധ യൂസേഴ്സ് ഫീയും ഈടാക്കുകയില്ല. കോർപ്പറേറ്റ് സ്ഥാപനങ്ങൾക്കുള്ള സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട് ഉപയോഗപ്പെടുത്തിയായിരിക്കും പദ്ധതി നടത്തിപ്പ്.

## റോളർ സ്കേറ്റിംഗ് ഡ്രോം

189. കുട്ടികളെ സ്കേറ്റിംഗ് പരിശീലിപ്പിക്കുന്നതിനായി റോളർ സ്കേറ്റിംഗ് ഡ്രോം നിർമ്മിക്കും. പശ്ചിമകൊച്ചിയിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തി പദ്ധതി നടപ്പിലാക്കും. സ്കേറ്റിംഗ് വിദഗ്ദ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് എല്ലാ അവധി ദിവസങ്ങളിലും കുട്ടികൾക്കായി സ്കേറ്റിംഗ് പരിശീലന ക്ലാസ്സ് സൗജന്യമായി സംഘടിപ്പിക്കും.

190. ഇതിനായി 10 ലക്ഷം രൂപ മാറ്റിവെക്കുന്നു.

## ഇ ഗവേർണൻസ്

191. ജവഹർലാൽ നെഹ്റു ദേശീയ നഗര നവീകരണ പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്ന ഇ-ഗവേർണൻസ് പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ ത്വരിത ഗതിയിൽ പുരോഗമിക്കുകയാണ്. എല്ലാ മോഡ്യൂളുകളുടേയും യൂസർ ആക്സപ്റ്റൻസ് ടെസ്റ്റ് പൂർത്തിയായിട്ടുണ്ട്. ഡേറ്റ സെന്ററിലേക്കാവശ്യമായ സെർവറുകൾ സ്ഥാപിച്ചു കഴിഞ്ഞു. കോർപ്പറേഷൻ പോർട്ടലിന്റെ നിർമ്മാണവും പൂർത്തിയായിട്ടുണ്ട്. ഹെഡ് ഓഫീസിലേയും സോണൽ ഓഫീസുകളിലേയും കമ്പ്യൂട്ടറുകളുടേയും ആവശ്യമായ കണക്ടിവിറ്റിയുടേയും വിന്യാസം ഏകദേശം പൂർത്തീകരിച്ചു കഴിഞ്ഞു. പേയ്മെന്റ് ഗേറ്റ്‌വേ പ്രൊവൈഡറെ നിയമിക്കുന്നതിനുള്ള നടപടികളും ത്വരിതഗതിയിൽ പുരോഗമിക്കുകയാണ്. ഇ-ഗവേണൻസ് പദ്ധതിയുടെ കീഴിൽ വിഭാവനം ചെയ്തിരിക്കുന്ന എല്ലാ സേവനങ്ങളും ഈ സാമ്പത്തികവർഷം പ്രാവർത്തികമാക്കും.

അതോടെ സേവനങ്ങളുടെ 24 x 7 എന്ന ലക്ഷ്യം നമുക്ക് സാക്ഷാത്ക്കരിക്കാനാകും.

## ലൈബ്രറികൾ

192. നഗരസഭയുടെ കീഴിൽ പ്രവർത്തിക്കുന്ന ലൈബ്രറികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തും. ലൈബ്രേറിയൻ തസ്തിക ഒഴിഞ്ഞു കിടക്കുന്ന ലൈബ്രറികളിൽ ഉടൻ നിയമനം നടത്തും. ലൈബ്രറികളുടെ നടത്തിപ്പിന് സി-ഹെഡ് സമർപ്പിച്ചിട്ടുള്ള റിപ്പോർട്ട് പരിശോധിച്ച് അതിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കി പ്രവർത്തനം മെച്ചപ്പെടുത്തും. എല്ലാ ലൈബ്രറികൾക്കും കൂടുതൽ പുസ്തകങ്ങൾ ഗ്രാന്റായി നൽകും.

193. ലൈബ്രറികളുടെ പ്രവർത്തനങ്ങൾക്ക് 20 ലക്ഷം രൂപ അനുവദിക്കുന്നു.

## അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

194. നഗരത്തിൽ വസിക്കുന്ന അവിദഗ്ദ്ധരായ കായികാധ്വാനത്തിന് തയ്യാറുള്ള ഓരോ കുടുംബത്തിലേയും പ്രായപൂർത്തിയായ അംഗങ്ങൾക്ക് ഒരു സാമ്പത്തിക വർഷം കുറഞ്ഞത് 100 ദിവസം തൊഴിൽ നൽകുന്ന സംസ്ഥാന സർക്കാർ പദ്ധതിയായ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി കൊച്ചിയിൽ നടപ്പിലാക്കും.

195. നഗരവികസനത്തിനുതകുന്ന വിവിധ പദ്ധതികൾ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കും. പുതിയ കുളങ്ങൾ, മഴക്കുഴി എന്നിവയുടെ നിർമ്മാണം, മരം വെച്ച് പിടിപ്പിക്കുക, കുളങ്ങളും കിണറുകളും വൃത്തിയാക്കൽ, കോളനി നവീകരണ പ്രവർത്തനങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾ പദ്ധതിയിലൂടെ നടപ്പിലാക്കും.

196. പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി 20 ലക്ഷം രൂപ വകയിരുത്തുന്നു.

**റോഡുകളുടേയും തെരുവുകളുടേയും സംരക്ഷണത്തിന് പുതിയ കർമ്മ സേന**

197. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ മാതൃകയിൽ തൊഴിലാളികളെ നിയോഗിച്ചുകൊണ്ട് നഗരത്തിലെ റോഡുകളുടേയും തെരുവുകളുടേയും സംരക്ഷണത്തിനും ശുചീകരണത്തിനുമായി പുതിയൊരു പദ്ധതി ഈ ബജറ്റ് വിഭാവനം ചെയ്യുന്നു. തെരുവുകളുടെ ശുചിത്വം, തെരുവുകളിൽ ചെടികൾ നട്ടു പരിപാലിക്കൽ, അനധികൃത പോസ്റ്ററുകളും പരസ്യങ്ങളും നീക്കം ചെയ്യുക, മരങ്ങളുടെ സംരക്ഷണം എന്നിങ്ങനെയുള്ള വിവിധ പ്രവർത്തനങ്ങൾ ഇവരിലൂടെ നടപ്പിലാക്കും.

198. പ്രധാന റോഡുകൾ, സ്ട്രീറ്റുകൾ എന്നിവ കേന്ദ്രീകരിച്ച് 10 മുതൽ 20 വരെയുള്ള സംഘങ്ങളെ ഇതിനായി നിയോഗിക്കും. ഓരോ സ്ട്രീറ്റിലേയും തൊഴിലാളികൾക്ക് വേതനം നൽകുന്നതും സ്പോൺസർ ചെയ്യുന്നതും ഓരോരോ കമ്പനികളായിരിക്കും. കമ്പനികളുടെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിൾ ഫണ്ട് ഉപയോഗപ്പെടുത്തിയായിരിക്കും പദ്ധതി നടപ്പിലാക്കുക. പദ്ധതിയുടെ മേൽനോട്ടത്തിനും നിർവ്വഹണത്തിനും കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിയുടെ പൂർണ്ണസഹകരണവും പിന്തുണയും ഇതിനകം തന്നെ അറിയിച്ചിട്ടുണ്ട്.

199. പ്രധാന തെരുവുകളിലും റോഡുകളിലും പൈലറ്റ് ഘട്ടമായി ആരംഭിക്കുന്ന ഈ പദ്ധതി ക്രമേണ നഗരത്തിൽ എല്ലായിടത്തും വ്യാപിപ്പിക്കും.

**ക്ഷേമകാര്യ സ്ഥാപനങ്ങളുടെ വികസനം**

200. നഗരസഭയുടെ കീഴിൽ നിരവധി സാമൂഹ്യ സുരക്ഷാ സ്ഥാപനങ്ങളും ക്ഷേമകാര്യ സ്ഥാപനങ്ങളും സ്തുത്യർഹമായ രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. പോരായ്മകളുടേയും പരിമിതികളുടേയും മധ്യത്തിൽ നിന്നുമാണ് അവയിൽ പലതും പ്രവർത്തിക്കുന്നത്.

201. പള്ളുരുത്തി സ്നേഹഭവനിലെ നിലവിലെ കെട്ടിടം കാലപ്പഴക്കത്താൽ മോശമായ അവസ്ഥയിലാണ്. ആയതിനാൽ അന്തേവാസികൾക്ക് താമസിക്കാനായി ഒരു പുതിയ ഹാൾ നിർമ്മിക്കുന്നതാണ്.

202. ശാന്തിഭവൻ കെട്ടിടത്തിന്റെ മേൽക്കൂര പുതുക്കിപ്പണിയും. തേവര വൃദ്ധമന്ദിരത്തിന്റെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കും. കൂടാതെ നഗരസഭയുടെ കീഴിൽ പ്രവർത്തിക്കുന്ന മുഴുവൻ ക്ഷേമകാര്യസ്ഥാപനങ്ങളുടേയും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കും.

203. നഗരസഭയുടെ കീഴിലുള്ള പള്ളുരുത്തി റിലീഫ് സെറ്റിൽമെന്റ് അടക്കമുള്ള സാമൂഹ്യക്ഷേമസ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ പുതിയ ഒരു സൊസൈറ്റി രൂപീകരിച്ച് ഈ സൊസൈറ്റിയുടെ കീഴിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കും. സൊസൈറ്റി നിയമിക്കുന്ന സ്പെഷ്യൽ ഓഫീസർമാർ ഫുൾടൈം അഡ്മിനിസ്ട്രേറ്ററായി പ്രവർത്തിച്ചുകൊണ്ട് ഈ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കുറ്റമറ്റതാക്കും.

204. മേൽ പ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപ നീക്കിവെക്കുന്നു.

## നാഷണൽ അർബൻ ലൈവ്‌ലിഹുഡ് മിഷൻ

205. കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ അർബൻ ലൈവ്‌ലിഹുഡ് മിഷൻ (NULM) പദ്ധതി നടപ്പിൽ വരുത്തുന്നതിന് കൊച്ചി നഗരസഭക്ക് അനുമതി ലഭിച്ചിട്ടുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന നഗരവാസികൾക്കുള്ള സഹായം, ദരിദ്രരായ ദുർബല ജനവിഭാഗങ്ങളുടെ അവശതകൾക്ക് പരിഹാരം കണ്ടെത്തുക, നഗര തെരുവോര കച്ചവടക്കാർക്ക് ആവശ്യമായ സാമൂഹിക സുരക്ഷ ഉറപ്പുവരുത്തുക എന്നിവ ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

206. ഇതിലേക്കായി മേൽ വിഭാഗങ്ങളിൽ ഉൾപ്പെട്ട ജനവിഭാഗങ്ങൾക്ക് ജീവനോപാധികൾക്കായി തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സഹായം, തൊഴിലധിഷ്ഠിത പരിശീലനങ്ങൾ, വേതനാധിഷ്ഠിത തൊഴിൽ മാർഗ്ഗങ്ങൾ,

ഭവനരഹിതരായ അശരണർക്ക് അനുയോജ്യമായ കിടപ്പാടം എന്നിവ ഉറപ്പു വരുത്തും.

207. നഗരത്തിൽ വിവിധ സ്വകാര്യ/സർക്കാരിതര സ്ഥാപനങ്ങളുമായി സഹകരിച്ച് തൊഴിൽ ദാതാവായി നഗരസഭ പ്രവർത്തിക്കുന്നതിന് ഉതകുന്നരീതിയിൽ എംപ്ലോയ്മെന്റ് സെൽ രൂപീകരിക്കും. തെരുവോര കച്ചവടക്കാർക്കായി 'വെൻഡിംഗ് സോൺ' നാഷണൽ സ്ട്രീറ്റ് വെൻഡർ പോളിസിക്ക് അനുസൃതമായി രൂപീകരിക്കും.

## കമ്മ്യൂണിറ്റി കിച്ചൺ

208. ആലംബഹീനരും അവശരുമായ പാവങ്ങൾക്ക് സൗജന്യമായി ഉച്ച ഭക്ഷണവും രാത്രി ഭക്ഷണവും നൽകുന്ന പദ്ധതിയാണ് കമ്മ്യൂണിറ്റി കിച്ചൺ. നഗരത്തിൽ ആരും ഭക്ഷണമില്ലാതെ കഴിയുന്ന അവസ്ഥ ഉണ്ടാകരുത് എന്ന ഉറച്ച തീരുമാനമാണ് ഈ പദ്ധതിക്ക് പിന്നിൽ. തെരെഞ്ഞെടുക്കപ്പെടുന്ന കേന്ദ്രങ്ങളിൽ ഉച്ചക്കും രാത്രിയും ഭക്ഷണം വിതരണം ചെയ്യും. ആദ്യ ഘട്ടത്തിൽ 250 പേർക്ക് ഭക്ഷണം ലഭിക്കത്തക്ക വിധത്തിലുള്ള ക്രമീകരണങ്ങളാണ് ഏർപ്പെടുത്തുക. തുടർന്ന് കൂടുതൽ പേരിലേക്ക് ഈ പദ്ധതി വ്യാപിപ്പിക്കും.

209. കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട് ഉപയോഗിച്ച് സന്നദ്ധ സഹകരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയായിരിക്കും പദ്ധതി നടപ്പിലാക്കുക.

## മുണ്ടംവേലി സാന്തോം കോളനി നവീകരിക്കും

210. മുണ്ടംവേലി സാന്തോം കോളനിയിൽ 104 വീടുകൾ നിർമ്മിച്ച് കോളനി നിവാസികൾക്കായി ലഭ്യമാക്കും. മുണ്ടംവേലി പുറമ്പോക്ക് പ്രദേശത്ത് താമസിക്കുന്ന 104 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് നഗരസഭ തയ്യാറാക്കിയ മൂന്ന് കോടി മുപ്പത്തിമൂന്ന് ലക്ഷം രൂപയുടെ പദ്ധതിക്ക് കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഒരു ബ്ലോക്കിൽ രണ്ടു വീടുകൾ വീതമുള്ള

52 ബ്ലോക്കുകൾ നിർമ്മിക്കുന്ന വിധത്തിലാണ് പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുള്ളത്.

211. നിർമ്മാണരംഗത്തെ നൂതന ടെക്നോളജിയായ റാപ്പിഡ് വാൾ കൺസ്ട്രക്ഷൻ രീതിയിൽ 'ഗ്ലാസ്സ് റീയിൻഫോഴ്സ്ഡ് ഫൈബർ ജിപ്സം' ഉപയോഗിച്ചാണ് നിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നത്. ഫാക്ട്, ആർ.സി.എഫ്. ലിമിറ്റഡ് മുംബൈ എന്നിവരുടെ സഹകരണത്തോടെയാണ് നഗരസഭ ഈ പുതിയ നിർമ്മാണ രീതി അവലംബിക്കുന്നത്. പരിസ്ഥിതി സൗഹാർദ്ദം, നിർമ്മാണ ചെലവിലെ കുറവ്, പദ്ധതി നടപ്പിലാക്കുന്നതിലെ വേഗം, ഫയർ പ്രൂഫ് എന്നിങ്ങനെ വിവിധങ്ങളായ ഗുണങ്ങൾ റാപ്പിഡ് വാൾ കൺസ്ട്രക്ഷൻ രീതിക്കുണ്ട്.

212. റോഡുകൾ, നടപ്പാതകൾ, മാലിന്യസംസ്ക്കരണ പദ്ധതി, തെരുവു വിളക്കുകൾ, ശുദ്ധജലം എന്നിവയുൾപ്പെട്ടതാണ് പദ്ധതി. കേന്ദ്ര സർക്കാരിന്റെ ബി.എസ്.യു.പി. പദ്ധതിയിലുൾപ്പെടുത്തിയാണ് നിർദ്ദിഷ്ട പദ്ധതി നടപ്പിലാക്കുക.

## തുരുത്തി, കൽവത്തി, കോഞ്ചേരി ചേരിനിവാസികൾക്ക് പാർപ്പിട സൗകര്യം

213. ചേരിരഹിത ഭാരതം എന്ന കാഴ്ചപ്പാടോട് കൂടി കേന്ദ്രസർക്കാർ നടപ്പാക്കി വരുന്ന രാജീവ് ആവാസ് യോജന (RAY) പദ്ധതിയുടെ ഭാഗമായി മട്ടാഞ്ചേരി പ്രദേശത്തുള്ള തുരുത്തി, കൽവത്തി, കോഞ്ചേരി എന്നീ കോളനികൾക്ക് വേണ്ടി തയ്യാറാക്കിയ 67.62 കോടി രൂപ അടങ്കൽ ഉള്ള പദ്ധതിക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

214. ഈ പദ്ധതിയിലൂടെ ചേരിയിലുള്ള 755 കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്നതാണ്. ഇതിൽ പാർപ്പിട സൗകര്യത്തിനുവേണ്ട 83 വ്യക്തിഗത വീടുകളും, 180 റോ ഹൗസുകളും, 6 വ്യക്തിഗത ഭവനങ്ങൾ ഉൾപ്പെടുന്ന ഒരു രണ്ടു നില കെട്ടിടവും, 11 നിലകളുള്ളതും 398 കുടുംബങ്ങൾക്ക് താമസിക്കാവുന്നതുമായ രണ്ട് ഫ്ളാറ്റ് സമുച്ചയങ്ങളും, 88 കുടുംബങ്ങളുടെ ഭവന നവീകരണവും ഉൾപ്പെടുത്തിയിരിക്കുന്നു. കൂടാതെ അടിസ്ഥാന സൗകര്യങ്ങൾക്കായി

റോഡുകൾ, പാലം, കുടിവെള്ള വിതരണ സംവിധാനം, മാലിന്യ നിർമ്മാർജ്ജന സംവിധാനം, സ്വീവേജ് സംവിധാനം, മഴവെള്ള സംഭരണ സംവിധാനം തുടങ്ങിയവയും കോളനിയിലെ ജനങ്ങളുടെ സാമൂ ഹ്യവികസനത്തിനായി ഉപജീവന കേന്ദ്രങ്ങൾ, ആയുർവ്വേദ ഹോമിയോ ക്ലിനിക്ക്, ഹെൽത്ത് ഇൻസ്പെക്ടറുടെ ഓഫീസ്, അംഗനവാടി, ലൈബ്രറി, തെരുവു വിളക്ക് എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്. ദുരന്ത നിവാരണത്തിന്റെ ഭാഗമായി ചേരിയുടെ വിവിധ ഭാഗങ്ങളിൽ അഗ്നിശമന സംവിധാനങ്ങൾ ചേരി നിവാസികളുടെ സുരക്ഷക്കായി ഉൾപ്പെടുത്തി പ്രദേശത്തിന്റെ സമഗ്രവികസനമാണ് ലക്ഷ്യമാക്കുന്നത്. 36 മാസംകൊണ്ട് ഈ പദ്ധതി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. 'ചേരിരഹിത കൊച്ചി' എന്ന നിലയിലാണ് പദ്ധതിക്ക് അംഗീകാരം ലഭിച്ചിരിക്കുന്നത്.

## അന്യസംസ്ഥാന തൊഴിലാളികൾക്ക് സുരക്ഷാ താവളം

215. ധാരാളം അന്യസംസ്ഥാന തൊഴിലാളികൾ നമ്മുടെ നഗരത്തിൽ ഉപജീവനത്തിനായി പണിയെടുക്കുന്നുണ്ട്. അവരിൽ പലർക്കും തലചായ്ക്കാനൊരിടം പോലുമില്ല എന്നത് യാഥാർത്ഥ്യമാണ്. സ്ത്രീകളും കുട്ടികളും ഉൾപ്പെടെ തെരുവിൽ ഉറങ്ങുന്ന കാഴ്ച കരളലിയിപ്പിക്കുന്നതാണ്. താമസ സൗകര്യമില്ലാതെ നഗരത്തിലെത്തുന്ന അന്യസംസ്ഥാന തൊഴിലാളികൾക്ക് സ്വന്തം താമസ സൗകര്യം ലഭ്യമാകുന്നത് വരെ താത്ക്കാലികമായി അധിവസിപ്പിക്കുന്നതിനായി നഗരത്തിൽ സുരക്ഷാതാവളം ഒരുക്കും. ആദ്യഘട്ടത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കുമായിരിക്കും ഈ സൗകര്യം ലഭ്യമാക്കുക. സംസ്ഥാന സർക്കാർ സഹായത്തോടെയായിരിക്കും പദ്ധതി നടപ്പിലാക്കുക.

## പട്ടികജാതി വികസനം

216. പട്ടികജാതിവിഭാഗക്കാർ താമസിക്കുന്ന കോളനികളിലേക്ക് സൗജന്യ കുടിവെള്ള കണക്ഷൻ നൽകും. പട്ടികജാതിവിഭാഗങ്ങൾക്കായി ഭവന നിർമ്മാണ ധനസഹായം, വീട് റിപ്പയർ ധനസഹായം, കക്കൂസ് നിർമ്മാണ സഹായം, വൈദ്യുതീകരണ ധനസഹായം, വിവാഹ ധനസഹായം, ഭൂരഹിതർക്ക് ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം, തൊഴിലുപകരണ ധനസഹായം

എന്നിങ്ങനെ തുടർന്നുകൊണ്ടിരിക്കുന്ന വിവിധ ക്ഷേമ പ്രവർത്തനങ്ങൾ അർഹരായവർക്ക് ലഭ്യമാക്കാൻ നടപടിയെടുക്കും. പട്ടികജാതി വിഭാഗങ്ങൾ താമസിക്കുന്ന കോളനികളിലേക്ക് റോഡുകൾ, കാന നിർമ്മാണം, സംരക്ഷ ണഭിത്തി നിർമ്മിക്കൽ എന്നിങ്ങനെ വിവിധങ്ങളായ പ്രവർത്തനങ്ങൾ ഏറ്റെ ടുത്ത് പട്ടികജാതിക്കാരുടെ ക്ഷേമം ഉറപ്പുവരുത്തും.

217. പട്ടികജാതി വികസനപ്രവർത്തനങ്ങൾക്കായി 8 കോടി രൂപ വകയിരുത്തുന്നു.

**കാർഷികം**

218. കൃഷിയുടേയും മറ്റനുബന്ധ മേഖലകളുടേയും വികാസത്തിന് ഈ ബജറ്റ് മുന്തിയ പരിഗണന നൽകുന്നു. കഴിഞ്ഞ വർഷങ്ങളിൽ നഗരസഭ നടത്തി ക്കൊണ്ടിരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതി, ഔഷധ സസ്യകൃഷി, വിവിധ നടീൽ വസ്തുക്കളുടെ വിതരണം എന്നിങ്ങനെയുള്ള വിവിധ കാർഷിക വികസന പദ്ധതികൾ ഈ സാമ്പത്തിക വർഷവും സജീവമായി തുടരും.

219. എല്ലാ വീടുകളിലും അടുക്കളത്തോട്ടം പദ്ധതി നടപ്പിലാക്കും. സ്‌ക്കൂളുകൾ കേന്ദ്രീകരിച്ച് പച്ചക്കറിത്തോട്ടവും ഔഷധത്തോട്ടവും സജ്ജമാക്കും.

**പോളി ഹൗസ് ഫാം**

220. നഗരത്തിലെ കാർഷികമേഖല ആധുനികവൽക്കരിക്കുകയും അതുവഴി ഊർ ജ്ജിതപ്പെടുത്തുന്നതിനുമായി നൂതന കൃഷിരീതിയായ പോളി ഹൗസ് ഫാം ആരംഭിക്കുന്നതാണ്. ഗ്രീൻ ഹൗസുകൾ നിർമിച്ച് അതിനുള്ളിലെ ചൂടും ഈർപ്പവും വളവും വെള്ളവുമൊക്കെ നിയന്ത്രിച്ച് കൃഷി ചെയ്യുന്ന രീതി യാണ് ഇതിൽ അവലംബിക്കുന്നത്. ചൂട്, മഴ, തണുപ്പ്, വെയിൽ എന്നിവയിൽ നിന്നും വിളകളെ സംരക്ഷിച്ചുകൊണ്ട് അവയുടെ വളർച്ചയ്ക്ക് അനു യോജ്യമായ അന്തരീക്ഷം കൃത്രിമമായി സൃഷ്ടിക്കുകയാണ് പോളി ഹൗസ് ഫാമിംഗിൽ ചെയ്യുന്നത്.

221. കൊച്ചി നഗരത്തിന്റെ പ്രത്യേക സാഹചര്യങ്ങളിൽ പോളി ഹൗസ് ഫാമിന് വൻ സാധ്യതകളാണുള്ളത്. സ്ഥല ലഭ്യതയുള്ള വീടുകളിൽ പോളി ഹൗസ് ഫാം ആരംഭിക്കാൻ നഗരസഭ സഹായം നൽകും. നഗരത്തിലും പ്രാന്ത പ്രദേശങ്ങളിലും ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങൾ കേന്ദ്രീകരിച്ച് കുടുംബശ്രീ യൂണിറ്റുകളുടേയും റസിഡൻസ് അസോസിയേഷനുകളുടേയും പങ്കാളിത്ത ത്തോടെ ഇത്തരം കൃഷിരീതി നടപ്പിലാക്കും. കൃഷിവകുപ്പുമായി സഹകരി ച്ചായിരിക്കും പദ്ധതി നടപ്പിലാക്കുക.

222. കാർഷിക രംഗത്തെ വിവിധ പ്രവർത്തനങ്ങൾക്കായി ഈ ബജറ്റിൽ 50 ലക്ഷം രൂപ വകയിരുത്തുന്നു.

## ജി.ഐ.എസ്. മാപ്പിംഗ്

223. കൊച്ചിയിലെ റോഡുകളുടെ എണ്ണം, അവയുടെ നീളം, വീതി, ഡ്രെയിനേജ്, പോസ്റ്റുകളുടെ എണ്ണം, കെട്ടിടങ്ങളുടെ എണ്ണം എന്നിങ്ങനെയുള്ള നഗര ത്തെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും നിമിഷങ്ങൾക്കകം വിരൽത്തു മ്പിലെത്തിക്കുന്നതിനുള്ള ജി.ഐ.എസ്. (ജിയോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം) മാപ്പിംഗ് നഗരത്തിൽ നടപ്പിലാക്കും. അതോടെ സ്ഥലം സന്ദർശി ക്കാതെ തന്നെ സാറ്റലൈറ്റിന്റേയും കമ്പ്യൂട്ടറിന്റേയും സഹായത്തോടെ കെട്ടിട നിർമ്മാണ അപേക്ഷകൾ പരിശോധിക്കാൻ സാധിക്കും. ഉപഗ്രഹസഹായ ത്തോടെയായിരിക്കും ജി.ഐ.എസ്. മാപ്പിംഗ് സംവിധാനം നടപ്പിലാക്കുക.

224. കൃത്യമായ ആസൂത്രണ പ്രക്രിയകളിലൂടെ പ്രകൃതിദത്ത വിഭവങ്ങളെ ഉപ യോഗപ്പെടുത്തി താഴെ തട്ടിലുള്ള വികസനം ഇതിലൂടെ സാധ്യമാണ്. നികു തിസംഭരണംചിട്ടപ്പെടുത്തുന്നതിലൂടെയും സുതാര്യവൽകരിക്കുന്നതിലൂടെ യും സാമ്പത്തിക സ്ഥിതി കൂടുതൽ ശക്തമാകും. സാമൂഹ്യ സുരക്ഷാ പദ്ധതികളുടെ സുതാര്യതയും ഗുണമേന്മയും വർദ്ധിപ്പിക്കാൻ ഇത് സഹാ യകരമാകും. പ്രാദേശികതലത്തിലുള്ള ആസൂത്രണത്തിനായി വിഭവങ്ങളുടെ വിതരണം മനസിലാക്കി ഇവ കൂടുതൽ ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കുന്നു. ശാസ്ത്രീയമായ നഗരാസൂത്രണത്തിനും മികവുറ്റ ഭരണ

സൗകര്യങ്ങൾക്കും കൊച്ചിയെന്ന മെട്രോ നഗരത്തിൽ ജി.ഐ.എസ്. മാപ്പിംഗ് നടപ്പിലാക്കും.

**നഗരസഭയുടെ സ്വത്തുകൾ സംരക്ഷിക്കും**

225. നഗരസഭയുടെ പേരിലുള്ള ഭൂമികളും വസ്തുവകകളും നഗരത്തിന്റെ പല യിടത്തായുണ്ട്. പലതും യഥാവിധി സംരക്ഷിക്കപ്പെടാതെ നാശോന്മുഖമായി കിടക്കുന്നുണ്ട്. പൊതുസ്ഥലത്ത് തുറസ്സായി കിടക്കുന്ന ഭൂമി അതേ നിലയിൽ തുടർന്നാൽ ഭാവിയിൽ കയ്യേറ്റത്താൽ ഭൂമി നഷ്ടപ്പെടാനിടവരും. അതിനാൽ നഗരസഭയുടേതായുള്ള മുഴുവൻ ഭൂമിയും സർവ്വേ ചെയ്ത് മതിൽകെട്ടി സംരക്ഷിക്കും. നഗരസഭയുടെ സ്വത്തുക്കളെപ്പറ്റിയുള്ള വിവരം ഡിജിറ്റൽ രൂപത്തിൽ തയ്യാറാക്കി സൂക്ഷിക്കും.

226. ഈ പ്രവർത്തനങ്ങൾക്കായി 20 ലക്ഷം രൂപ നീക്കിവെക്കുന്നു.

**സർവ്വെ രേഖകളും ഭൂപടങ്ങളും**

227. നഗരസഭ ടൗൺ പ്ലാനിംഗ് വിഭാഗത്തിലേക്ക് ആവശ്യമായ സർവ്വെ രേഖകൾ, ഭൂപടങ്ങൾ എന്നിവ സംസ്ഥാന സർക്കാരിന്റെ സർവ്വേ ആന്റ് ലാന്റ് റെക്കോർഡ് വകുപ്പിൽ നിന്നും വാങ്ങി സൂക്ഷിക്കും.

228. നഗരത്തിലെ കുടിവെള്ള പൈപ്പ് ലൈനുകൾ, സ്വീവേജ് ലൈനുകൾ, കാന കൾ എന്നിങ്ങനെയുള്ള വിവരങ്ങളുടെ ഭൂപടവും തയ്യാറാക്കും.

229. ഇതിനായി 20 ലക്ഷം രൂപ വകയിരുത്തുന്നു.

**ഗുഡ് സർവ്വീസ് അവാർഡ്**

230. നഗരസഭയിൽ ഏറ്റവും സമർത്ഥമായും കർമ്മശേഷിയോടെയും സത്യസ ന്ധമായും ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് ഗുഡ് സർവ്വീസ് അവാർഡ് നൽകുന്നതായിരിക്കും. ജനപ്രതിനിധികൾ, വകുപ്പ് മേധാവികൾ എന്നിവര ടങ്ങുന്ന സമിതിയായിരിക്കും അവാർഡ് നിർണ്ണയിക്കുക.

**തർക്കപരിഹാരത്തിന് മീഡിയേഷൻ**

231. നഗരത്തിലെ പ്രധാന റോഡുവശങ്ങളിൽ വരെ തർക്കത്തിൽപ്പെട്ടും നിയമ ക്കുരുക്കിൽപ്പെട്ടും അനവധി കെട്ടിടങ്ങൾ പണി പൂർത്തീകരിക്കാതെ കിട

ക്കുന്നുണ്ട്. നികുതിയിനത്തിൽ നഗരസഭക്ക് ഇതിലൂടെ ഭീമമായ നഷ്ടമാണുണ്ടാകുന്നത്. മാത്രമല്ല ഒഴിഞ്ഞുകിടക്കുന്ന ഇത്തരം കെട്ടിടങ്ങൾ സാമൂഹ്യ വിരുദ്ധർ താവളമാക്കുകയും ചെയ്യുന്നുണ്ട്.

232. ഈ സാഹചര്യങ്ങളൊഴിവാക്കാനായി നഗരസഭയുടെ നേതൃത്വത്തിൽ തർക്കത്തിൽ അകപ്പെട്ടു കിടക്കുന്ന കെട്ടിടങ്ങളുമായി ബന്ധപ്പെട്ട കക്ഷികളെ വിളിച്ചുചേർത്ത് മീഡിയേഷൻ നടത്തും. നിയമപരമായി സാധുതയുള്ളതായിരിക്കും ഈ മീഡിയേഷനിൽ ഉരുത്തിരിയുന്ന തീരുമാനങ്ങൾ. അതിലൂടെ തർക്കത്തിൽപ്പെട്ടു കിടക്കുന്ന കെട്ടിടങ്ങളെ പ്രവർത്തനത്തിലേക്ക് കൊണ്ടുവരാനും അതുവഴി ഉടമക്കും നഗരസഭക്കും പൊതുജനങ്ങൾക്കും ഒരേപോലെ പ്രയോജനകരമാക്കുവാൻ സാധിക്കും.

## വരുമാന വർദ്ധനവ്

233. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് നടപ്പിലാക്കിയ നേരിട്ടുള്ള പരസ്യനികുതി പിരിവ്, കുറ്റമറ്റ നികുതി അസസ്മെന്റ്, പിരിക്കൽ അടക്കമുള്ള പ്രവർത്തനങ്ങളിലൂടെ നഗരസഭയുടെ വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് കഴിഞ്ഞ സാമ്പത്തിക വർഷം രേഖപ്പെടുത്തിയിട്ടുണ്ട്. വാടക കുടിശ്ശിക, വാടക റീ അസസ്സ്മെന്റ്, ഓണർഷിപ്പ് റീ അസസ്മെന്റ്, കെട്ടിടങ്ങളുടെ ഉപയോഗമനുസരിച്ചുള്ള നികുതിപിരിവ്, വിവിധ ടാക്സുകളുടെ കാര്യക്ഷമമായ കണക്കാക്കലും പിരിവും, തുടങ്ങിയ പ്രവർത്തനങ്ങൾ ഊർജ്ജസ്വലവും കാര്യക്ഷമവുമാക്കി വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് വരുത്തുന്നതാണ്. നഗരത്തിൽ 'നോ ഫ്രീ അഡ്വർട്ടൈസ്മെന്റ്' എന്ന പോളിസിയിലൂടെ എല്ലാത്തരത്തിലുള്ള പരസ്യ-പ്രചരണത്തിലും നികുതി ചുമത്തി വരുമാനത്തിൽ വർദ്ധനവ് വരുത്തും.

234. നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ മുറികൾ, ബങ്കുകൾ ഇവയിൽ പലതിലും ലൈസൻസ് എടുത്തിട്ടുള്ളവരല്ല കച്ചവടം നടത്തുന്നത്. ലൈസൻസ് വ്യവസ്ഥയിൽ മുറികൾ എടുക്കുന്ന പലരും കാലാവധി കഴിയുമ്പോൾ മറ്റ് പലർക്കും അനധികൃതമായി കൈമാറ്റം ചെയ്യുന്നു. ഇപ്രകാരം കരാർ ലംഘിക്കുന്നവർക്കെതിരെ കർശനമായ നിയമ

നടപടികൾ സ്വീകരിക്കും. ഇപ്രകാരം ഓരോ ഷോപ്പിംഗ് കോംപ്ലക്സിനും പ്രതിവർഷം കാലോചിതമായി വാടകയും ഡെപ്പോസിറ്റും വർദ്ധിപ്പിച്ച് വരുമാന വർദ്ധനവ് ലക്ഷ്യമിടുന്നു. ഉപയോഗശൂന്യമായി കിടക്കുന്ന നഗരസഭ കെട്ടിടങ്ങളും മുറികളും നവീകരിച്ച് വരുമാനദായകമാക്കിയെടുക്കും.

235. പ്രൊഫഷണൽ ടാക്സ് പിരിക്കാൻ പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തിക്കും. വിവിധ അപേക്ഷകൾക്കായുള്ള ഫോമുകൾ വളരെ തുച്ഛമായ നിരക്കിലാണ് നൽകിക്കൊണ്ടിരിക്കുന്നത്. അവ കാലോചിതമായി പരിഷ്ക്കരിക്കും. വിവാഹ രജിസ്ട്രേഷൻ, ജനന മരണ രജിസ്ട്രേഷൻ എന്നിങ്ങനെയുള്ള സേവനങ്ങൾക്കും വർഷങ്ങളായി പഴയ നിരക്ക് തുടരുന്നത് പുതുക്കി നിശ്ചയിക്കും.ഹോസ്പിറ്റൽ രജിസ്ട്രേഷൻ, ഹോസ്പിറ്റൽ രജിസ്ട്രേഷൻ റിന്യൂവൽ, ഡി ആന്റ് ഒ, ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവയിൽ വർദ്ധനവ് വരുത്താൻ സംസ്ഥാന സർക്കാരിനോടാവശ്യപ്പെടും.

236. ഇങ്ങനെ വിവിധങ്ങളായ പ്രവർത്തനങ്ങളിലൂടെ ഈ സാമ്പത്തിക വർഷം 50 കോടി രൂപ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

## ഉപസംഹാരം

237. കൊച്ചിയുടെ വളർച്ചക്കായി നമുക്കൊപ്പം തോളോടുതോൾ ചേർന്ന് പ്രവർത്തിക്കുന്ന മഹത്വ്യക്തികൾക്ക് ഈ അവസരത്തിൽ നഗരസഭയുടെ അകൈതവമായ നന്ദി രേഖപ്പെടുത്തുന്നു. കേന്ദ്ര പ്രതിരോധമന്ത്രി ശ്രീ. എ.കെ ആന്റണി, ബഹു. മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി, കേന്ദ്രമന്ത്രി പ്രൊഫ. കെ.വി തോമസ്, മന്ത്രിമാരായ ശ്രീ. കെ.എം. മാണി, ശ്രീ. കെ. ബാബു, ശ്രീ. വി.കെ. ഇബ്രാംഹിംകുഞ്ഞ്, ശ്രീ. മഞ്ഞളാംകുഴി അലി, കേന്ദ്ര നഗരകാര്യസെക്രട്ടറി ശ്രീ. സുധീർ കൃഷ്ണ, എം.പി. മാരായ ശ്രീ. പി. രാജീവ്, ശ്രീ. ചാൾസ് ഡയസ്, എം.എൽ.എ. മാരായ ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, ശ്രീ. ബെന്നി ബഹനാൻ, ശ്രീ. ഹൈബി ഈഡൻ, ശ്രീ. ലൂഡി ലൂയിസ്, ജി.സി.ഡി.എ. ചെയർമാൻ ശ്രീ. എൻ. വേണുഗോപാൽ, കെ.എം.ആർ.എൽ. ചെയർമാൻ ശ്രീ. ഏലിയാസ് ജോർജ്ജ് ഐ.എ.എസ്, ബഹു. ജില്ലാ കളക്ടർ ശ്രീ. ഷെയിക്

പരീത് ഐ.എ.എസ്, എന്നിവരോട് കൊച്ചി നിവാസികൾക്കും കൊച്ചി നഗരസഭക്കുമുള്ള നന്ദി വാക്കുകൾക്കതീതമാണ്. കേന്ദ്ര സംസ്ഥാന ഗവർമെന്റ് സെക്രട്ടറിമാർ, ഉദ്യോഗസ്ഥർ, വിവിധ സർക്കാർ വകുപ്പുകൾ, വകുപ്പ് തലവന്മാർ, വിവിധ സംഘടനകൾ, വാണിജ്യ വ്യവസായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരോഗ്യ കലാ സാഹിത്യ രംഗങ്ങളിൽ പ്രവർത്തിക്കുന്ന സംഘടനകൾ, റസിഡന്റ് അസോസിയേഷനുകൾ എന്നിവരും ഞങ്ങൾക്ക് നൽകിക്കൊണ്ടിരിക്കുന്ന പിന്തുണ തുടർന്നും പ്രതീക്ഷിക്കുന്നു.

238. ഇന്ത്യൻ നേവി, കൊച്ചിൻ പോർട്ട് ട്രസ്റ്റ്, കൊച്ചിൻ ഷിപ്പ്‌യാർഡ്, കൊച്ചിൻ റിഫൈനറി തുടങ്ങിയ സ്ഥാപനങ്ങളുടെ സഹകരണവും പിന്തുണയും നഗര വികസനത്തിന് എന്നും കൈമുതലായിട്ടുണ്ട്. അവർക്കുള്ള നന്ദി ഈ അവസരത്തിൽ ഞാൻ രേഖപ്പെടുത്തട്ടെ.

239. രാഷ്ട്രീയ വ്യത്യാസങ്ങൾക്കതീതമായി വികസനപ്രവർത്തനങ്ങളിൽ ഒരേ മനസ്സോടെ പ്രവർത്തിക്കുന്ന എന്റെ സഹകൗൺസിലർമാരേയും നഗരസഭയുടെ വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് അക്ഷീണം പ്രയത്നിക്കുന്ന നഗരസഭാ ജീവനക്കാരേയും നന്ദിയോടെ സ്മരിക്കുന്നു.

240. തെറ്റുകളും കുറവുകളും ചൂണ്ടിക്കാട്ടുകയും നല്ലതിനെ അംഗീകരിക്കുകയും ചെയ്യുന്ന മുഴുവൻ മാധ്യമങ്ങളോടും മാധ്യമപ്രവർത്തകരോടും സർവ്വോപരി കൊച്ചിയിലെ മുഴുവൻ പൗരാവലിയോടും ഈ കൗൺസിലിന്റെ പേരിലുള്ള ഹൃദയം നിറഞ്ഞ നന്ദി ഞാൻ രേഖപ്പെടുത്തുന്നു.

241. ഓരോ ബജറ്റും പുതിയ തുടക്കമാണ്. കാതങ്ങൾ നീളുന്ന യാത്രയുടെ ആദ്യ പടിയാണ് ഈ ബജറ്റ്. ഇനിയുള്ള മാസങ്ങൾ വാഗ്ദാനങ്ങൾ പാലിക്കപ്പെടാനുള്ള പ്രവർത്തനങ്ങളുടേതാണെന്ന ഉത്തമബോധ്യം ഞങ്ങൾക്കുണ്ട്. ജനക്ഷേമപ്രവർത്തനങ്ങൾക്കും നഗരവികസനത്തിനും നമുക്കൊരുമിച്ചു പ്രവർത്തിക്കാം.

242. ‘ഗീതാഞ്ജലി’യിലൂടെ ടാഗോർ പറയുന്നു:

243. Where words come out from the depth of truth;
Where tireless striving stretches its arms towards perfection;
Where the clear stream of reason -
has not lost its way into the dreary desert sand of dead habit;
Where the mind is led forward by thee into ever-widening thought and action....
Into that heaven of freedom, my Father, let my country awake.

244. (എവിടെ സത്യത്തിന്റെ അഗാധതലങ്ങളിൽ നിന്നും
വാക്കുകൾ ഉദ്ഗമിക്കുന്നുവോ,
എവിടെ അക്ഷീണ പരിശ്രമം പൂർണ്ണതയിലേക്ക്
അതിന്റെ കൈകൾ നീട്ടുന്നുവോ
എവിടെ ശുദ്ധമായ യുക്തിയുടെ പ്രവാഹം
മരവിച്ച ശീലങ്ങളുടെ മരുഭൂമിയിലെ മണലിൽ
വഴിമുട്ടാതിരിക്കുന്നുവോ
എവിടെ ചിരവികസിതമായ ചിന്തയിലേക്ക്
മനസ്സിനെ നയിക്കുന്നുവോ
ആ സ്വാതന്ത്ര്യത്തിന്റെ സ്വർഗത്തിലേക്ക്
എന്റെ ദൈവമേ എന്റെ നാട് ഉണരണമേ...)

245. അക്ഷീണമായ പരിശ്രമത്തിലൂടെ ഈ ബജറ്റിൽ വിഭാവനം ചെയ്തിരിക്കുന്ന പദ്ധതികളും പരിപാടികളും പൂർണതയിലേക്ക് എത്തിക്കാൻ നമുക്ക് യത്നിക്കാം. ഈ യാത്രയിൽ നമുക്കൊന്നിച്ച് ഒരേ മനസ്സോടെ മുന്നേറാം.

-ജയ് ഹിന്ദ്-

സ്നേഹാദരങ്ങളോടെ,

നികുതി-ധനകാര്യ
സ്റ്റാന്റിംഗ് കമ്മറ്റിക്കുവേണ്ടി,

**ചെയർപേഴ്സൺ**
**ഭദ്ര ബി.**
**ഡെപ്യൂട്ടി മേയർ**

കൊച്ചി-11
17.02.2014